Reg. No. C. 101, M. 2293.

ഒററപ്രതിക്ക 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | 1125 ഇടവം 10—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1950 മേയ് 24 | ലക്കം 37

## വി. അസീസിയുടെ മരണശാസനം*

സുധീരമായ ഒരു വാഗ്ദാനമാണ് നാം മൂന്നാംസഭയിൽ പ്രവേശിക്കുമ്പോൾ നമുക്കു ലഭിക്കുന്നത്. നാം ഇതിൻെറ നിയമങ്ങൾ അനുസരിക്കുന്നപക്ഷം നിത്യപറുദീസായാണ് നമുക്കു പറഞ്ഞൊത്തിരിക്കുന്നത്. ഇതു കേവലം ഔപചാരികമായ ഒരു വാഗ്ദാനമല്ല. പുണ്യാത്മാനത്തിൻെറ ഈ കളാലയത്തിൽനിന്നും നാം വിജയംവരിച്ചാൽ പുണ്യവാന്മാരുടെ നഗരവും ദൈവഭവനവുമായ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ നാം അർഹരാകുമെന്നുള്ളതിനു സംശയമില്ല.

(പ്രഫസ്സർ ശ്രീനിവാസൻ എം. എ. എൽ. ടി.)

ദൈവസ്ഥാപിതമാണ് കത്തോലിക്കാസഭ എന്നുള്ളതിനു സംശയമില്ല. എന്നാൽ അതിൻെറ അംഗങ്ങളായ നാം മനുഷ്യരാണല്ലോ. നീതിസൂര്യൻെറ ലേഖിൻെറ മുന്നോടിയും പ്രത്യാശയുമാണ് സത്യസഭ. എന്നാൽ സമരംചെയ്യുന്ന ഈ ലോകത്തിലെതിരുസഭയെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ പശ്ചാത്തലത്തിലും പരിധികൾക്കുള്ളിലുമാണ് സഭ അവളുടെ ഭാഗം അഭിനയിക്കേണ്ടത്. തന്മൂലം ഓരോകാലത്തും ദേശത്തും ആഞ്ഞടിച്ചിട്ടുള്ള കാററുകൾ തിരുസഭയെ കുറെയെല്ലാം സ്പർശിക്കാതെ ഇരിക്കുകയില്ല. കാലത്തിൻെറ അന്ത്യംവരെ തിരുസഭ നിൽക്കുമെന്നും "നരകകവാടങ്ങൾ അവളോടു ജയിക്കുകയില്ലെന്നും" നമുക്കുറപ്പുണ്ട്. എങ്കിലും വാസ്തവത്തിൽ ചരിത്രപരമായ കാരണങ്ങളാൽ ഐഹികമായ അവളുടെ സാഹചര്യങ്ങളിൽ തിരുസഭ ചില വ്യതിയാനങ്ങൾക്കു വിധേയയാണെന്നു നമുക്കറിയാം. പുരോഗതിയുടേയും വളർച്ചയുടേയും യുഗങ്ങൾ ഉണ്ടായിട്ടുള്ളതുപോലെ അധോഗതികളുടേയും അപകടങ്ങളുടേയും പല കാലങ്ങളും സഭയുടെ സുദീർഘചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. അതേ, കൊടുംകാററുകളും തിരമാലകളും പത്രോസിൻെറ ഈ തോണിയെ ആക്രമിച്ചു നശിപ്പിക്കുമെന്നും അപ്പോഴും ക്രിസ്തുനാഥൻ വള്ളത്തിനകത്തു ഉറങ്ങിക്കിടക്കുകയാണോ എന്നും തിരുസഭയുടെ സന്താനങ്ങൾ ഭയപ്പെട്ടിട്ടുള്ള സന്ദർഭങ്ങളും വിരളമല്ല.

താദൃശഘട്ടങ്ങളിൽ അരക്ഷണംകൊണ്ടു രക്ഷകൻ ഉറക്കം ഉണരുകയും കൊടുംകാററുകളെയും തിരമാലകളെയും ശാന്തമാക്കുകയും ചെയ്യുന്നു. തങ്ങൾ വെള്ളത്തിൽ താണുപോകുമെന്നു ഭയപ്പെട്ടു ശിഷ്യന്മാർ നിലവിളിക്കുമ്പോൾ ക്രിസ്തു ജലത്തിനു മീതെ നടന്നുവരികയും അല്പവിശ്വാസികളായ ശിഷ്യരെ ശാസിക്കുകയും ചെയ്യുന്നു. സുദീർഘമായ ഒരു ശീതകാലത്തിൻെറ അവസാനഘട്ടത്തിൽ തിരുസഭയുടെ അന്ത്യമായെന്നും മണ്ണിനടിയിൽകുഴിച്ചിടപ്പെട്ടുവെന്നും സഭയുടെ ശത്രുക്കൾ വിചാരിച്ചിരിക്കുമ്പോൾ അതാ രണ്ടാമതൊരു വസന്തം! ഒന്നിനു പുറകെ ഒന്നായി ആ പഴയതത്വങ്ങളു സ്ഥാപനങ്ങളും എല്ലാം ഒരു പുതിയ ജീവനോടും ചൈതന്യത്തോടുംകൂടി പ്രത്യക്ഷപ്പെടുന്നു. ക്രിസ്തു തൻെറ സഭയെ ഭരിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന രീതി ഇതാണ്.

സഭാപിതാക്കന്മാരെന്നു നാം വിളിച്ചുവരുന്ന മഹാപുണ്യവാന്മാരാണ് ദൈവം ഇതിലേക്കു തെരഞ്ഞെടുക്കുന്ന ഉപകരണങ്ങൾ. മൺമറയുകയും മററൊരു നാഗരികത വന്നു ജനിക്കുകയും ചെയ്ത ആ സുപ്രധാനകാലഘട്ടത്തിൽ പശ്ചിമയൂറോപ്പിലെ അപരിഷ്കൃതവർഗ്ഗങ്ങളുടെ ഇടയിൽ ഒരു പുതിയ ഭൂമിയേയും പുതിയ ആകാശത്തെയും സൃഷ്ടിക്കുന്നതിലേക്കു വി. ബനഡിക്ററിനെ ദൈവം അയച്ചു. അതുപോലെതന്നെ പതിനാറാം നൂററാണ്ടിൽ മാർട്ടിൻ



ലൂതറും അയാളുടെ അനുയായികളുംകൂടി ക്രൈസ്തവസഭയുടെ ഐക്യം നശിപ്പിക്കുകയും പല ജനതകളുടെ ഇടയിൽനിന്നും വിശ്വാസത്തിൻെറ വെളിച്ചം ഊതികെടുത്തുകയും ചെയ്തു. ഈ അവസരത്തിൽ മറുവശത്തു ഈ നഷ്ടങ്ങളെ പരിഹരിക്കുന്നതിനും ക്രിസ്തുവിനുവേണ്ടി പുതിയ വിജയങ്ങൾ നേടുന്നതിനുമായി ഇതാ ഏതാനും മഹാത്മാക്കൾ ഉയർന്നു വരുന്നതായി നാം കാണുന്നു. ഇഗ്നേഷ്യസ് ലയോള, അവിലായിലെ വി. ത്രേസ്യാ, വി. ഫ്രാൻസീസ് സേവ്യർ, ഫിലിപ്പ് നേരി മുതലായ മഹാ വിശുദ്ധന്മാർ അഭിനവയൂറോപ്പിലെ ക്രൈസ്തവസഭയുടെ അസ്ഥിവാരം ഉറപ്പിച്ച ഉന്നതാത്മാക്കളാണ്.

നമ്മുടെ പിതാവായ വി. ഫ്രാൻസീസ് അസീസി മുൻപറഞ്ഞപ്രകാരമുള്ള ഒരു സുപ്രധാന ചരിത്രഘട്ടത്തിലാണ് ഭൂമിയിൽ പ്രത്യക്ഷപ്പെട്ടത്. പന്ത്രണ്ടും പതിമൂന്നും നൂററാണ്ടുകളാണ് റിനൈസൻസിൻെറ വാസ്തവത്തിലുള്ള ആരംഭകാലവും. പൗരസ്ത്യദിക്കിൽനിന്നും ഉത്തരപ്രദേശത്തിൽനിന്നും ഉള്ള കാട്ടാളവർഗ്ഗക്കാരുടെ ആക്രമണം അവസാനിച്ചതേയുള്ളു. യൂറോപ്യൻ ജനതകൾ അവയുടെ യൗവനത്തിലാണ്. ക്ലാസ്സിക്കൽ കാലത്തിൻെറ ചാമ്പലിൽനിന്നും ഒരു നവ്യദീപനാളം ആളികത്തുന്നുണ്ട്. സ്കൂളുകൾ എല്ലാം സർവ്വകലാശാലകളായി മാറി. അറേബിക്കൽ ക്രോഡയിൽ അമന്ന സ്പെയിനിലെ വിദ്യാലയങ്ങളിൽനിന്നും ഗ്രീക്ക് തത്വശാസ്ത്രം പുതിയ ദിഗ്വിജയങ്ങൾക്കു പുറപ്പെട്ടിരിക്കുകയാണ്. സഭയും രാഷ്ട്രവും തമ്മിലുള്ള വടംവലി ഒരു പുതിയ ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. ദക്ഷിണഫ്രാൻസിൽനിന്നും ഒരു നവീനസാഹിത്യപ്രസ്ഥാനവും ആൽബിജൻസ്യൻ ഹെറിസിമവും കൈകോർത്തുപിടിച്ചു മുന്നോട്ടു വന്നതും ഈ കാലഘട്ടത്തിലായിരുന്നു. ആരിയൻ പാഷണ്ഡതയുടെ ഉയർച്ചയ്ക്കുശേഷം തലപൊക്കിയ ഏററവും അപകടകരമായ ഹെറിസിമമായിരുന്നു ഇത്. തിരുസഭയിൽ കുടികൊണ്ടിരുന്ന ക്രിസ്തീയചൈതന്യത്തിനു അപകടകരമായ ഒരു കാലയളവായിരുന്നു അത്. തിരുസഭയ്ക്കു അന്നു അധികാരവും പ്രതാപവും ഉണ്ടായിരുന്നു; ശരിതന്നെ. പക്ഷേ ഭരിക്കുന്നതിനല്ല സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുംവേണ്ടി ഭൂമിയിലേക്കു വന്ന ആ ദിവ്യനാഥൻെറ പ്രതിച്ഛായ തിരുസഭയിൽനിന്നും മാഞ്ഞുകളയുമെന്നു ഇതേ അധികാരവും പ്രതാപവും ഭീഷണിപ്പെടുത്തിയിരുന്നു. അധികാരം ധനം, മേധാശക്തി ഇവ അന്നു സഭയ്ക്കുണ്ടായിരുന്നു. എന്നാൽ മറുവശത്തുകൂടി സഭയുടെ ശത്രു കോട്ടയ്ക്കുള്ളിൽ കയറിക്കഴിഞ്ഞിരുന്നുതാനും.

രണ്ടു മഹാ പുണ്യവാന്മാരെ ലോകത്തിലേക്കു അയക്കാൻ ദൈവം തിരുമനസ്സായതു ഇക്കാലത്താണ്—വിശുദ്ധ ഡോമിനിക്കും വി. ഫ്രാൻസിസ് അസിസിയും. വി. ഡോമിനിക് എല്ലാം ബുദ്ധിമാന്മാരെയും ക്രിസ്തുവിങ്കലേക്കു ആകർഷിച്ചെങ്കിൽ "എൻെറ നുകം ലഘുവും മാധുര്യമുള്ളതുമാകുന്നു" എന്നരുളിച്ചെയ്ത ആ തച്ചിലയൻെറ ചേവടികളിലേക്കു സകല ഹൃദയങ്ങളേയും ആനയിക്കുക എന്നുള്ളതായിരുന്നു അസിസിയുടെ ദൌത്യം.

പ്രീതിയ ക്രിസ്തുവായ വി. ഫ്രാൻസിസിൻെറ ദൌത്യം ഇതാണ്. ക്രിസ്തുവിൻെറ സുവിശേഷത്തിൻെറ ലാളിത്യവും മനോഹാരിതയും അക്കാലത്തെ ക്രിസ്തീയസ്ഥാപനങ്ങളുടെ ആഡംബരപ്രിയതാലും മററും ഒന്നു മങ്ങിപ്പോയിരുന്നു. തിരുസഭ മനുഷ്യസ്ഥാപിതമായ ഒരു മതമായിരുന്നെങ്കിൽ അതു ഒരുവക 'ലാമായിസ'മായിത്തീരുമായിരുന്നു. ഇങ്ങനെ ക്രിസ്തുവിൻെറ ദിവ്യസന്ദേശമായ പൊന്നാണയത്തിൻെറമേൽ മനുഷ്യർ കൂട്ടിയിരുന്ന ചെളിയും ഇരുമ്പും തുടച്ചുമാററി തൻെറ തലമുറയ്ക്കു ആ സന്ദേശത്തിൻെറ യഥാർത്ഥനിറവും സ്വരവും മനസ്സിലാക്കിക്കൊടുക്കുക എന്നതായിരുന്നു അസിസിയുടെ ജീവിതദൌത്യം. പരമാർത്ഥം പറഞ്ഞാൽ ഓരോ വിശുദ്ധൻേറയും വിശുദ്ധയുടേയും ദൌത്യം ഇതുതന്നെയാണ്. സാധാരണക്കാർ പരിപൂർണ്ണതയ്ക്കുള്ള ഉപദേശങ്ങളായിമാത്രം വീക്ഷിക്കുന്നവ

(ശേഷം 12-ാം പേജിൽ)

* കോട്ടയത്തുവച്ചു 14-5-50-ൽ നടത്തിയ പ്രസംഗം




# ഒരു അറബിക്കഥ

"നിങ്ങൾ തെററിദ്ധരിക്കേണ്ട.........മദ്യപാനികൾ ദൈവരാജ്യം കരസ്ഥമാക്കുകയില്ല." (1. കൊറി. VI-9, 10).

വീഞ്ഞിന്റെ കണ്ടുപിടുത്തത്തെപ്പററി അറബികളുടെയിടയിൽ പ്രചുരപ്രചാരമുള്ള ഒരു പഴങ്കഥ ഏതാണ്ടീ പ്രകാരമാണ്: പണ്ടുകാലത്തു് ആദവും ഹവ്വായും പറുദീസായിലെ ആനന്ദത്തിൽ ആറാടിക്കൊണ്ടിരുന്നപ്പോൾ ഒരുദിവസം ഹവ്വാ ആദത്തോടു ഇപ്രകാരം ചോദിച്ചു: "നിങ്ങൾ എന്താണ് ഈ തോട്ടത്തിൽതന്നെ എപ്പോഴും സമയം ചെലവഴിക്കുന്നതു്? തോട്ടത്തിനു പുറമെയുള്ള ലോകത്തിൽ എന്തൊക്കെയാണുള്ളതെന്നു് ഒന്നുപോയി നോക്കിക്കൂടേ?" അങ്ങനെ ആദം പറുദീസയിൽനിന്നും പുറത്തുപോയി ചില പരിശോധനകൾ നടത്തി. തൽഫലമായി പറുദീസായിൽ ഇല്ലാത്ത ഒരു ചെടി അയാൾ കണ്ടുപിടിച്ചു. അതു മുന്തിരിച്ചെടിയായിരുന്നു. അയാൾ കുറെ പച്ചമുന്തിരി ശേഖരിച്ചു് ഹവ്വായ്ക്കു കൊടുത്തു; അവൾ സംപ്രീതയായി. തന്നിമിത്തം ആ ചെടിയെ നനച്ചു് ശുശ്രൂഷിക്കണമെന്നു് ആദം തീർച്ചയാക്കി. ഒരുദിവസം മുന്തിരിച്ചെടി ചൂടുകൊണ്ടു വാടി നിൽക്കുന്നതായി അയാൾ കണ്ടു. എവിടെനിന്നാണു് കുറച്ചു വെള്ളം കിട്ടുക എന്നാലോചിച്ചു നില്ക്കുമ്പോൾ ഒരു കുരങ്ങു് ആ വഴിയേ വന്നു. ആദം അതിനെ പിടിച്ചു കൊന്നു് അതിന്റെ രക്തംകൊണ്ടു ചെടിയെ നനച്ചു. മറ്റൊരിക്കൽ ആ ചെടി വാടിനിൽക്കുമ്പോൾ ആ വഴിയേ വന്ന ഒരു മയിലിനെ കൊന്നു് അതിന്റെ രക്തംകൊണ്ടു് ആദം ആ ചെടി നനച്ചു. മൂന്നാം പ്രാവശ്യം ഒരു സിംഹത്തിന്റെ രക്തമാണു നനയ്ക്കുവാൻ ഉപയോഗിച്ചതു്. നാലാം തവണയാകട്ടെ ഒരു പോക്കിന്റെ രക്തത്താലാണ് ആ ചെടി സേചനംചെയ്യപ്പെട്ടതു്. അങ്ങനെ വേനൽ കഴിഞ്ഞു. മുന്തിരി തഴച്ചുവളർന്നു. ഒരു ദിവസം ചുവന്നു പഴുത്തുനിർമുററിയ മുന്തിരിക്കുലകൾ തൂങ്ങിക്കിടക്കുന്നതുകണ്ടു് ആദവും ഹവ്വായും സന്തോഷനിമഗ്നരായി. അവർ അവ ഒരു പാത്രത്തിൽ സംഭരിച്ചു സൂക്ഷിക്കയും അവയിൽനിന്നു ഊറിവന്ന നീരു കുടിക്കയും ചെയ്തു. ഇപ്രകാരമാണത്രെ വീഞ്ഞിന്റെ ആവിർഭാവം. ഈ പഴങ്കഥ വലിയൊരു സന്മാർഗ്ഗപാഠത്തെ ഉൾക്കൊള്ളുന്നുണ്ടു്. വീഞ്ഞിന്റെ നിർമ്മാണത്തിൽ നാലു മൃഗങ്ങളുടെ രക്തം പങ്കുവഹിക്കുന്നുണ്ടല്ലോ. രക്തത്തിൽക്കൂടി സ്വഭാവവും പകരുന്നുവെന്നുള്ളതു് പ്രകൃതിനിയമവുമാണ്. അതുകൊണ്ടു് ഒരു കപ്പി—സൗകര്യത്തിനുവേണ്ടി ഒരളവു നിശ്ചയിച്ചെന്നുമാത്രം—വീഞ്ഞു് (ലഹരിപദാർത്ഥം) പാനംചെയ്താൽ ഒരു കുരങ്ങനെപ്പോലെ പല്ലിളിച്ചുകൊണ്ടു് ഓടിച്ചാടും; രണ്ടു കപ്പിയായാൽ ഒരു മയിലിനെപ്പോലെ ഞെളിഞ്ഞു നടക്കും; മൂന്നു കപ്പിയായാൽ ഒരു സിംഹത്തെപ്പോലെ അലറുകയും മററും ചെയ്യും; നാലു കപ്പിയായാൽ പോക്കിനെപ്പോലെ ചെളിയിൽ കിടന്നുരുളും. അമിതമായ മദ്യപാനംമൂലം മനുഷ്യൻ ഒരു മൃഗമായിത്തീരുന്നുവെന്നു അന്യാപദേശമാർഗ്ഗേണ ഈ കഥ നമ്മെ ഉൽബോധിപ്പിക്കുന്നു.

അമിതമായ മദ്യപാനം ഒരു പാപമാണെന്നും പരമാർത്ഥമായ ഹൃദയതാപത്തോടും മേലിൽ ചെയ്കയില്ലെന്നുള്ള പ്രതിജ്ഞയോടുംകൂടി കുമ്പസാരത്തിൽ അതു് ഏററുപറയേണ്ടതാണെന്നും പലരും മനസ്സിലാക്കിട്ടില്ലെന്നു തോന്നുന്നു. അതിലും വിശേഷിച്ചു്, മദ്യപാനംമൂലം ബോധരഹിതനായിത്തീരുന്നതു് ചാവുദോഷവുംകൂടിയാണ്. അതായതു് മദ്യപിച്ചു പ്രജ്ഞാരഹിതനാകയും ബുദ്ധിയുപയോഗിക്കുവാൻ തീരെ അശക്തനായിത്തീരുകയും ഈ നില കുറെ സമയം നീണ്ടുനിൽക്കുകയും ചെയ്യുമ്പോൾ മദ്യപാനം ചാവുദോഷമായിത്തീരുന്നു. സുബോധം വരുമ്പോൾ മുമ്പു ചെയ്ത പ്രവൃത്തികൾ അവനു ഓർമ്മയില്ല. നന്മതിന്മകളെ തിരിച്ചറിവാൻ മാത്രമല്ല കൺമുമ്പിലുള്ള ഒരു സാധനം ഇന്നതാണെന്നു മനസ്സിലാക്കുവാൻ പോലുമുള്ള ബോധവും അവനില്ല. അവൻ മുള്ളുവേലിയോടും വൈക്കോൽത്തുറുവിനോടും എതിർക്കയും പോർക്കിനേയും കുഞ്ഞുങ്ങളേയും സ്വകളത്രപുത്രാദികളെന്നുവിചാരിച്ചു് കെട്ടിപ്പുണരുകയും വെള്ളയടിച്ച സർവ്വേക്കല്ലു വെള്ളത്ത പൂച്ചയാണെന്നു സങ്കല്പിച്ചു് മാർജ്ജാരവിധ്വംസനത്തിനായി കോപ്പുകൂട്ടുകയും ചെയ്യുന്നു! മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതു് അവന്റെ വിശേഷബുദ്ധിയാണ്. അമിതമായി മദ്യപിക്കുമ്പോൾ അവൻ ഈ ദൈവദാനത്തെ അല്പസമയത്തേക്കെങ്കിലും നശിപ്പിച്ചുകളയുന്നു. കൈകാലുകളോ മററവയവങ്ങളോ വെറുതെ ഛേദിച്ചുകളയുന്നതു പാപമല്ലേ? അങ്ങനെയെങ്കിൽ അവയെക്കാൾ ഉൽകൃഷ്ടമായ ഒരു ശക്തിവിശേഷത്തെ നശിപ്പിച്ചുകളയുന്നതു ഭയങ്കരതിന്മയല്ലേ? ഇതിനുംപുറമെ മദ്യപാനി പ്രകൃതിനിയമത്തെ കീഴ്മേൽ മറിക്കുന്നു. സാധാരണനിലയിൽ ശരീരവും തൽപ്രവൃത്തികളും ബുദ്ധിക്കു കീഴ്പ്പെട്ടിരിക്കണം; അതാണ് പ്രകൃതിനിയമം. എന്നാൽ കള്ളുകുടിച്ചു് ബോധരഹിതനായിത്തീരുമ്പോൾ ഈ ക്രമത്തിനു് ഒരു തകിടംമറിച്ചിൽ സംഭവിക്കുന്നു. നിർജ്ജീവമായ ബുദ്ധിയുടെമേൽ മൃഗീയത കയറിയിരുന്നു ഭയാനകങ്ങളായ കോപ്രായങ്ങൾ കാട്ടിക്കൂട്ടുന്നു. തദ്വാരാ മദ്യപാനം പ്രകൃതിവിരുദ്ധമായ ഒരു പാപംകൂടിയായിത്തീരുന്നു. ചിലർക്കു് ഒരു തെററിദ്ധാരണയുണ്ടു്. അമിതമായി മദ്യപാനം ചെയ്താലും മററുള്ളവർക്കു യാതൊരു ശല്യത്തിനുമിടയാക്കാതെ വെറുതെ ഒരു സ്ഥലത്തു് അടങ്ങിയൊതുങ്ങി കിടന്നുറങ്ങിയാൽ യാതൊരു പാപവുമില്ലെന്നു് അവർ വിചാരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ, സുബോധം നഷ്ടപ്പെട്ടു് ആ സ്ഥിതിയിൽ കുറേ സമയം നിലനിന്നാൽതന്നെ മേലുദ്ധരിച്ച കാരണങ്ങൾകൊണ്ടു് അതു ചാവുദോഷമായിത്തീരുന്നു. അതോടുകൂടി മററുപാപാക്രമങ്ങൾ പ്രവർത്തിച്ചാൽ പാപങ്ങളുടെ എണ്ണം വർദ്ധിക്കയും മദ്യപാനത്തിന്റെ ഗൗരവം കൂട്ടുകയും ചെയ്യുമെന്നുമാത്രമേയുള്ളു.

നമ്മുടെ നാട്ടിൽ മദ്യനിരോധനം വളരെ കുറച്ചു സ്ഥലത്തു മാത്രമേ നടപ്പാക്കിയിട്ടുള്ളു. ഇന്നത്തെ സാഹചര്യങ്ങളിൽ അതു് കൂടുതൽ പ്രദേശങ്ങളിലേക്കു വ്യാപിപ്പിക്കുമെന്നു് പ്രതീക്ഷിക്കാവുന്നതുമല്ല. മദ്യനിരോധനമില്ലാത്ത പ്രദേശങ്ങളിൽ മദ്യപാനാസക്തി പരിതാപകരമായ തോതിൽ വർദ്ധിച്ചുവരുന്നുണ്ടു്. വ്യക്തിപരമായ സുരപാനത്തിനു പുറമെ സാമുദായിക ചടങ്ങുകളിലും സുഹൃൽസമ്മേളനങ്ങളിലും മദ്യപ്പിശാചിന്റെ പ്രമുഖാട്ടഹാസങ്ങൾ മാറ്റൊലിക്കൊള്ളുന്നുണ്ടു്. "മൂക്കു പിഴിഞ്ഞാൽ മുന്നാഴി" എന്ന മട്ടിൽ മദ്യപാനവും കഴിഞ്ഞുവരുന്ന ഒരുവന്റെ ചിത്രം ഭയനീയം തന്നെ. ഒരു തരി ബോധമില്ല; മദ്യത്തിന്റെ മണം ചുററും വമിക്കുന്നു. അസഭ്യവാക്കുകൾ അവൻ പുലമ്പുന്നു. മര്യാദയുള്ള സ്ത്രീകൾക്കും, പുരുഷന്മാർക്കുപോലും അയാളുടെ സമീപേ കടന്നുപോകുവാൻ സാദ്ധ്യമല്ല. അവൻ ചിരിക്കുന്നു, അലറുന്നു, ആടുന്നു, പാടുന്നു, ചാടുന്നു, കളിക്കുന്നു. അവന്റെ കാലുകൾ ഇടറുന്നു. നിൽക്കാൻ ശക്തിയില്ലാതെ വേലിയിന്മേലോ കാനയിലോ അവൻ വീഴുന്നു. ചെളിപുരണ്ടു് അവൻ അവിടെത്തന്നെ കിടക്കുന്നു. ഈ സ്ഥിതിയിൽ ആ മനുഷ്യനും ഒരു പോക്കും തമ്മിൽ എന്താണു വ്യത്യാസം? കൈയിലിരിക്കുന്ന കാശുകൊടുത്താണ് ഇപ്രകാരം ഒരു മൃഗമായിത്തീരുന്നതു്! "മനുഷ്യൻ അവന്റെ മാഹാത്മ്യം മനസ്സിലാക്കാതെ മൃഗങ്ങളോടു സമനായിക്കരുതുകയും ഒരു മൃഗമായിത്തീരുകയും ചെയ്തിരിക്കുന്നു" എന്നു് സങ്കീർത്തനക്കാരനോടുകൂടി നമുക്കും വിലപിക്കാം. അവൻ വീട്ടിലെത്തുമ്പോഴത്തെ സ്ഥിതി ഇതിലും കഷ്ടമാണ്. ഭാര്യയേയും കുട്ടികളേയും അവൻ നിർദ്ദയം അടിക്കയും ചവിട്ടുകയും ചെയ്യുന്നു. പട്ടിണികൊണ്ടു് എല്ലും തോലുമായ ആ സാധുസ്ത്രീകളും കുട്ടികളും എന്തുചെയ്യും? കിട്ടിയ കാശു മുഴുവനും കള്ളുകുടിച്ചു കളഞ്ഞശേഷം വീട്ടിൽ വരുമ്പോൾ കഞ്ഞിയും ചോറും എങ്ങനെയാണുണ്ടാകുക? അതിനു ഭാര്യയേയും കുട്ടികളേയും അസഭ്യംപറകയും അടിക്കയും പാത്രങ്ങൾ തല്ലിയുടയ്ക്കുകയും ചെയ്തതുകൊണ്ടു് എന്തു പ്രയോജനം? അങ്ങനെ ആ കുടുംബത്തിൽ ഒരു ചെറിയ നരകം അവൻ സൃഷ്ടിക്കുന്നു. കണ്ണുനീരിന്റെയും പട്ടിണിയുടെയും ശോകനിർഭരമായ ഒരു രംഗം മാത്രമാണ് ആ വീട്. പണക്കാരൻ മദ്യപാനംമൂലം പാപ്പരായിത്തീരുകയും പുത്രകളത്രാദികളെ വഴിയാധാരമാക്കയും ചെയ്തിട്ടുള്ള സംഭവങ്ങളും കുറവല്ല. എത്രയെത്ര നല്ല മനുഷ്യർ മദ്യപാനംമൂലം മോശമായ ജീവിതം നയിച്ചുവരുന്നു. എത്രയെത്ര നല്ല കുടുംബങ്ങൾ ഇതുമൂലം നശിച്ചുപോയിരിക്കുന്നു!

അമിതമായ മദ്യപാനം ചാവുദോഷമാണെന്നു പറഞ്ഞുകഴിഞ്ഞു. എന്നാൽ അതിനുപുറമെ ഒരു മദ്യപാനി മററുള്ളവർക്കു വരുത്തിവെക്കുന്ന കഷ്ടപ്പാടുകൾക്കുംകൂടി കണക്കു പറയേണ്ടിവരുമെന്നുള്ളതു് ഗൗരവാവഹമായ ഒരു കാര്യമാണ്. അയാൾമൂലം പട്ടിണികിടക്കേണ്ടിവരികയും അടിയും താഡനങ്ങളുംമാറും സഹിക്കേണ്ടിവരികയും ചെയ്ത കളത്രപുത്രാദികൾ അയാളുടെ ക്രൂരതയ്ക്കും അക്ഷന്തവ്യമായ കൃത്യവിലോപത്തിനും സാക്ഷികളാകയില്ലേ? അവരെ സംരക്ഷിക്കേണ്ടതായ ചുമതല അയാൾക്കില്ലേ? ഒരു മദ്യപാനി തന്റെ അരുമസന്താനങ്ങൾക്കു നൽകുന്ന ദുർമാതൃകയെപ്പററി എന്തുപറയട്ടെ. അയാളുടെ വാക്കുകളും ചേഷ്ടകളും അവരെ നരകത്തിലേക്കല്ലേ ആനയിക്കുക? അവർ പിതാവിന്റെ മദിരാസേവവേളയിൽ കണ്ണുകളും ചെവികളും പൊത്തുന്നു; മൃഗതുല്യനും ഏവരുടേയും പരിഹാസപാത്രവുമായിത്തീർന്നിട്ടുള്ള തങ്ങളുടെ പിതാവിനെക്കുറിച്ചു് അവർ ലജ്ജിക്കുന്നു; ഹൃദയം വെന്തുനീറുന്നു; ചുടുകണ്ണുനീർ പൊഴിക്കുന്നു; പലരും ക്രമേണ അപ്പൻ പോയ വഴിക്കുതന്നെ പോകുന്നു. മദ്യപനായ അപ്പന്റെ മകൻ പെരുംകുടിയനായിത്തീരുന്നു. വഴക്കുകൾ, അടികലശൽ, കൊലപാതകം എന്നിവയ്ക്കു് അയാൾ ഉത്തരവാദിയായിത്തീരുന്നു. അവമാനിതകളായ സ്ത്രീകളും അയാൾക്കെതിരായി സാക്ഷ്യം വഹിക്കും. ആരോഗ്യം നശിച്ചു് അകാലമരണമടയുന്നതിനും അയാൾതന്നെ കാരണമായിത്തീരുന്നു. ബോധമില്ലാതെ പ്രവർത്തിച്ചുപോകുന്നതുകൊണ്ടു് ഈ കുററങ്ങൾക്കു് ഒരിക്കലും ലാഘവമില്ല. കാരണം, ബോധരാഹിത്യത്തിനും പരിപൂർണ്ണമായ ഉത്തരവാദിത്വം അയാൾക്കുതന്നെയാണുള്ളതു്.

മദ്യപാനി പ്രാർത്ഥനയിൽ വിരസനായിരിക്കും. കുടുംബപ്രാർത്ഥനയിൽ അയാൾ സംബന്ധിക്കാറില്ല. ആദ്ധ്യാത്മികകാര്യങ്ങളെക്കുറിച്ചു് കേൾക്കുവാൻ അയാൾക്കിഷ്ടമില്ല. കുമ്പസാരവും കുർബാനയും ക്രമേണ ഉപേക്ഷിച്ചുതുടങ്ങും. നാനാതരത്തിലും പാപച്ചെളിയിൽ അയാൾ മുഴുകുന്നു. ഒരുവൻ മദ്യപാനിയായിത്തീർന്നാൽ പിന്നെ പിശാചിനു് അവനെക്കുറിച്ചു് യാതൊരു ഉൽക്കണ്ഠയ്ക്കും അവകാശമില്ല. കാരണം അമിതമായ മദ്യപാനം ആരിൽ ഉണ്ടോ അവനിൽ മറെറല്ലാം പാപങ്ങളും അനുബന്ധമെന്നോണം ഉണ്ടായിരിക്കും. അസഭ്യങ്ങൾ, അധികാരികളെ പുച്ഛിക്കൽ, ദൈവദൂഷണങ്ങൾ, മററുള്ളവരെക്കുറിച്ചുള്ള അധിക്ഷേപങ്ങൾ എന്നിങ്ങനെ നാവുകൊണ്ടുള്ള എല്ലാ പാപങ്ങളിലും അവൻ പതിക്കുന്നു. തൽഫലമായി വഴക്കുകളും കൊലപാതകങ്ങളും സംഭവിക്കുന്നു. മഹാനായ അലക്സാന്തർ വീഞ്ഞു കുടിച്ചു് ഉന്മത്തനായപ്പോൾ തന്റെ ആത്മസുഹൃത്തും തന്റെ ജീവനെ രക്ഷിച്ചവനുമായ ക്ലീററസിനെ കുന്തംകൊണ്ടു കുത്തി കൊന്നുകളഞ്ഞു. മദ്യപൻ വീട്ടിൽ കാട്ടിക്കൂട്ടുന്ന മൃഗീയതകളെപ്പററി പറഞ്ഞുകഴിഞ്ഞു. അശുദ്ധപാപത്തെപ്പററി പറകയാണെങ്കിൽ മദ്യപാനികൾ ഭൂരിപക്ഷവും അതിനടിമകളാണ്. രഹസ്യവും പരസ്യവുമായ മദ്യശാലകളും പരിസരങ്ങളും അശുദ്ധതയുടെ താണ്ഡവരംഗങ്ങളായി പരിണമിക്കുന്നു. സോദോമിലെ അശുദ്ധിയിൽനിന്നു് രക്ഷപ്രാപിച്ച ലോത്തു് മദ്യപാനംമൂലം അതിലും വലിയ അശുദ്ധിയിൽ നിപതിച്ചു. ഇങ്ങനെ നോക്കുമ്പോൾ പിശാചിനു് ഈ ലോകത്തിൽ ഏററവും വിശ്വസ്തനായ ഏജൻറ് മദ്യമാണ്. ഈ ഏജൻറിന്റെ മാസ്മരവലയത്തിൽ ഒരുവൻ കുടുങ്ങിപ്പോയാൽ പിശാചിനു് സംതൃപ്തനായി കൈകെട്ടിയിരിക്കാം. നാരകീയകൃത്യങ്ങൾ അനുസ്യൂതം തുടർന്നുകൊള്ളും. തന്നിമിത്തം മദ്യത്തിനു് "പിശാചിന്റെ പാനീയം" (Devil's Drink) എന്നു് സംജ്ഞ നൽകുന്നതിൽ അസാംഗത്യമില്ലെന്നു തോന്നുന്നു.

(ജെ. ചെമ്മണ്ണൂർ)

→ ഏററവും നല്ല
• ഹാഫ്ടോൺ
• കളർ
• ലൈൻ
• സ്റ്റീറിയോ
ബ്ലോക്കുകൾ
• റബ്ബർസ്റ്റാമ്പ്
• സിനിമാസ്ലൈഡ്
ഇവയ്ക്ക്, എപ്പോഴും
↓
മാർ ലൂയീസ്
മെമ്മോറിയൽ പ്രസ്
ബ്ലോക്ക
സ്റ്റുഡിയോ
ബ്രോഡ്വേ,
എറണാകുളം

സെൻറ് അലോഷ്യസ്
ബോർഡിങ്ങ് ഹൗസ്
മാന്നാനം
നവീന സജ്ജീകരണങ്ങളോടുകൂടി ജൂൺ 5-ാം തിയതി മുതൽ ആരംഭിക്കുന്നതാണ്.
പ്രസ്തുത ബോർഡിങ്ങിൽ ചേർന്നു പഠിക്കുവാനുദ്ദേശിക്കുന്ന വിദ്യാർത്ഥികൾ മേയ് 30-നകം അപേക്ഷകൾ അയച്ചിരിക്കണം. കത്തോലിക്കാ വിദ്യാർത്ഥികൾക്കു മാത്രമെ പ്രവേശനമുള്ളു.
വിശദവിവരങ്ങൾക്കു് എഴുതി ചോദിക്കുക.
എന്നു് Fr. James T. O. C. D.
Rector
Boarding House, Mannanam.

വിൻസെൻറു ഡി പോൾ സഖ്യം 5

# സന്തോഷഭരിതരായിരിക്കുക

സെൻറു വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ പ്രഥമയോഗങ്ങൾ സന്തോഷനിർഭരങ്ങളായിരുന്നു. പരസ്പരം പരിചിതരായിരുന്ന ഏതാനും അംഗങ്ങൾമാത്രം ഉണ്ടായിരുന്ന ആ യോഗങ്ങൾ അത്യന്തം സന്തോഷപൂരിതമായിരുന്നു. ആ സന്തോഷമനോഭാവം ഇന്നും സഖ്യത്തിൻെറ യോഗങ്ങളിൽ തുടർന്നുവരുന്നു. യുവാക്കന്മാരുടെ ഇടയിൽ സന്തോഷവും ഉന്മേഷവും സന്മനസ്സും ഏവരും പ്രതീക്ഷിക്കുന്നതാണു്. എന്നാൽ കേവലം സ്വാഭാവികമായ ഈ സന്തോഷമല്ല സെൻറു വിൻസെൻറു ഡി പോൾ സംഘാംഗങ്ങൾക്കുണ്ടായിരിക്കേണ്ടതു്. അവരുടെ സന്തോഷം അതിലും ഉപരിയായി ക്രിസ്തീയമായിരിക്കണം. അതിസ്വാഭാവികമായ അടിസ്ഥാനത്തിന്മേൽ അധിഷ്ഠിതമായിരിക്കണം അവരുടെ സന്തോഷം. തിന്മകളുടെ ശക്തികളെ ക്രിസ്തുനാഥൻ പരിപൂർണ്ണമായി വിജയിച്ചുവെന്നും, ദൈവത്തിൻെറ മക്കളുപുത്രന്മാരാകേണ്ട നിലയിൽ ക്രിസ്തുവിൻെറ വിജയമഹിമാവിൽ നാം ഭാഗഭാക്കുകളാകുന്നുവെന്നുമുള്ള ജ്ഞാനമാണു് പ്രസ്തുത സന്തോഷത്തിൻെറ നിദാനം. ആകയാൽ ക്രിസ്തുവുമായുള്ള ഐക്യംവഴി ആത്മാവിനു ലഭിക്കുന്ന ഒരു ഗുണമാണതു്. "ഞാൻ നിങ്ങളെ വീണ്ടും കാണും, അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും; നിങ്ങളുടെ സന്തോഷം യാതൊരുത്തനും നിങ്ങളിൽനിന്നും എടുത്തുകളയുകയില്ല... ......ധൈര്യമായിരിക്കുക, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു," എന്നാണു് ദിവ്യനാഥൻ തൻെറ ശിഷ്യരോടു് അരുളിച്ചെയ്തിരിക്കുന്നതു്.

ഇന്നു ക്രിസ്തുവിനും അവിടുത്തെ പരിശുദ്ധ മതത്തിനും എതിരായി പലവിധശക്തികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നു. ക്രിസ്തുമതവിരുദ്ധമായ ശക്തികളിൽ സർവ്വപ്രധാനമായതു കമ്മ്യൂണിസമാണു്. പൗരസ്ത്യ യൂറോപ്യൻ രാജ്യങ്ങളിൽനിന്നും മതത്തോടാഭിമുഖ്യമില്ലാത്ത ഉച്ചാടനംചെയ്യാൻ കമ്മ്യൂണിസ്റ്റുശക്തികൾ ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്നു. ആകയാൽ ക്രിസ്തുവിൻെറ രാജ്യത്തിനുവേണ്ടി ഇഹത്തിൽ ആയോധനംചെയ്യുന്നവർ അവിടുന്നു ലോകത്തെ പരിപൂർണ്ണമായി വിജയിച്ചിരിക്കുന്നു എന്ന വിശ്വാസത്തിൽ ധൈര്യം തേടണം. ക്രിസ്തുവിൻെറ ഭരണം ലോകംമുഴുവൻ കൈവരുവാൻവേണ്ടി ഓരോരുത്തനും യഥാശക്തി പരിശ്രമിക്കണം. ഒരുവൻെറ ജീവിതകാലത്തു ഇതു സാദ്ധ്യമായി എന്നു വരുന്നതല്ല. പക്ഷേ ഓരോരുത്തനും അവനവൻെറ ജീവിതകാലത്തും തലമുറയിലും ക്രിസ്തുവിൻെറ രാജ്യം പരക്കുന്നതിനുവേണ്ടി അത്യദ്ധ്വാനം ചെയ്യുക എന്നുള്ളതാണു് അത്യധികം പ്രാധാന്യമേറിയ കാര്യം. ക്രിസ്തുവിൻെറ അന്ത്യവിജയത്തിൽ അവരുടെ നാമങ്ങൾ എടുത്തുക്കമായി അനുസ്മരിക്കപ്പെടും.

സെൻറു വിൻസെൻറു ഡി പോൾ കോൺഫറൻസുകളുടെ പ്രധാനലക്ഷ്യം അതിൻെറ അംഗങ്ങളെ സത്യവിശ്വാസത്തിൽ പരിരക്ഷിക്കുകയും അന്യരെ അതിലേക്കു് ആനയിക്കുകയും ചെയ്യുക എന്നതത്രേ. ഇങ്ങനെ ക്രിസ്തുവിൻെറ ഭരണം കൈവരുത്തുന്നതിനുള്ള സമരത്തിൽ സഖ്യം ഗാഢമായി പങ്കെടുത്തുകൊണ്ടിരിക്കുന്നു. ആകയാൽ വിഷമങ്ങളും എതിർപ്പുകളും ബുദ്ധിമുട്ടുകളും ഉണ്ടായിക്കൊണ്ടിരുന്നാലും അതിൻെറ കർത്തവ്യത്തെപ്പററിയുള്ള ചിന്തയിൽ അപ്പസ്തോലന്മാരെപ്പോലെ സഖ്യവും സന്തോഷിക്കണം. ക്രിസ്തുവിൻെറ നാമത്തെപ്രതി ക്ലേശങ്ങൾ സഹിക്കാൻ സാധിച്ചതിൽ അപ്പസ്തോലന്മാർ സന്തോഷിച്ചു ഇതാണു ലോകത്തെ കീഴടക്കുന്ന വിജയം—നമ്മുടെ വിശ്വാസം."

സന്തോഷത്തിൻെറ ഒരു പ്രധാന ഫലം അതിനു വിധേയമായിരിക്കുന്ന ഹൃദയത്തെ വികസിപ്പിക്കുക എന്നതാണു്. ഇങ്ങനെ സന്തോഷത്താൽ വികസിതമായ ഒരു ഹൃദയം ആ സന്തോഷത്തെ അന്യരിലേക്കും പകരുകയും അങ്ങനെ സന്തുഷ്ടചിത്തനായ ഒരുവൻ തൻെറ പരിസരവാസികളെ സന്തുഷ്ടരാക്കിത്തീർക്കുകയും ചെയ്യുന്നു. സന്തോഷം ഹൃദയത്തിൻെറ വികാസത്തിൽനിന്നും ഉണ്ടാകുന്നു എന്നു് സാത്വികപ്രമുഖനായ വിശുദ്ധ തോമസ് അക്വീനാസ് പറയുന്നു. "സാധുക്കൾക്കു് ഏററം അധികം സഹായം പ്രദാനം ചെയ്യുന്നതു് സന്തോഷപൂർവ്വം പരസ്നേഹപ്രവൃത്തികളിൽ ഏർപ്പെടുന്ന കോൺഫറൻസുകളാണു്" എന്നത്രെ വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ രണ്ടാമത്തെ പ്രസിഡണ്ടു ജനറൽ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

കോൺഫറൻസു മീററിംഗുകളിൽ ഉദാസീനതയ്ക്കോ ദുഃഖമനോഭാവത്തിനോ സ്ഥാനമുണ്ടായിരിക്കരുതു്. ദുഃഖാവിഷ്ടമായ ഒരു ഹൃദയത്തിൽനിന്നും യഥാർത്ഥമായ ദൈവശുശ്രൂഷാസവനത്തിൻെറയോ സാധുജനശുശ്രൂഷാസവനത്തിൻെറയോ ചൈതന്യം നിർഗ്ഗമിക്കുക സാദ്ധ്യമല്ല. അലസവും മ്ലാനവുമായ ഒരു കോൺഫറൻസു മീററിങ്ങിൽവച്ചു് കാര്യമായ ഒന്നും തന്നെ ചെയ്യാൻ സാധിക്കയില്ല. യുവജനങ്ങളുടെ ഹൃദയത്തെ ആകർഷിക്കുവാൻ അത്തരം മീററിംഗുകൾക്കു സാദ്ധ്യമല്ല. ജീവനും ഔജ്ജ്വല്യവും മീററിംഗുകളുടെ വിജയകരമായ നടത്തിപ്പിനു് അത്യന്താപേക്ഷിതമത്രേ.

കോൺഫറൻസുകളിലെ സന്തോഷഭരിതമായ മനോഭാവത്തിൻെറ പ്രത്യാഘാതങ്ങൾ സാധുജനസന്ദർശനങ്ങളിലും ഉണ്ടാകുന്നതാണു്. സന്തോഷഭരിതമായ ഒരു കോൺഫറൻസിൽനിന്നും അതേ മനോഭാവത്തോടെ സാധുജനങ്ങളെ സന്ദർശിക്കുന്നതിനായി പോകുന്ന ഒരു സംഘാംഗം സാധുക്കളുടെ ഹൃദയത്തെയും നർമ്മഭാഷണംകൊണ്ടു് സന്തോഷത്താൽ നിറയ്ക്കുന്നു. അയാൾ അവരുടെ ശാരീരികാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നതിനുപുറമേ അവരുടെ മനസ്സിനേയും സന്തുഷ്ടമാക്കുന്നു. "നിൻെറ രക്ഷയുടെ സന്തോഷത്തെ എന്നിൽ പുനരുദ്ധരിക്കുക; പൂർണ്ണകൃപവഴി എന്നെ ശക്തിപ്പെടുത്തുക. നീതിയില്ലാത്തവരെ നിൻെറ വഴികളെ ഞാൻ പഠിപ്പിക്കും; ദുഷ്ടന്മാർ നിൻെറ പക്കലേക്കു തിരിയുകയും ചെയ്യും," എന്നു് ദാവീദുരാജാവിനോടുകൂടി അയാൾക്കും ഉൽഘോഷിക്കാം.

സാധുജനസന്ദർശനത്തിൽ ഏർപ്പെടുന്ന ഒരു സഖ്യാംഗം വിശേഷിച്ചും സന്തോഷഭരിതനായിരിക്കേണ്ടതിൻെറ ആവശ്യം പ്രസ്പഷ്ടമാണു്. അയാളുടെ സന്ദർശനംതന്നെ സന്തോഷത്താലും സന്മനസ്സാലും പ്രേരിതമായിരിക്കണം. സംഘനിയമങ്ങളുടെ നിർബന്ധംമൂലം വൈമനസ്യപൂർവ്വം സാധുജനസന്ദർശനത്തിനു പോകുന്ന ഒരുവനു് അവൻെറ കർത്തവ്യങ്ങൾ ക്രിസ്തീയമായ ചൈതന്യത്തോടെ നിർവ്വഹിക്കുന്നതിനോ സാധുജനങ്ങൾക്കു് ആവശ്യമായ ആശ്വാസം പ്രദാനംചെയ്യുന്നതിനോ സാധിക്കയില്ല. നേരേമറിച്ചു് ക്രിസ്തീയമായ കർത്തവ്യബോധത്താൽ പ്രേരിതനായി സന്തുഷ്ടിയോടെ സാധുകുടുംബങ്ങളെ സമീപിക്കുന്ന ഒരു സന്ദർശകൻ അയാളുടെ സന്ദർശനംവഴി ആ കുടുംബത്തിനു ബഹുമാനവും ആശ്വാസവും സന്തോഷവും പ്രദാനംചെയ്യുന്നു. അയാളുടെ സംഭാഷണങ്ങൾ സഹജമായിത്തന്നെ സാധുക്കൾക്കു് ആകർഷകവും ആശ്വാസദായകവും ആയിരിക്കും. ക്രിസ്തുവിൻെറ നാമത്തിൽ സാധുക്കളെ സന്ദർശിക്കുന്ന ഒരുവൻ അവിടുത്തെ സമാധാനം അവർക്കു പ്രദാനംചെയ്യുന്നു. അവരെ ആദ്ധ്യാത്മികമായി സഹായിക്കുന്നതിനു കൂടിയാണു് അയാൾ വരുന്നതു്. അയാൾ അവരുടെ ഹൃദയത്തെ ദൈവത്തിൻെറ പക്കലേക്കുയർത്തുന്നു. അവരുടെ ക്ലേശങ്ങളും വിഷമതകളും സ്വർഗ്ഗരാജ്യത്തെപ്പററിയുള്ള ചിന്തയോടെ സന്തോഷപൂർവ്വം സഹിക്കുന്നതിനു് അവരെ പ്രേരിപ്പിക്കുവാൻ അയാൾക്കു സാധിക്കുന്നു. അതൃപ്തിയുടേയും മ്ലാനതയുടേയും മനോഭാവം ഒരു സന്ദർശകൻ ഒരിക്കലും പ്രകടിപ്പിക്കരുതു്. അത്തരം മനോഭാവം സാധുക്കളുടെ ശ്രദ്ധയിൽ പെട്ടെന്നു വിഷയീഭവിക്കുകയും അതു് അവരിൽ അല്പമായിട്ടെങ്കിലും ഉണ്ടായിരിക്കാവുന്ന സന്തോഷത്തേയും ഉന്മേഷത്തേയും നിഷ്പ്രയാസം നിഹനിക്കുകയും ചെയ്യും. ദൈവാനുകമ്പിയുടെ ഫലത്തെപ്പററി വിശുദ്ധ പൗലോസ് ഗലേഷ്യാക്കാർക്കുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്നു—സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ. ഇവയാണു് ഒരു സന്ദർശകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ. (A. V. T.)

വിമർശനവീഥി

# ആദത്തിൻെറ പാപവും ദൈവത്തിൻെറ മുന്നറിവും

ദൈവം സ്നേഹസ്വരൂപനും നീതിസ്വരൂപനുമാകയാൽ അവിടുന്നു ചെയ്യുന്ന സകലപ്രവൃത്തികളും സ്നേഹത്തിനും നീതിക്കും യോജിച്ചതായേ ഇരിക്കുകയുള്ളുവെന്നും, എന്നാൽ ആ യോജിപ്പു മനുഷ്യനു മനസ്സിലാകുന്നില്ലെങ്കിൽ അതിൻെറ കാരണം അവൻെറ ബുദ്ധിയുടെ അല്പത്വമാണെന്നും കഴിഞ്ഞ പ്രാവശ്യം ഞങ്ങൾ സമർത്ഥിച്ചിരുന്നല്ലോ. എന്നുവരികിലും മനുഷ്യൻെറ അല്പബുദ്ധി എത്തുന്നിടത്തോളം ആ യോജിപ്പിനെപ്പററി ചിന്തിക്കാൻ പാടില്ലായ്കയില്ല. ആ കൃത്യം നിർവ്വഹിക്കാനാണു് ഇപ്പോളുദ്യമിക്കുന്നതു്.

അനന്തഗുണസമ്പൂർണ്ണനായ ദൈവത്തെപ്പററി മനുഷ്യൻ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നതു് അവൻെറ ചിന്തയുടേയും സംസാരത്തിൻേറയും രീതിയനുസരിച്ചായിരിക്കും. അതല്ലാതെ ദൈവത്തിനു സാക്ഷാൽ യോജിച്ചരീതി സ്വീകരിക്കുവാൻ അവനു സാദ്ധ്യമല്ലല്ലോ. ഒന്നാമതായി നമുക്കാലോചിക്കുവാനുള്ളതു് മനുഷ്യൻെറ ചിന്തനരീതിയനുസരിച്ചു ജ്ഞാനം അഥവാ അറിവു് എന്നതെന്താണെന്നാണു്.

### ജ്ഞാനം എന്നാലെന്തു ?

വസ്തുവിൻെറ മാനസികമായ പ്രതിഛായയാണു് ജ്ഞാനം അഥവാ അറിവു്. മനുഷ്യമനസ്സിനെ ഫോട്ടോയെടുക്കുവാൻ ഉപയോഗിക്കുന്ന ഒരു പ്ലേററിനോടു് ഉപമിക്കാം. ഒരു വസ്തുവിൻെറ, ഉദാഹരണത്തിനു് ഒരു കെട്ടിടത്തിൻെറ, നേരെ ഒരു ഫോട്ടോഗ്രാഫിക് പ്ലേററു് തുറന്നുവയ്ക്കുമ്പോൾ ആ കെട്ടിടത്തിൻെറ ഛായ ആ പ്ലേററിൽ പതിയുന്നു. ഏതാണ്ടിതുപോലെ ഒരു വസ്തു മനസ്സിൻെറ മുമ്പിൽ സന്നിഹിതമാകുമ്പോൾ അതിൻെറ ആദ്ധ്യാത്മികമായ ഛായ മനസ്സിൽ പതിയുന്നു. ഈ ഛായയാണു് അറിവു് അഥവാ ജ്ഞാനം. കെട്ടിടം ഫോട്ടോഗ്രാഫിക് പ്ലേററിൻെറ മുമ്പിൽ സ്ഥിതിചെയ്യുന്നതുകൊണ്ടാണല്ലോ പ്രതിഛായയുണ്ടാകുന്നതു്. കാര്യകാരണബന്ധമനുസരിച്ചു പറഞ്ഞാൽ വസ്തുവാണു് പ്ലേററിൽ പതിയുന്ന പ്രതിഛായയ്ക്കു കാരണം. വസ്തു ഇല്ലെങ്കിൽ പ്രതിഛായ ഉണ്ടാകയില്ല. ഏതാണ്ടിതുപോലെ വസ്തുവാണു് അതിൻെറ പ്രതിഛായ മനസ്സിൽ പതിക്കുന്നതു്. വസ്തുവില്ലെങ്കിൽ അതിൻെറ മാനസികപ്രതിഛായയായ ജ്ഞാനം ഉണ്ടാകയില്ല. വസ്തു കാരണവും, ജ്ഞാനം അതിൻെറ കാര്യവുമാണെന്നു ഏകദേശമായിട്ടെങ്കിലും പറയാം.

മനുഷ്യജ്ഞാനത്തിൻെറ ഈ സ്വഭാവം അനുസരിച്ചു ദൈവജ്ഞാനത്തെപ്പററി നമുക്കു ചിന്തിക്കുവാനും സംസാരിക്കുവാനും സാധിക്കുകയുള്ളു. അങ്ങനെ ചിന്തിക്കുമ്പോൾ വസ്തുക്കൾ ഉള്ളതുകൊണ്ടാണു് ദൈവം അവയെ അറിയുന്നതെന്നു വേണം പറയുവാൻ. ദൈവത്തിൻെറ അറിവു് അതിനു വിഷയമായ വസ്തുവിനെ ഉണ്ടാക്കുകയല്ലാ ചെയ്യുന്നതു്. ഞാനിപ്പോൾ ഇതെഴുതുന്നതു കൊണ്ടാണു് ആ വസ്തുത ദൈവം അറിയുന്നതു്. ദൈവം അറിയുന്നതുകൊണ്ടു് ഞാൻ ഇതെഴുതുകയാണു് എന്നു പറയുന്നതു ശരിയായിരിക്കുകയില്ല. ഞാനിപ്പോൾ ഇതെഴുതാതെ ഉറങ്ങുകയായിരുന്നുവെന്നു വിചാരിക്കുക. അപ്പോൾ ഞാനുറങ്ങുന്നതായിരിക്കും ദൈവം അറിയുക.

### സ്വതന്ത്രമായ പ്രവൃത്തി

മനുഷ്യൻ സ്വതന്ത്രമനസ്സോടുകൂടിയ ജീവിയാണല്ലോ. ഒരു പ്രത്യേകവിധത്തിൽ പ്രവർത്തിക്കുവാൻ എത്രശക്തിയുള്ള പ്രേരണയുണ്ടായാലും അവയെല്ലാം തട്ടിമാററിക്കൊണ്ടു് വേറൊരു വിധത്തിൽ പ്രവർത്തിക്കുവാൻ മനുഷ്യനു കഴിവുണ്ടു്. ആദ്യത്തെ വിധത്തിൽ പ്രവർത്തിക്കുവാനുള്ള പ്രേരണകളെല്ലാം യുക്തിയുക്തങ്ങളും ഗുണകരങ്ങളും ആയിരുന്നിട്ടും അവയെ തട്ടിനീക്കിക്കൊണ്ടു് രണ്ടാമത്തെ വിധത്തിൽ പ്രവർത്തിച്ചതു് എന്തുകൊണ്ടാണെന്നു ചോദിച്ചാൽ, "എൻെറ മനസ്സാണു്" എന്നായിരിക്കും മനുഷ്യൻ അവസാനമായി മറുപടി പറയുക. ഇതിൻെറ അർത്ഥം മററാരുടേയും യാതൊരുവക നിർബന്ധങ്ങൾക്കും വഴിപ്പെടാതെ സ്വന്തം ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുവാനുള്ള കഴിവു മനുഷ്യനുണ്ടെന്നാണല്ലോ. ഈ സ്വയംനിർണ്ണയശക്തിയെയാണു് മനുഷ്യമനസ്സിൻെറ സ്വാതന്ത്ര്യം എന്നു നാം വിളിക്കുന്നതു്. ഈ സ്വാതന്ത്ര്യത്തിൻെറ അസ്തിത്വത്തെ മനുഷ്യർ സാമാന്യമായി സമ്മതിക്കുന്നുണ്ടു്. അതുകൊണ്ടാണു് ഏതു മനുഷ്യനേയും അവൻെറ പ്രവൃത്തികൾക്കു് ഉത്തരവാദിയായി നാം ഗണിക്കുന്നതു്. സകല പരിഷ്കൃതരാജ്യങ്ങളിലേയും പീനൽകോഡുപോലും ഇതു സമ്മതിക്കുന്നുണ്ടു്. കൊലപാതകക്കുററം ചെയ്ത ആളെ കോടതി ശിക്ഷിക്കുന്നതു് അവൻ ആ കൃത്യം ചെയ്തതു സ്വമനസാ ആണെന്നു്, സ്വയം നിർണ്ണയത്താലാണെന്നു്, തെളിയുമ്പോളാണു്. ആ കൃത്യത്തിൽ അവൻെറ സ്വതന്ത്രമനസ്സു് പ്രവർത്തിച്ചില്ലെന്നു സ്പഷ്ടമായി തെളിയുന്നപക്ഷം കോടതി അവനെ ശിക്ഷിക്കാതെവിട്ടയക്കും.

### ആദത്തിൻെറ പാപം

ആദം ദൈവകല്പനലംഘിച്ചു പാപം ചെയ്തു. അതിനുത്തരവാദി ആദംതന്നെയാണു്. ദൈവകല്പന ലംഘിച്ചു പ്രവർത്തിക്കാനും പ്രവർത്തിക്കാതിരിക്കുവാനും ആദത്തിനു കഴിവുണ്ടായിരുന്നു. ലംഘിക്കാതിരിക്കുവാനുള്ള കഴിവു പ്രയോഗിക്കാതിരുന്നതും, ലംഘിക്കാനുള്ള കഴിവു് പ്രയോഗിച്ചതും ആദത്തിൻെറ സ്വന്തം മനസ്സുകൊണ്ടാണു്, സ്വയംനിർണ്ണയത്താലാണു്. അക്കാര്യത്തിൽ മററാർക്കും ഉത്തരവാദമില്ല.

അങ്ങനെ ആദം സ്വമനസാചെയ്ത പാപം ദൈവം അറിഞ്ഞു. ആദം പാപംചെയ്തതുകൊണ്ടാണു് ദൈവം അറിഞ്ഞതു്; ദൈവം അറിഞ്ഞതുകൊണ്ടു് ആദം പാപം ചെയ്തുവെന്നു പറഞ്ഞുകൂടാ. കാര്യകാരണബന്ധമനുസരിച്ചു പറഞ്ഞാൽ ആദത്തിൻെറ പാപമാണു് അതിനെപ്പററിയുള്ള ദൈവത്തിൻെറ അറിവിനു കാരണം; മറിച്ചു്, ദൈവത്തിൻെറ അറിവു് ആദത്തിൻെറ പാപത്തിനു കാരണമാകുന്നില്ല. ആകയാൽ ആദത്തിൻെറ പാപത്തിനു് അദ്ദേഹംതന്നെയല്ലാതെ മററാരും ഉത്തരവാദിയാകുന്നില്ല. അതിനെക്കുറിച്ചുള്ള ദൈവത്തിൻെറ അറിവും യാതൊരുത്തരവാദിത്വവും വഹിക്കുന്നില്ല.

### ദൈവത്തിൻെറ മുന്നറിവു്

അറിവിൻെറ കാര്യത്തിൽ ദൈവവും മനുഷ്യരും തമ്മിൽ ഒരു വലിയ വ്യത്യാസമുണ്ടു്. മനുഷ്യർ സംഭവം നടക്കുമ്പോഴാണു് അതിനെപ്പററി അറിയുന്നതു്. ദൈവമാകട്ടെ സംഭവം നടക്കുന്നതിനുമുമ്പുതന്നെ, അനാദിമുതൽ, അതിനെപ്പററി അറിയുന്നു. എന്നാൽ ദൈവത്തിൻെറ ഈ മുന്നറിവു സംഭവത്തെ നിർണ്ണയിക്കുന്നില്ല, സംഭവത്തിനു് ഒരുവിധത്തിലും കാരണമാകുന്നില്ല. സംഭവത്തെപ്പററിയുള്ള അറിവു് സംഭവം നടക്കുമ്പോളുള്ളതായാലും, സംഭവം നടക്കുന്നതിനു് എത്രവളരെ മുമ്പുള്ളതായാലും, അതു സംഭവത്തിനു യാതൊരുവിധത്തിലും കാരണമാകുന്നില്ല. കാലവ്യത്യാസം അറിവിൻെറ മേൽവിവരി

(ശേഷം 10-ാം പേജിൽ)

ചെറുകഥ

# ഇരുമ്പുമറയ്ക്കുപിന്നിൽ

(പി. ഡി. ജോൺ ബി. എ. തൃശ്ശൂർ)

ആ കൽത്തുറുങ്കിന്റെ പൂർവ്വഭാഗത്ത് സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ ജാലകത്തിലൂടെ ആദിത്യൻ ഒന്നു് ഒളിഞ്ഞുനോക്കി: ഒരു പരുപരുപ്പൻ വൈക്കോൽകിടക്കയിൽ, കൈമടക്കി തലയ്ക്കുവെച്ചുകൊണ്ടു് അദ്ദേഹം കിടന്നുറങ്ങുകയാണ്. മരണത്തിന്റെ മടിത്തട്ടിൽ കിടന്നുകൊണ്ടു് അങ്ങനെ സസുഖം നിദ്രചെയ്യുന്നതിനുള്ള മനോധൈര്യം അദ്ദേഹത്തിനു് എവിടെനിന്നു ലഭിച്ചു? അദ്ദേഹത്തിനറിയാം, ക്രിസ്തുമതപ്രചാരകനായ ഒരു പുരോഹിതനെ അനേകനാളത്തെ പരിശ്രമത്തിനുശേഷം കമ്മ്യൂണിസ്റ്റ് രഹസ്യപ്പോലീസുകാർ പിടിച്ചു്, ഒരു കൽത്തുറുങ്കിലിട്ടടച്ചാൽ പിറേറദിവസം എന്താണു് സംഭവിക്കുക എന്നു്—നിർദ്ദയപീഡനങ്ങൾ അല്ലെങ്കിൽ മരണം! പക്ഷെ, "നിങ്ങൾ നാനാഭാഗങ്ങളിലുംപോയി സകല ജാതികളേയും പഠിപ്പിച്ചു്......... അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ" എന്ന ക്രിസ്തുശാസനത്തെ ശിരസാവഹിച്ചു്, ശാന്തിയുടേയും സമാധാനത്തിന്റേയും രാജാവായ അദ്ദേഹത്തിന്റെ അമൂല്യമതതത്വങ്ങളേയും അനുദിനാനുഷ്ഠാനകർമ്മങ്ങളേയും ലോകമെങ്ങും പ്രചരിപ്പിക്കുവാൻ സ്വജീവനെപ്പോലും ബലികഴിക്കുവാൻ സന്നദ്ധനായി ഇറങ്ങിയിട്ടുള്ള ആ യുവഹൃദയത്തിനുണ്ടോ ക്രിസ്തുവിനുവേണ്ടി മരിക്കുന്നതിൽ എന്തെങ്കിലും അസ്വാസ്ഥ്യം? അല്ലെങ്കിൽ ഭയം?

കമ്മ്യൂണിസ്റ്റ് റഷ്യയുടെ മതപരിവർത്തനത്തിനുവേണ്ടി കച്ചകെട്ടിയിറങ്ങിയ ആ കൊച്ചുപടയാളിക്കറിയാമായിരുന്നു, കുറച്ചുകാലം രഹസ്യപ്പോലീസിന്റെ ശ്രദ്ധയിൽ പെടാതെ ക്രിസ്തുമതാനുഭാവികൾക്കു് കുമ്പസാരം, കർബാന ആദിയായ കർമ്മങ്ങൾ നടത്തികൊടുക്കുവാൻ തന്നെക്കൊണ്ടു് സാധിച്ചാലും, ഒടുവിൽ താൻ നിഗൂഢമായി വേട്ടയാടി പിടിക്കപ്പെടുമെന്നും നിർദ്ദയമായി വെടിവെച്ചു കൊല്ലപ്പെടുമെന്നും. എങ്കിലും അദ്ദേഹം ഒട്ടും ചഞ്ചലപ്പെട്ടില്ല; വിപ്ലവകാരികളുടെ രക്തത്തിൽ മുക്കിയ ചെങ്കൊടി പാറിപ്പറക്കുന്ന ആ വൻസാമ്രാജ്യത്തിനു് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം ഒരുപക്ഷെ ഒരു സ്വർണ്ണതിലകമായേക്കാം; ശാശ്വതശാന്തിഹർമ്മ്യത്തിന്റെ ശിലാസ്ഥാപനകർമ്മമായിത്തീർന്നേക്കാം.

ആ കാരാഗൃഹത്തിലെ മണിമാളികയിൽ ഘടിപ്പിച്ചിരുന്ന ഒരു വലിയ നാഴികമണി, തന്റെ പ്രവൃത്തനങ്ങളുടെ ആത്മാർത്ഥതയെ പരിശോധിക്കുകയാണോ എന്ന മട്ടിൽ അതിനെ ഇടയ്ക്കിടയ്ക്കു് "വാച്ചു്ചെയ്തു"കൊണ്ടിരുന്ന ആ ചുവപ്പുഭടന്റെ കണ്ണുവെട്ടിച്ചു്, സർവ്വജഗന്നിയന്താവായ ഈശ്വരനെ ഒരു നിമിഷം ആരാധിക്കുന്ന മട്ടിൽ അതിന്റെ കൈകളെന്നു കൂപ്പി. റഷ്യൻ ജനതയുടെ ഏകദൈവമായ സ്റ്റാലിനല്ലാതെ, അദ്ദേഹത്തിനു മുകളിലായി ഒരു ദൈവമുണ്ടെന്നു് സൂചിപ്പിക്കുന്ന മട്ടിൽ കൈകൂപ്പിനിൽക്കുകയോ എന്നാക്രോശിക്കുന്ന പോലെ ഒരു ചെങ്കുപ്പായക്കാരൻ പന്ത്രണ്ടുപ്രാവശ്യം ആ ജയിലിലെ മണിയടിച്ചു.

എന്നിട്ടും അദ്ദേഹം ഉണർന്നിരുന്നില്ല. ആ കല്ലറയുടെ ഒരു കോണിൽ എന്തോ ഒരു സത്വം കിടക്കുന്നുണ്ടെന്നു തോന്നിക്കത്തക്ക ഒരു നേരിയ പ്രകാശംമാത്രമേ അപ്പോൾ അതിനുള്ളിലുണ്ടായിരുന്നുള്ളൂ. ഓരോ പ്രകാശവീചിയും, റഷ്യൻനിയമത്തെ ഭയപ്പെട്ടിട്ടെന്നോണം, ആ ക്രിസ്തീയ പുരോഹിതൻ കിടന്നിരുന്ന കൽത്തുറുങ്കിലേക്കു് എത്തിനോക്കാൻപോലും വിസമ്മതം കാണിച്ചു. അല്ല; ക്രിസ്തീയചൈതന്യത്തിന്റെ ഭാസുരദീപമായ ആ കൊച്ചുസൂര്യന്റെ പ്രഭാപൂരത്തെ നേരിട്ടു ദർശിക്കുവാൻ ശക്തരല്ലാതെ, ആ റഷ്യൻ അന്തരീക്ഷത്തിലൂടെ ഗമിച്ചിരുന്ന അക്രമരശ്മികൾ ലജ്ജിച്ചുമടങ്ങിപ്പോകുന്നതോ എന്തോ? പ്രകൃതിയുടെ ഒരു വികൃതി എന്നപോലെ ആ സാമ്രാജ്യത്തിൽ അവിടേയും ഇവിടേയുമായി ഈ ഉഗ്രങ്ങളായ ഭയങ്കര ചോദ്യചിഹ്നങ്ങളെ തച്ചുടയ്ക്കുവാൻ വെമ്പൽകൂട്ടി നില്ക്കുന്ന മഹാ ഘാതകന്മാരെപ്പോലെ, അരിവാളും ചുററികയും ധരിച്ച ഏതാനും കൊടിക്കൂറകൾ പളപളാരവം ഉണ്ടാക്കിയിരുന്നു.

പെട്ടെന്നു് ആ കല്ലറയുടെ വാതില്പകൾ തുറന്നുകൊണ്ടു് രണ്ടു ഭടന്മാർ അകത്തേക്കു പ്രവേശിച്ചു. ആ ബൂട്ട്സിട്ട കാലുകൾ ഒരുനിമിഷത്തിനകം മൂന്നു പ്രാവശ്യം നിർദ്ദയമായവിധത്തിൽ ആ യുവാവിന്റെ ശരീരത്തിൽ വന്നാഞ്ഞടിച്ചു. അദ്ദേഹം ഉടനടി ഞെട്ടിപ്പിടഞ്ഞുണർന്നു് ത്രിത്വസ്തുതി ചൊല്ലികൊണ്ടു് എഴുന്നേററുനിന്നു. ആ ഉഗ്രഭടന്മാർ അദ്ദേഹത്തെ നിർദ്ദാക്ഷിണ്യം വലിച്ചിഴച്ചുകൊണ്ടു് അടുത്ത മുറിയിലേക്കു നടന്നു.

അതു് അല്പം വിശാലമായ ഒരു ഹാളായിരുന്നു. അവിടെ ഒരു മേശയുടെ സമീപത്തായി രണ്ടു പേർ ഇരുന്നിരുന്നു. ഒരാൾക്കു് 35 വയസ്സുകാണും. അയാൾ ഫോണിൽക്കൂടി ആരോടോ സംഭാഷണംചെയ്യുകയാണ്. ഉറപ്പുള്ള ... ബോസ്ലിങ്ങളുടെ ... അയാൾ ഒരു രഹസ്യപ്പോലീസു മേധാവിയാണെന്നു് വിളിച്ചുപറഞ്ഞിരുന്നു. മറേറയാൾ മിലിററിവസ്ത്രധാരിയായ ഒരു ദീർഘകായനായിരുന്നു. അയാളുടെ കോട്ടിന്റെ കൈയിൽ ചുവന്ന തുണികൊണ്ടുള്ള ഒരു അരിവാളും ചുററികയും സമാന്തരത്തിൽ മൂന്നു വരകളും തുന്നിപ്പിടിപ്പിച്ചിരുന്നു. അയാളുടെ മീശ അയാൾക്കു് സ്വതവേ ഉണ്ടായിരുന്ന ഗാംഭീര്യത്തെ ദ്വിഗുണീഭവിപ്പിച്ചു. കുററവാളിയെ അവരുടെ സമീപം നിറുത്തികൊണ്ടു് ഭടന്മാർ വന്ദിച്ചു മാറിനിന്നു.

സാധാരണ ജനങ്ങളെപ്പോലെ ഒരു ട്രൗസറും കോട്ടും മാത്രം ധരിച്ചിരുന്ന ആ യുവപുരോഹിതൻ നിർഭയം അവരുടെ മുഖത്തുനോക്കികൊണ്ടു് കൈകെട്ടിനിന്നു.

"ഗവർണ്ണർ, ഇദ്ദേഹമാണു് ഞാൻ പറഞ്ഞ പുള്ളി." ഫോൺ താഴെവെച്ചു് ആ 35 കാരൻ ഒന്നു നിവർന്നിരുന്നു.

ആ മുഖം തനിക്കു് അടുത്തു പരിചയമുള്ള ഒന്നുപോലെ ആ പുരോഹിതനുതോന്നി. അതെ, തലേദിവസം താൻ പേഷ്ഗിൽനിന്നു് ഷ്ലിമിക്കിലേക്കു വരുന്നവഴി കോയോവിൽവെച്ചു് തന്റെ മുറിയിൽ കയറി താനുമായി ദീർഘനേരം സംഭാഷണം നടത്തിയ ആ സാധുവേഷധാരിയായ സഹയാത്രക്കാരൻ ഇദ്ദേഹമല്ലാതെ വേറെ ആരായിരുന്നു? കോയെം കഴിഞ്ഞു് അടുത്ത സ്റ്റേഷനായ ടെ്വർ ഒരു വലിയ സ്റ്റേഷനായിരുന്നു. വണ്ടി ടെ്വർ വിട്ടപ്പോൾ അവരുടെ മുറിയിൽ വേറെ ആരും തന്നെയില്ലാതിരുന്നതിനാൽ ആ അപരിചിതൻ വളരെ സങ്കോചത്തോടുകൂടി മതസംബന്ധമായ സംസാരത്തിലേർപ്പെട്ടു. ഒടുവിൽ അയാളുടെ കുടുംബക്കാർ പണ്ടു് ക്രിസ്ത്യാനികളായിരുന്നുവെന്നും ഒരു അച്ചനെ ലഭിക്കുമെങ്കിൽ രഹസ്യമായി പൂജകർമ്മാദികൾ നടത്താമായിരുന്നുവെന്നും മററും പറഞ്ഞു വിശ്വസിച്ചു് സ്ഥലസൗകര്യമുണ്ടെങ്കിൽ താൻ ഒരാളെ ഏല്പ്പെടുത്താമെന്നും മററും പറഞ്ഞതിന്റെ രേഷത്തും ഓർത്തു് അദ്ദേഹം സ്വയം വ്യാകുലപ്പെട്ടു.

"നിങ്ങളുടെ പേർ?" മീശപിരിച്ചുകൊണ്ടു് ഗവർണ്ണർ ഒന്നു പുഞ്ചിരിക്കൊണ്ടു.

എന്താണു് മറുപടി പറയേണ്ടതെന്നു വിചാരിച്ചു് അച്ചൻ വളരെ കുഴങ്ങി.

"ഉം?" ഗവർണ്ണർ കസാല ഷേഷ്യമാവത്തിൽ പിന്നോക്കം തള്ളി നീക്കികൊണ്ടു് ചാടിയെഴുന്നേററു.

"ലൂയി ഓബ്രെയിൻ." ഒരു കുററവാളിയുടെ മട്ടസ്വരത്തിൽ അച്ചൻ മറുപടിപറഞ്ഞു.

"ലൂയി ഓബ്രെയിൻ?" അച്ചന്റെ കെട്ടിയിരുന്ന കൈകൾ ബലമായി ഒന്നു പിടിച്ചു കുലുക്കികൊണ്ടു് അയാൾ ആക്രോശിച്ചു.

"നിങ്ങളുടെ ജാതി?" ആ യുവാവു് ധരിച്ചിരുന്ന ആ പരുപരുത്ത കോട്ടു് വലിച്ചുപൊളിച്ചുകൊണ്ടു് ഗവർണ്ണർ ചോദിച്ചു.

ആ ചോദ്യത്തിനുത്തരം പറഞ്ഞതു് ആ കോട്ടിനടിയിൽ അദ്ദേഹം ധരിച്ചിരുന്ന ഉത്തരീയമായിരിക്കണം: അച്ചൻ ഒന്നും മറുപടി പറഞ്ഞില്ല.

"ഉ ......"

അച്ചൻ സ്വചുണ്ടുകളെ ബലമായി അടച്ചുപൂട്ടി.

"എവിടെനിന്നു വരുന്നു?"

പരിപൂർണ്ണമായ മൗനം!

"ഇവിടെ എന്തിനു വന്നു?"

പരിപൂർണ്ണമായ നിശ്ശബ്ദത!!

"ഈ കമ്മ്യൂണിസ്റ്റുകളുടെ ദൈവമായ ക്രിസ്തുവിന്റെ തനി അവതാരം! അല്ല, അതിന്റെ ചേട്ടൻ!!" അയാൾ ബൂട്ട്സ് നിലത്തിട്ടൊന്നു ചവുട്ടിത്തേച്ചുകൊണ്ടു് ഒരു കുലുക്കലും ഒരു തള്ളലും: അച്ചൻ നിലത്തു കമിഴ്ന്നുവീണു. "ഇയാളെ വലിച്ചുകൊണ്ടുപോയി തുറുങ്കിൽത്തന്നെയിട്. ഇന്നു നാലുമണിക്കകം സത്യം പറഞ്ഞു് സ്റ്റാലിനെ വണങ്ങിയില്ലെങ്കിൽ എന്റെ റിവോൾവറിനറിയാം എന്താണു വേണ്ടതെന്നു്! ബെറിജോവ്, നിങ്ങൾ ഒന്നുകൂടി അയാളെ തനിയെ കണ്ടു് ചോദ്യംചെയ്യണം. അയാൾ ഒരു ക്രിസ്ത്യാനിതന്നെയാണു്. കണ്ടില്ലേ അയാളുടെ ക്ഷമയും സഹനശക്തിയും! അയാൾക്കു് സഹായം കൊടുക്കുന്നവർ പലരുമുണ്ടു്. ഈ റഷ്യൻ സാമ്രാജ്യത്തിൽ അവരെപ്പററി പരിപൂർണ്ണവിവരം തരുന്നതായാൽ ഇയാളെ വേണമെങ്കിൽ വിട്ടയക്കാമെന്നുകൂടി പറഞ്ഞേക്കു. അല്ലെങ്കിൽ പോയി തുലയട്ടെ ശവം."

ഗവർണ്ണർ ഇത്രത്തോളം പറഞ്ഞവസാനിപ്പിച്ചപ്പോഴേക്കും രണ്ടു ചെങ്കുപ്പായക്കാർ ആ പുരോഹിതനെ നിലത്തുനിന്നു് പിടിച്ചെഴുന്നേല്പിച്ചു തുറുങ്കിലേക്കു നടന്നു. അതിന്റെ പിന്നാലെ ബെറിജോവ്, ഏതോ വിശ്വാസവഞ്ചനചെയ്ത ഒരു അപരാധിയെപ്പോലെ അവരെ അനുഗമിച്ചു... ...അയാൾ ഇതിനുമുമ്പു പലേ പ്രാവശ്യവും പലേ ക്രിസ്തുമതാനുഭാവികളേയും തന്റെ കൗശലമേറിയ സംഭാഷണരീതിയാൽ വിധേയരാക്കി മരണത്തിനു കൂട്ടാക്കി, കമ്മ്യൂണിസ്റ്റ് നിയമത്തിനു വിധിപ്പിച്ചിട്ടുണ്ടു്. അന്നൊന്നും അയാൾക്കു് ഒട്ടും സങ്കോചം തോന്നിയിരുന്നില്ല. എന്നാൽ ഈ യുവപുരോഹിതന്റെ സംഭാഷണരീതിയും കർമ്മതല്പരതയും അദ്ദേഹത്തിന്റെ ഹൃദയത്തെ ഒന്നു കലക്കി മറിച്ചിരിക്കയാണു്. തിവണ്ടിയിൽവെച്ചു് അദ്ദേഹം പറഞ്ഞ ആ വാക്കുകൾ—സഹോദരാ! ഈ ലോകം മുഴുവനും നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ നിനക്കെന്തു ഫലം? അതെ, അതൊരു ഭയങ്കര ചോദ്യമാണു്. അവരുടെ അനിഷേധ്യനേതാവായ സ്റ്റാലിൻപോലും ആ ചോദ്യം കേട്ടാൽ ഒന്നു നടുങ്ങിപ്പോകും. ആ ചെറു ചോദ്യത്തിനു് ഓരോ വ്യക്തിയുടേയും ഹൃദയതന്ത്രിയിൽക്കൂടി ഇരച്ചുകയറുന്നതിനുള്ള ഒരു അമാനുഷികശക്തിയുണ്ടെന്നു് അയാൾക്കു തോന്നി. "വേണ്ട...നിശ്ചയം!... ഇദ്ദേഹത്തെ ചോദ്യം ചെയ്യുവാൻ എന്നെക്കൊണ്ടാവുകയില്ല. ഇദ്ദേഹത്തിന്റെ ഉത്സാഹഭരിതമായ ആ മുഖകമലം കാണുമ്പോൾ എന്റെ ഗാംഭീര്യവും ചോദ്യങ്ങളുടെ കാർക്കശ്യവും താനെ ഇല്ലാതാകുന്നു. വേണ്ട, കഴികയില്ല......" ബെറിജോവ് കൈകൾ ഉരുമ്മി അസ്വാസ്ഥ്യം പ്രകടിപ്പിച്ചു തുറുങ്കിലേക്കു നടന്നു.

കുററക്കാരനെ തുറുങ്കിലേക്കു തള്ളിക്കൊണ്ടു് പടയാളികൾ കാരാഗൃഹവാതിലിന്റെ രണ്ടു ഭാഗത്തേക്കും മാറിനിന്നു് ബെറിജോവിനെ ആചാരം ചെയ്തു. അദ്ദേഹം മന്ദം മന്ദം കാരാഗൃഹത്തിനുള്ളിലേക്കു നടന്നുകൊണ്ടു പറഞ്ഞു. "നിങ്ങൾക്കു പോകാം. ഇനി ആവശ്യമുള്ളപ്പോൾ ഞാൻ നിങ്ങളെ വിളിച്ചുകൊള്ളാം."

കാരാഗൃഹത്തിന്റെ ആ കവാടം തിൽ ആഞ്ഞടഞ്ഞു. അന്ധകാരാവൃതമായ ആ മുറിയുടെ ചുമരുകളിൽ തപ്പിത്തടഞ്ഞു് ആ യുവാവു് തന്റെ പഴയ വയ്ക്കോൽ കിടക്കയിലേക്കു നീങ്ങി. ബെറിജോവ് ഒരു സിഗററേറടുത്തു കത്തിച്ചു വലിച്ചുകൊണ്ടു് ആ മുറിയുടെ ഒരററം മുതൽ മറേറ അററംവരെ അങ്ങോട്ടും ഇങ്ങോട്ടും ലാത്തികൊണ്ടിരുന്നു. അയാളുടെ മനസ്സിനെ എന്തോ അസ്വാസ്ഥ്യചിന്തകൾ അലട്ടുന്നുണ്ടെന്നു് ഇടയ്ക്കിടയ്ക്കു മിന്നുന്ന സിഗററിന്റെ വെളിച്ചം വ്യക്തമാക്കി. അദ്ദേഹത്തിന്റെ ഹൃദയത്തെ വലയം ചെയ്തിരുന്ന "ദേവതകൾ" ഓരോന്നോരോന്നായി അദ്ദേഹത്തെ ഉപേക്ഷിച്ചുപോകയാണോ എന്നു തോന്നുമാറു്, അയാൾ ഇടയ്ക്കിടയ്ക്കു പുറത്തേക്കു വിട്ടുകൊണ്ടിരുന്ന പുക ആ മുറിയിൽ അവ്യക്തങ്ങളായ ചില ഭീകരസത്വങ്ങളെ സൃഷ്ടിച്ചുകൊണ്ടിരുന്നു. ആ മുറിയുടെ ഭയങ്കരമായ നിശ്ശബ്ദതയിൽക്കൂടി അവ മന്ദം മന്ദം മേല്പോട്ടുയർന്നു.

"നിങ്ങൾ?...," അച്ചന്റെ ശബ്ദതരംഗങ്ങൾ അദ്ദേഹത്തിന്റെ സമീപത്തുകൂടി പോയിരുന്ന ഏതാനും ധൂമയക്ഷികളെ ആട്ടിപ്പായിച്ചു.

ബെറിജോവ് മറുപടി പറഞ്ഞു, "അതെ!......"

"ഇന്നലെ കോയോവിൽനിന്നു എന്റെകൂടെ യാത്രചെയ്ത ആ ആളല്ലേ?"

"അതെ. പക്ഷേ, ഞാൻ ഇപ്പോൾ നിങ്ങളുടെ മുമ്പിൽ നില്ക്കുന്നതു് ആ ഉദ്യോഗസ്ഥനായിട്ടല്ല. നിങ്ങളുടെ ധൈര്യവും സഹനശക്തിയും ക്ഷമയും എന്നെ അസ്വസ്ഥനാക്കിയിരിക്കുന്നു. ക്ഷണികമായ ഈ റഷ്യൻ സ്ഥാനമാനങ്ങൾ നേടുന്നതിനുവേണ്ടി നിങ്ങളെപ്പോലെയുള്ള ദീപസ്തംഭങ്ങളെ നശിപ്പിക്കയായിരുന്നു എന്റെ ഇതുവരെയുള്ള ഉദ്യോഗവും പ്രവൃത്തനപരിപാടിയും. ഒരു കമ്മ്യൂണിസ്റ്റ് രഹസ്യപ്പോലീസധിപതിയായ ഞാൻ ഈ ക്ഷണംമുതൽ ക്രിസ്തുവിന്റെ രഹസ്യാരാധകനായിത്തീർന്നിരിക്കയാണു്."

"നിങ്ങളുടെ ഇന്നലത്തെ വാക്കുകളും പ്രവൃത്തിയും ആലോചിക്കുമ്പോൾ എനിക്കിതു വിശ്വസിക്കാൻ വയ്യ."

"അപ്പോൾ നിങ്ങൾ ഒരു ക്രിസ്ത്യാനിയാണു്; അല്ലേ?" അയാൾ ഗൗരവം നടിച്ചു ചോദിച്ചു. ബെറിജോവു് അങ്ങനെ ചോദിക്കണമെന്നു ഉദ്ദേശിച്ചിരുന്നില്ല. പക്ഷെ അയാളുടെ തഴക്കമനുസരിച്ചു് നാവു് പെട്ടെന്നങ്ങനെ ഒന്നു ചലിച്ചുവെന്നേയുള്ളു.

"അതിനെന്തു സംശയം? അല്ലെങ്കിൽ പിന്നെ എന്തിനാണു് എന്നെ ഇവിടെയിട്ടു് പൂട്ടിയിരിക്കുന്നതു്?"

"അച്ചാ, എനിക്കു മാപ്പുതരിക. ഞാനാണു് നിങ്ങളെ ഈവിധം നിർദ്ദയമായ പീഡനങ്ങൾ അനുഭവിപ്പിക്കുന്നതിനു ഹേതു. പക്ഷെ നിങ്ങൾ എന്നെ വല്ലാതെ ഇളക്കിമറിച്ചിരിക്കുന്നു. രഹസ്യപ്പോലീസു് ബഹുമതിക്കുവേണ്ടി ഞാൻ എത്രപേരെ നശിപ്പിച്ചിട്ടുണ്ടെന്നോ? എത്ര പ്രാവശ്യം എന്റെ മനസ്സാക്ഷിക്കുപോലും എതിരായി ദുഷ്ടത പ്രവൃത്തിച്ചിട്ടു് റഷ്യൻ പ്രശംസയ്ക്കു് പാത്രവാനായിട്ടുണ്ടെന്നോ? നോക്കൂ! ഈ ഓരോ ബഡ്ജും ഓരോ പുരോഹിതന്മാരെ വേട്ടയാടി കൊന്നതിന്റെ ബഹുമതിമുദ്രകളാണു്."

"അപ്പോൾ നിങ്ങൾക്കു് ഇന്നു് ഒരു ബാഡ്ജുകൂടി ലഭിക്കുവാൻ വഴിയുണ്ടു്. ആളുകളെ മനസ്സിലാക്കുന്നതിനുള്ള നിങ്ങളുടെ കഴിവിനെ ഞാൻ അഭിനന്ദിക്കുന്നു."

"അച്ചാ, എന്നോടു ക്ഷമിക്കൂ. ഈ പാപിയെ അനുഗ്രഹിക്കൂ. ക്രിസ്തുവിന്റെ നാമത്തിൽ എനിക്കു മാപ്പുതരിക."

"റഷ്യൻ രക്തത്തിൽ ജനിച്ചുവളർന്ന നിങ്ങൾക്കു് ഇത്രയുംവേഗം മാനസാന്തരം വന്നുകാണാൻ വഴിയില്ല. ക്രിസ്തുവിനേയോ അദ്ദേഹത്തിന്റെ മതതത്വങ്ങളേയോ ഗ്രഹിക്കുവാൻ നിങ്ങൾക്കു യാതൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ടുമാത്രമാണു് ഞാൻ ഇപ്രകാരം പറയുന്നതു്."

"രഹസ്യപ്പോലീസുദ്യോഗം ഭരിക്കുന്നകാലത്തു് ക്രിസ്ത്യാനികളെ വേട്ടയാടിപ്പിടിക്കുവാൻവേണ്ടി ഞാൻ ഒരു വേദപുസ്തകം കൈയിൽ കൊണ്ടുനട

(ശേഷം 9-ാം പേജിൽ)

# വിശദീകരണം നല്കുമോ?

(കെ. ജെ. അഗസ്റ്റിൻ എം. ഏ എൽ. റ്റി.)

ചില ഹൈന്ദവസ്നേഹിതന്മാരുമായി ചിലപ്പോൾ ഞാൻ സ്നേഹപൂർവ്വകമായ സംവാദങ്ങളിലേർപ്പെടാറുണ്ട്. അവരിൽ ഒരാൾക്കു കത്തോലിക്കാസഭയോടു വളരെ ബഹുമാനമാണ്. കത്തോലിക്കർ ലോകോപകാരാർത്ഥം ചെയ്യുന്ന മഹനീയസേവനങ്ങളെ അദ്ദേഹം വളരെ വിലമതിക്കുന്നു. കത്തോലിക്കരുടെ ആരാധനാക്രമം, ഐകമത്യം, സഭാഭരണഘടന, അത്ഭുതകരമായ വളർച്ച ഇവയെ എത്ര പ്രശംസിച്ചാലും അദ്ദേഹത്തിനു മതിവരാറില്ല. സത്യദീപം വായിക്കുന്നതു് അദ്ദേഹത്തിനു വളരെ രസമാണ്.

മേയ് മൂന്നാംതീയതിയിലെ (34-ാം ലക്കം) സത്യദീപം ഞാൻ അദ്ദേഹത്തിനു വായിക്കുവാൻ കൊടുത്തപ്പോൾ വേറൊരു സ്നേഹിതനുമുണ്ടായിരുന്നു. ഇവർതമ്മിൽ പല കാര്യങ്ങളിലും മോരും മുതിരയും പോലെയാണ്. കമ്മ്യൂണിസത്തിനെതിരായി കത്തോലിക്കർ ചെയ്യുന്ന സുശക്തവും സംഘടിതവുമായ സമരത്തെപ്പററി ഞങ്ങൾ സംസാരിച്ചിട്ടുള്ളപ്പോഴെല്ലാം ഇവർ തമ്മിൽ കീരിയും പാമ്പുംപോലെ കലശൽ കൂട്ടിയിട്ടുണ്ട്. ഇത്തവണ "കമ്മ്യൂണിസ്റ്റുകളെ സ്നേഹിക്കുക" എന്ന തലക്കെട്ടിൽ ശ്രീ കെ. റ്റി. സെബാസ്റ്റ്യൻ ബി. ഏ. എഴുതിയിരുന്ന ലേഖനം വിവാദവിഷയമായി. സോവ്യററു റഷ്യ ഭൗമികപറുദീസായാണെന്നു വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാരനായ അദ്ദേഹം പറഞ്ഞു: "കത്തോലിക്കർ തട്ടിവിടുന്ന പച്ചക്കള്ളങ്ങളാണിതെല്ലാം. അതൊന്നും വിശ്വസിച്ചേക്കരുതേ!" ഏതായാലും എന്റെ അപേക്ഷയനുസരിച്ചു ലേഖനം വായിച്ചുതീർത്തു. അതിനു ശേഷം വിജയഭാവത്തിൽ അദ്ദേഹം പറഞ്ഞു:— "ഞാൻ പറഞ്ഞില്ലേ ഇവർ മഹാ സൂത്രശാലികളാണെന്നു്? പണ്ടു് "ഐ. സി-ഓനിയൽ കേസി"നു കാരണമായ വാദപ്രതിവാദത്തിൽപ്പോലും ഇമ്മാതിരി സമർത്ഥമായ പ്രയോഗം കണ്ടിട്ടില്ല. ഒരുദാഹരണംമാത്രമെടുക്കാം. രണ്ടാം പേജിൽ മൂന്നാം കോളത്തിന്റെ അടിയിൽ കൊടുത്തിരിക്കുന്ന ലേഖകന്റെ നോട്ട് ഒന്നാംതരമൊരു അർദ്ധസത്യമാണ്. അദ്ദേഹം പറയുന്നു: "സോവ്യററുഭരണഘടനയുടെ 124-ാംവകുപ്പ് മതപ്രചരണത്തെ നിരോധിക്കുകയും, മതവിദ്വേഷപ്രചരണത്തിനു സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു" എന്നു്. അതു ശരിയല്ല. മതപ്രചരണത്തെ ഭരണഘടനയിലെങ്ങും നിരോധിച്ചിട്ടില്ല." അവരുടെ വാദകോലാഹലം വാശിയിൽ കലാശിച്ചപ്പോൾ ഞാൻ പറഞ്ഞു: "ഇത്രവലിയ ഒച്ചപ്പാടിനൊന്നും കാര്യമില്ലല്ലോ. നമുക്കു ആ 124-ാം വകുപ്പിന്റെ അസ്സൽതന്നെ വായിച്ചുനോക്കിക്കളയാം. ദയവുചെയ്തു പട്ടാഭി സീതാരാമയ്യായുടെ "Consututions of the World" എന്ന ഗ്രന്ഥം സൗകര്യംപോലെ നാളെയോ മററന്നാളോ എടുത്തുകൊണ്ടുവരു." രണ്ടുപേരും സമ്മതിച്ചു. അന്നത്തെ ഞങ്ങളുടെ സമ്മേളനം അങ്ങനെ അവസാനിച്ചു.

പിറേറദിവസം വൈകുന്നേരം, പതിവിലും നേരത്തെ, നമ്മുടെ സോവ്യററു "ചാമ്പിയൻ" പുസ്തകവുമായി വന്നു. വിജയം വിരാജിക്കുന്ന മന്ദസ്മിതത്തോടെ പറഞ്ഞു: "ഇതാ സാർ; നോക്കൂ— 124-ാംവകുപ്പ്!" ഞാൻ പുസ്തകം വാങ്ങി 155 ാം പേജിൽ ഇങ്ങനെ വായിച്ചു: "Article 124. To ensure to citizens freedom of conscience, the church in the U. S. S. R. is separated from the state, and the school from the church. Freedom to perform religious rites and freedom of antireligious propaganda is recognised for all citizens."

സ്നേഹിതൻ: "ഇതിൽ എവിടെയാണ് മതപ്രചരണത്തെ നിരോധിക്കുന്നതു്?"

ഞാൻ: "മതവിരുദ്ധപ്രചരണത്തിനു സ്വാതന്ത്ര്യം നല്കുന്നതു മതപ്രചരണത്തെ തടയുന്നതിനു തുല്യമല്ലേ?"


സ്നേഹിതൻ: "അതെങ്ങനെയാണ്? പോരെങ്കിൽ, Freedom of conscience, freedom to perform religious rites എന്നിവ ഈ വകുപ്പുപ്രകാരവും Freedom of assembly and meetings, freedom of street processions and demonstrations എന്നിവ 125-ാം വകുപ്പുപ്രകാരവും ഒരേ പൗരനും നൽകപ്പെടുന്ന സ്ഥിതിക്കു് മതപ്രചാരസ്വാതന്ത്ര്യം ഭരണഘടനപ്രകാരം എല്ലാവർക്കും സിദ്ധിക്കയാണു ചെയ്യുന്നതു്."

സംഭാഷണം ഇത്രയുമായപ്പോൾ മറേറ സ്നേഹിതനും വന്നുചേർന്നു. നമ്മുടെ ചാമ്പ്യൻ വിളിച്ചുപറഞ്ഞു: "മിസ്റ്റർ മേനോൻ, വരൂ! വരൂ! നിങ്ങളുടെ കത്തോലിക്കരുടെ ചെമ്പു പുറത്തായിപ്പോയി. അഗസ്റ്റിൻമാസ്റ്റർ സാമാന്യത്തിലധികം പരുങ്ങുന്നതു കണ്ടോ?"

മി. മേനോൻ: "ആട്ടെ, ഒരു കാര്യം ചെയ്യാം. നമ്മുടെ വാദപ്രതിവാദം ഉപസംഹരിക്കുന്നതിനുമുമ്പ്, കുറിപ്പെഴുതിയ ലേഖകനോടോ, പണ്ഡിതനായ പത്രാധിപരോടോ ഒരു വിശദീകരണം ആവശ്യപ്പെടാം. അവരെന്തുപറയുമെന്നു കേൾക്കാമല്ലോ."

ഞാൻ: "അതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. പരമാർത്ഥം പറഞ്ഞാൽ ഇത്തരം കീറാമുട്ടികളെ എനിക്കു വളരെ ഭയമാണ്—"

അനന്തരം അന്നത്തെ സംഭാഷണം വേറെ വിഷയങ്ങളിലേക്കു തിരിഞ്ഞു. അവർ പോയ ഉടനെയാണു ഞാനിതു കുറിപ്പെഴുതിയതു്. വിശദീകരണം അടുത്ത ലക്കത്തിൽ പ്രസിദ്ധംചെയ്തുകാണുവാനാഗ്രഹിക്കുന്നു.



## മറെറാരു കേരളീയ തീർത്ഥകസംഘം

ഇരിക്കുന്നവർ: മെ. കേളതാ വറുഗീസ് (പൂച്ചാക്കൽ), കല്ലറസ്സൽ ചാണ്ടിക്കുഞ്ഞു് (പാലാ), ബ. ഞാവള്ളിൽ ചാണ്ടിയച്ചൻ (പാലാ), റവ. ഫാദർ സി കെ മാറാ, (കുറവിലങ്ങാട്), മെ. പുളുമന കുഞ്ഞുവക്കി (പാലാ), മാത്യു ജെ മാറാം (പാലാ).
നിൽക്കുന്നവർ: മെ ഹെൻറി സ്പിൻറൻ (കൊല്ലം), ജോസഫ് തോമ്മസ് വെച്ചൂർ കൊട്ടാരംപറമ്പിൽ (പൂവരണി), ജോസഫ് പുളിക്കത്താഴെ (പാലാ), മാത്യൂസ് ഇരുത്തിയിൽ (ചെമ്മലമററം), ജേക്കബ് പുതിയകുന്നേൽ (പാലാ).
ഇരിക്കുന്നവരിൽ മെ. കേളതാ വറുഗീസ്, കല്ലറസ്സൽ ചാണ്ടിക്കുഞ്ഞു്, പുളുമന കുഞ്ഞുവക്കി, ബ. ഞാവള്ളിൽ ചാണ്ടിയച്ചൻ എന്നിവർ റോമയ്ക്കു പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

# സോവ്യററുഭരണഘടനയിലെ 124-ാംവകുപ്പ്
# ഒരു വിശദീകരണം

(കെ. റ്റി. സെബാസ്റ്റ്യൻ ബി. എ.)

"കമ്മ്യൂണിസ്റ്റുകളെ സ്നേഹിക്കുക" യെന്നുള്ള ശീർഷകത്തിൽ 1950, മേയ് 3-ാം-നു- യിലെ "സത്യദീപ"ത്തിൽ എന്റെ പേരുവച്ചു് പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനത്തിൽ മോൺ. ഫുൾട്ടൺ ഷീനും "Daily worker"ന്റെ മുൻ പത്രാധിപരായിരുന്ന ലൂയി ബുഡെൻസും തമ്മിൽ നടന്ന ഒരു അഭിമുഖസംഭാഷണത്തെക്കുറിച്ചു് പറയുന്നുണ്ട്. "കമ്മ്യൂണിസം പ്രജായത്തമാണെന്നു് നിങ്ങൾ സമ്മതിക്കാത്തതുകൊണ്ടാണ് ഞങ്ങൾ നിങ്ങളെ എതിർക്കുന്നതു." എന്നു് പത്രാധിപർ അച്ചനോടു പറഞ്ഞപ്പോൾ "സോവ്യററു് ഭരണഘടനയിലെ 124-ാം വകുപ്പു് നിലവിലിരിക്കുമ്പോൾ കമ്മ്യൂണിസമെങ്ങനെയാണ് പ്രജായത്തമാകുന്നതു്?" എന്നു് അച്ചൻ പത്രാധിപരോടു ചോദിച്ചു. സോവ്യററു് ഭരണഘടനയിലെ 124-ാം വകുപ്പു പ്രജായത്തവിരുദ്ധമാണെന്നു് അച്ചൻ ഇങ്ങനെ പരോക്ഷമായിട്ടു് പ്രസ്താവിക്കുകയത്രേ ചെയ്തതു്. 124-ാം വകുപ്പിൽ പ്രജായത്തവിരുദ്ധമായിട്ടു് എന്താണുള്ളതെന്നു വായനക്കാർക്കു് വ്യക്തമാക്കിക്കൊടുക്കേണ്ടതു് ആവശ്യമാണെന്നു് ഈ ലേഖകനു് തോന്നി. ഇതാണു് 124-ാം വകുപ്പിനെ സംബന്ധിച്ചു് ഈ ലേഖകൻ ഒരു ഫുട്ട് നോട്ടു കൊടുക്കുവാനുണ്ടായ സാഹചര്യം. ഈ കുറിപ്പിനെ സംബന്ധിച്ചു് ആക്ഷേപമുണ്ടെന്നു് ഇപ്പോൾ മനസ്സിലാക്കുന്നതിനാൽ താഴെകാണുന്ന വിശദീകരണം നല്കിക്കൊള്ളുന്നു.

1. ഈ 124-ാം വകുപ്പിന്റെ പദാനുപദതർജ്ജമ, ഭരണഘടനയുടെ മററു ഭാഗങ്ങളും അതിന്റെ വ്യാഖ്യാനങ്ങളും കമ്മ്യൂണിസത്തിന്റെ പൊതുതത്വസംഹിതയും പഠിച്ചിട്ടില്ലാത്തവരെ തെററുധരിപ്പിക്കുവാൻ പോരുന്നതാണ്. മോസ്കോയിലുള്ള വിദേശഭാഷാപ്രസിദ്ധീകരണശാലയിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള Constitution of the Union of Soviet Socialist Republics (1945) എന്ന ഔദ്യോഗികഗ്രന്ഥം Fundamental Rights and Duties of the Citizens എന്ന പത്താം അദ്ധ്യായത്തിൽ 124-ാം വകുപ്പായി കൊടുത്തിരിക്കുന്നതു് താഴെ കാണുംവിധമാണ്.

"In order to ensure to citizens freedom of conscience the church in the U. S. S. R. is separated from the state, and the school from the church. Freedom of religious worship and freedom of antireligious propaganda is recognized for all citizens." "പൗരന്മാർക്കു് മനസ്സാക്ഷിസ്വാതന്ത്ര്യത്തിനുള്ള ഉറപ്പായിട്ടു് യു. എസ്. എസ്. ആറിൽ സഭ രാഷ്ട്രത്തിൽനിന്നും, സ്കൂൾ സഭയിൽനിന്നും വേർപെടുത്തപ്പെട്ടിരിക്കുന്നു. മതപരമായ ആരാധനാസ്വാതന്ത്ര്യവും മതവിരുദ്ധപ്രചരണസ്വാതന്ത്ര്യവും എല്ലാ പൗരന്മാർക്കുമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു" എന്നുള്ളതാണല്ലോ ഇതിന്റെ ഏകദേശമായിട്ടുള്ള പദാനുപദതർജ്ജമ. ശ്രീ പട്ടാഭിയുടെ പുസ്തകത്തിൽ Freedom of religious worship (മതപരമായ ആരാധനാസ്വാതന്ത്ര്യം) എന്നതിനു പകരം Freedom to perform religious rites (മതപരമായ കർമ്മാനുഷ്ഠാനസ്വാതന്ത്ര്യം) എന്നാണു് കൊടുത്തിരിക്കുന്നതു്. മതപരമായ അനുഷ്ഠാനസ്വാതന്ത്ര്യം മതപരമായ ആരാധനാസ്വാതന്ത്ര്യത്തെക്കാൾ കുറെക്കൂടെ വിശാലമാണെന്നാണ് എനിക്കു തോന്നുന്നതു്. അതിരിക്കട്ടെ.

ഈ വകുപ്പു് മതവിരുദ്ധപ്രചരണസ്വാതന്ത്ര്യത്തെ വ്യക്തമായ ഭാഷയിൽ അംഗീകരിക്കുന്നുണ്ടു്. എന്നാൽ മതപ്രചരണസ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം ഇതു മൗനമവലംബിക്കുകയാണല്ലോ. മതവിരുദ്ധപ്രചരണത്തെ പ്രത്യക്ഷമായിട്ടു് അംഗീകരിക്കുമ്പോൾ മതപ്രചരണത്തെ സംബന്ധിച്ചുള്ള ഈ മൗനഭിക്ഷ അർത്ഥവത്താണു്. ഈ മൗനഭിക്ഷ പരോക്ഷമായിട്ടുള്ള (indirect) മതപ്രചരണനിരോധനത്തിനു തുല്യമാണെന്നു് ഭരണഘടനയുടെ മററു ഭാഗങ്ങളും വ്യാഖ്യാനങ്ങളും കമ്മ്യൂണിസ്റ്റ് തത്വസംഹിതയും വായിച്ചിട്ടുള്ളവർക്കു മനസ്സിലാകും. മനസ്സാക്ഷിസ്വാതന്ത്ര്യത്തിനു് ഉറപ്പു നല്കുന്നുവെന്നു് ഉൽഘോഷിക്കുന്ന ഭരണഘടനാനിർമ്മാതാക്കൾ മതവിരുദ്ധപ്രചരണസ്വാതന്ത്ര്യത്തെ ഭരണഘടനവഴി അംഗീകരിക്കുകയും മതപ്രചരണസ്വാതന്ത്ര്യത്തിനു് അങ്ങനെയൊരു അംഗീകാരം നല്കാതെ ഇരിക്കുകയും ആണു് ചെയ്യുന്നതു്. മനസ്സാക്ഷിസ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം നാസ്തികനും ആസ്തികനും തമ്മിൽ യാതൊരു വ്യത്യാസവും ഭരണഘടനാസമക്ഷം ഉണ്ടാകരുതെന്നുള്ള പ്രജായത്തമനോഭാവം യഥാർത്ഥത്തിൽ ഉള്ളവരാണു് ഈ ഭരണഘടന നിർമ്മിച്ചതെങ്കിൽ 124-ാം വകുപ്പിൽ മതവിരുദ്ധപ്രചരണസ്വാതന്ത്ര്യത്തിനു മുമ്പായി മതപ്രചരണസ്വാതന്ത്ര്യവും ഉൾപ്പെടുത്തിയേനെ. കൂടാതെയും റഷ്യയിൽ മതസ്വാതന്ത്ര്യം നിരോധിക്കപ്പെട്ടിരിക്കുന്നതിനെ സംബന്ധിച്ചു് പുറരാജ്യങ്ങളിൽ വലുതായ വിമർശനം നടന്നുകൊണ്ടിരുന്ന ഒരു കാലയളവിലത്രെ ഈ ഭരണഘടന രൂപംപ്രാപിച്ചതും.

2. ഞാൻ 124-ാം വകുപ്പിന്റെ ഒരു പദാനുപദതർജ്ജമയല്ല കൊടുത്തിരിക്കുന്നതു്. പിന്നെയോ അതിന്റെ സ്വഭാവം വ്യക്തമാക്കുകമാത്രമാണു് ചെയ്തിരിക്കുന്നതു്. ഇതു് ആർക്കും മനസ്സിലാകാവുന്ന ഒരു വാസ്തവമത്രേ. 124-ാം വകുപ്പിന്റെ സ്വഭാവം ഞാൻ പ്രസ്താവിച്ച തരത്തിലുള്ളതാണെന്നു് ഭരണഘടന മുഴുവനും അതേസംബന്ധിച്ചുള്ള ഔദ്യോഗിക പ്രസ്താവനകളും മററും നിഷ്പക്ഷബുദ്ധ്യാ പഠിക്കുന്ന യാതൊരാൾക്കും മനസ്സിലാക്കാവുന്നതത്രേ. റഷ്യയിൽ മതപ്രചരണസ്വാതന്ത്ര്യം ഭരണഘടനവഴിയോ മറേറാ അംഗീകരിച്ചിട്ടുള്ളതായി യാതൊരു തെളിവുമില്ല. മറിച്ചു, റഷ്യയിൽ മതപ്രചരണസ്വാതന്ത്ര്യം ഇല്ലെന്നും 124-ാം വകുപ്പിന്റെ സ്വഭാവം ഞാൻവിവരിച്ച തരത്തിലുള്ളതാണെന്നും ഈ വിശദീകരണദ്വാരാ ഞാൻ തെളിയിക്കുവാൻ ശ്രമിക്കുന്നതാണ്.

(a) ഭരണഘടനയെ സംബന്ധിച്ചുള്ള സ്റ്റാലിന്റെ ചില പ്രസംഗങ്ങൾ ഞാൻ മുമ്പു് പ്രസ്താവിച്ചിട്ടുള്ള ഭരണഘടനാപുസ്തകത്തിന്റെ ആദ്യഭാഗത്തു് (Stalin on the Draft constitution എന്ന അഭിധാനത്തിൽ) കൊള്ളിച്ചിട്ടുണ്ടു്. ഭരണഘടനാഭേദഗതികളെക്കുറിച്ചു് സംസാരിക്കുമ്പോൾ അദ്ദേഹം പറയുന്നു, 124-ാം വകുപ്പു് മതകർമ്മാനുഷ്ഠാനങ്ങളെ നിരോധിക്കുന്നവെന്നായി വ്യത്യാസപ്പെടുത്തണമെന്നുള്ള ഒരു ഭേദഗതി ലഭിച്ചിട്ടുണ്ടെന്നു്. (Vide P. 43)

(b) 1936 മുതൽ 38 വരെ റഷ്യയിൽ അമേരിക്കൻ അംബാസിഡറായി ജോലി നോക്കിയിരുന്ന ജോസഫ് ഇ ഡേവിസ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള Mission to Moscow എന്ന ഗ്രന്ഥ

(ശേഷം 8 ാം പേജിൽ)

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, MAY 24, 1950 ‖ No. 37

# തൊഴിലാളികൾക്ക് ഏകാന്തധ്യാനം

13-ാം ലെയോ മാർപ്പാപ്പായുടേയും 11-ാം പീയൂസ് മാർപ്പാപ്പായുടേയും "റേരും നൊവാരും" "ക്വാദ്രജെസിമോ ആന്നോ" എന്ന വിശ്വലേഖനങ്ങളിൽ തൊഴിലാളികൾക്കു നീതിയുടേയും സ്നേഹത്തിൻേറയും ന്യായങ്ങളാൽ സാധിച്ചുകിട്ടേണ്ട അവകാശങ്ങളെപ്പററിയും അവ സാധിച്ചുകിട്ടുവാനുള്ള മാർഗ്ഗങ്ങളെപ്പററിയും സവിസ്തരം പ്രതിപാദിച്ചശേഷം അവരുടെ ആദ്ധ്യാത്മികരക്ഷയ്ക്കായി സ്വീകരിക്കേണ്ട നടപടികളെ തിരുമേനിമാർ ശക്തിയുക്തം ഉദ്ബോധിപ്പിച്ചിട്ടുണ്ട്.

## 13-ാം ലെയോ

"ആത്മീയാഹാരത്തിൻെറ അഭാവം കൊണ്ടു തൻെറ ആത്മാവിനെ അപകടത്തിൽ പെടുത്തുകയാണെങ്കിൽ, പിന്നെ ഒരു തൊഴിലാളിക്ക് ഭൗതികക്ഷേമം ലഭിച്ചിട്ട് എന്താണുപകാരം? ആകയാൽ തൊഴിലാളികൾ ആദ്യമായും പ്രധാനമായും ദൈവത്തിങ്കലേക്കു തിരിയട്ടെ. ദൈവത്തിൻെറ നേർക്കു തനിക്കുള്ള കർത്തവ്യമെന്തെന്നും, താൻ വിശ്വസിക്കേണ്ടതെന്തെന്നും, ശരണം വയ്ക്കേണ്ടതെന്തിലെന്നും, തൻെറ നിത്യരക്ഷയെ സാധിക്കേണ്ടതെങ്ങനെയെന്നും ഓരോരുത്തരേയും നിഷ്കർഷമായി പഠിപ്പിക്കുന്നതിനുവേണ്ടി മതപ്രബോധനത്തിനു അവരുടെയിടയിൽ സർവ്വപ്രധാനമായ സ്ഥാനമുണ്ടായിരിക്കട്ടെ. അബദ്ധങ്ങളായ അഭിപ്രായങ്ങളിലും വ്യാജപ്രബോധനങ്ങളിലും ചെന്നു വീഴാതിരിക്കുവാൻ വേണ്ടി എല്ലാവരേയും ഉപദേശിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. ദൈവാരാധനയിലേക്കും സജീവമായ മതാനുഷ്ഠാനത്തിലേക്കും മററുകാര്യങ്ങളോടൊപ്പം ഞായറാഴ്ചകളും തിരുനാളുകളും ശുദ്ധമായി ആചരിക്കുന്ന വിഷയത്തിലേക്കും തൊഴിലാളിയെ പ്രേരിപ്പിക്കുകയും ആനയിക്കുകയും ചെയ്യട്ടെ. നമ്മുടെയെല്ലാം പൊതുമാതാവായ തിരുസ്സഭയെ ബഹുമാനിക്കുവാനും സ്നേഹിക്കുവാനും അവൻ പഠിക്കട്ടെ. അങ്ങനെ അവൻ തിരുസ്സഭയുടെ കല്പനകളെ അനുസരിക്കുകയും, പാപമോചനം പ്രാപിക്കുന്നതിനും പരിശുദ്ധമായ ജീവിതം കഴിക്കുന്നതിനും ദൈവം നിശ്ചയിച്ചിരിക്കുന്ന മാർഗ്ഗങ്ങളായ കൂദാശകളെ കൂടെക്കൂടെ സ്വീകരിക്കുകയും ചെയ്യട്ടെ."

## 11-ാം പീയൂസ്

"തൊഴിലാളികളുടെ ഇടയിൽ ആദ്യമായും അടുത്തുനിന്നും വേലചെയ്യേണ്ട പ്രേഷിതന്മാർ തൊഴിലാളികൾതന്നെയായിരിക്കണം. ഈ അൽമായപ്രേഷിതരെ സശ്രദ്ധം അന്വേഷിക്കുകയും ബുദ്ധിപൂർവ്വം തെരഞ്ഞെടുക്കുകയും വേണ്ടവിധം പരിശീലിപ്പിക്കുകയും ചെയ്യേണ്ട കർത്തവ്യം പ്രധാനമായി സ്ഥിതിചെയ്യുന്നതു മെത്രാന്മാരിലും വൈദികരിലുമാണ്. തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ഈ ആളുകളെ രൂപീകരിച്ചെടുക്കുന്നതിൽ സർവ്വാത്മനാ തങ്ങളെത്തന്നെ വിനിയോഗിക്കണമെന്നു ആ ജോലിക്കായി തിരഞ്ഞെടുക്കപ്പെടുന്ന വൈദികരോടു നാം ആത്മാർത്ഥമായി ഉപദേശിക്കുന്നു. എല്ലാററിലുമുപരിയായി ഏകാന്തധ്യാനങ്ങളെ അവർ വളരെ വിലമതിക്കുകയും അവരിൽനിന്നു പരിശീലനം ലഭിക്കുന്നവരുടെ പ്രയോജനത്തിനായി താല്പര്യത്തോടുകൂടി ഉപയോഗിക്കുകയും ചെയ്യട്ടെ. "മെൻസ് നോസ്ത്രാ" എന്ന നമ്മുടെ വിശ്വലേഖനത്തിൽ നാം പറഞ്ഞിട്ടുള്ളതുപോലെ ഈ ഏകാന്തധ്യാനങ്ങൾ വ്യക്തിപരവും സാമൂഹ്യവുമായ ജീവിതപരിഷ്കരണത്തിനുള്ള ഏററവും വിലയേറിയ മാർഗ്ഗമാണ്. അൽമേനികൾക്കു പൊതുവിലും തൊഴിലാളികൾക്കു പ്രത്യേകിച്ചും ഈ ധ്യാനങ്ങൾ ഏററവും പ്രയോജനകരമാണെന്നു നാം ആ ലേഖനത്തിൽ സ്പഷ്ടമായി പ്രസ്താവിക്കുകയും അവ അനുഷ്ഠിക്കണമെന്നു അവരോടു താല്പര്യമായി ശുപാർശചെയ്യുകയും ചെയ്തിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ ആദ്ധ്യാത്മികമായ ആ പരിശീലനക്കളരിയിൽ ഉത്തമന്മാരായ ക്രിസ്ത്യാനികൾ രൂപീകരിക്കപ്പെടുന്നുണ്ടെന്നു മാത്രമല്ല, സകല ജീവിതസ്ഥിതികളിലേക്കുമുള്ള യഥാർത്ഥപ്രേഷിതന്മാർ അവിടെ അഭ്യസിപ്പിക്കപ്പെടുകയും ഈശോയുടെ തിരുഹൃദയത്തിലെ സ്നേഹാഗ്നിയാൽ ഉജ്ജ്വലിക്കുന്നവരായിത്തീരുകയും ചെയ്യുന്നു. ജറുസലേമിലെ ഭോജനശാലയിൽനിന്നു അപ്പസ്തോലന്മാർ പുറപ്പെട്ടതുപോലെ വിശ്വാസത്തിൽ സ്ഥിരതയുള്ളവരും ക്ലേശങ്ങളാൽ പിടിച്ചടക്കപ്പെടുവാൻ കഴിയാത്ത ധൈര്യമുള്ളവരും മക്തിതീക്ഷ്ണതയാൽ എരിയുന്നവരും ക്രിസ്തുവിൻെറ രാജ്യം എല്ലാവിധത്തിലും പ്രചരിപ്പിക്കണമെന്നുമാത്രം ആഗ്രഹമുള്ളവരുമായി ഈ പരിശീലനക്കളരിയിൽനിന്നു അവർ പുറപ്പെട്ടുപോകും."

തൊഴിലാളികളുടെ ക്രിസ്തീയജീവിതം നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഇക്കാലത്തുള്ള ആവശ്യകതയെ മാർപ്പാപ്പാമാരുടെ ഈ വാക്കുകൾ ഏററവും ശക്തിയായി ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ. അക്കാര്യത്തിൽ വൈദികർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു തിരുമേനിമാർ ഉദ്ബോധിപ്പിക്കുന്നു. ക്രിസ്തീയമായ ജീവിതപരിഷ്കരണത്തിനു ഏററവും ഉതകുന്നമാർഗ്ഗം ഏകാന്തധ്യാനങ്ങളാകയാൽ തൊഴിലാളികളുടെയിടയിൽ പ്രത്യേകിച്ചും അവ നടത്തപ്പെടേണ്ടതാണെന്നു പീയൂസ് മാർപ്പാപ്പാ വിശേഷവിധിയായി നിർദ്ദേശിക്കുകയും ചെയ്യുന്നു.

## അമേരിക്കയിലെ അനുഭവം

അമേരിക്കയിലെ തൊഴിലാളികളുടെയിടയിൽ ഏകാന്തധ്യാനം കഴിക്കുവാനുള്ള ആസക്തി വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി ഈ മേയ്മാസത്തിലെ "ഹിന്ദു"പത്രത്തിൽ കൊടുത്തിരുന്ന ഒരു സന്ദേശത്തിൽ കാണുന്നു. അതിൻെറ താല്പര്യമാണ് താഴെ ചേർക്കുന്നതു്:

ന്യൂയോർക്ക് നിവാസികളിൽ ആയിരക്കണക്കിനു യുവാക്കന്മാർ "ലോംഗ് ഐലൻഡി"ലുള്ള ഒരു സന്യാസാശ്രമത്തിൽ ആഴ്ചയുടെ അവസാനദിവസങ്ങൾ സന്യാസികളെപ്പോലെ കഴിച്ചുകൂട്ടുകയാണ്. വെള്ളിയാഴ്ച വൈകുന്നേരം അവർ അവിടെ വരികയും ഞായറാഴ്ച വൈകുന്നേരം അവിടെനിന്നു പോകുകയും ചെയ്യുന്നു. അതിനിടയ്ക്കുള്ള സമയം മുഴുവനും അവർ കണിശമായി മൗനം ആചരിക്കുകയാണ്. വർത്തമാനപ്പത്രങ്ങളും, റേഡിയോസന്ദേശങ്ങളും, ടെലഫോൺവിളികളും, അവിടെ നിരോധിക്കപ്പെട്ടിരിക്കുന്നു. ധ്യാനം, പ്രാർത്ഥന, ജപമാലചൊല്ലൽ, കൂദാശകളുടെ സ്വീകരണം എന്നീകൃത്യങ്ങളിലാണ് അവർ ഏർപ്പെട്ടിരിക്കുന്നതു്. ആശ്രമശ്രേഷ്ഠർ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. "ധ്യാനം കഴിക്കുവാൻ വരുന്നവരെയെല്ലാം സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ പലരേയും ഞങ്ങൾ പറഞ്ഞയച്ചുകൊണ്ടിരിക്കുകയാണ്. അവർ ഇവിടെ വരുന്നതു് അവർക്കു ദൈവത്തോടുകൂടുതൽ കൂടുതൽ അടുക്കണമെന്നുള്ള ആഗ്രഹത്താൽമാത്രമാകുന്നു. സയൻസ് സമ്മാർഗ്ഗനിയമങ്ങളെയെല്ലാം പിടിവിട്ടിരിക്കുകയാണെന്നു് ഈ അൽമേനികൾക്കറിയാം. തങ്ങൾക്കു മനസ്സമാധാനം നല്കുവാൻ പ്രാർത്ഥനയ്ക്കും, ധ്യാനത്തിനും അത്ഭുതകരമായ ശക്തിയുണ്ടെന്നും അവർക്കറിയാം."

56,000 ആളുകൾ ഈ ആശ്രമത്തിൽ ധ്യാനംകഴിച്ചുപോയിട്ടുണ്ടെന്നാണ് പറയപ്പെടുന്നതു്. അവരിൽ പ്രോട്ടസ്റ്റൻറുകാരും യഹൂദന്മാരും ഉൾപ്പെട്ടിട്ടുണ്ട്. പുതിയതും കൂടുതൽ വലിയതുമായ ഒരു മന്ദിരം പണിയുന്നതിനുള്ള പണം ശേഖരിക്കുവാൻ അവരിപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വാരാന്ത്യത്തിൽ വരുന്നവരുടെ സംഖ്യ വളരെയാകയാൽ പലരും തിണ്ണയിലും വരാന്തകളിലും കിടന്നുറങ്ങേണ്ടതായി വന്നിരിക്കുന്നു. സകലതരം വിഷയങ്ങളെക്കുറിച്ചും ധ്യാനപ്രസംഗങ്ങൾക്കിടയിൽ ചർച്ചകൾ നടക്കുന്നുണ്ട്. ബിസിനസിലുള്ള വിഷമതകൾ, ദാമ്പത്യജീവിതത്തിലെ പ്രശ്നങ്ങൾ, മാനസികവും ശാരീരികവുമായ രോഗങ്ങളെപ്പററിയുള്ള ഭയപ്പാടുകൾ, യുദ്ധവും യുദ്ധഭീഷണിയും എന്നിവയാണ് ആ വിഷയങ്ങളിൽ ചിലതു്. "ധ്യാനലീഗി"ൻെറ നേതാവായ മിസ്റ്റർ ഡി. ജെ. ഫസ്റ്റിൻ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. "ഈ പ്രസ്ഥാനം ദേശീയമായ തോതിലുള്ളതാണ്. ഏകാന്തധ്യാനങ്ങളുടെ കാര്യത്തിൽ മഹത്തായ താല്പര്യം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അമേരിക്കയിലെ മതപരമായ ജീവിതത്തിൻെറ ഏററവും രസകരമായ ഒരു ലക്ഷണമാണതു്—വളരെ ഗുണകരമായ ലക്ഷണംതന്നെ."

## എറണാകുളത്തെ പരിശ്രമം

കത്തോലിക്കാതൊഴിലാളികളെ ഉദ്ദേശിച്ച് ആഴ്ചയുടെ അവസാനത്തിൽ ഒരു ഏകാന്തധ്യാനപ്രസ്ഥാനം എറണാകുളത്തു നടന്നുകൊണ്ടിരിക്കുന്നതായി കഴിഞ്ഞ 35-ാം ലക്കം (1950 മെയ് 10) സത്യദീപത്തിൽ ഒരു കുറിപ്പുണ്ടായിരുന്നതു വായനക്കാർ ശ്രദ്ധിച്ചിരിക്കുമല്ലോ. റവ. ഫാ. ജറോം ടി. ഒ. സി. ഡി. അവർകളുടെ നേതൃത്വത്തിൽ കാർമ്മൽ റിട്രീറ്റ് മന്ദിരത്തിൽവച്ചാണ് ധ്യാനങ്ങൾ നടക്കുന്നതു്. ഓരോ ശനിയാഴ്ച വൈകുന്നേരം ആരംഭിച്ച് തിങ്കളാഴ്ച രാവിലെ അതവസാനിക്കുന്നു. ആദ്യത്തെ ധ്യാനത്തിൽ 18 പേരും രണ്ടാമത്തേതിൽ 25 പേരും സംബന്ധിച്ചുവെന്നു കാണുന്നു. ഉദാരമതികളായ പലരുടേയും സഹായം തേടിയാണ് ധ്യാനത്തിൻെറ ചെലവുകൾ വഹിക്കുന്നതെന്നാണറിവ്.

എറണാകുളത്തെ ഈ ധ്യാനപ്രസ്ഥാനം ഏററവും അഭിനന്ദനീയമത്രെ. ജൂൺ മാസാരംഭംവരെ എല്ലാ ആഴ്ചയിലും ധ്യാനമുണ്ടായിരിക്കുമെന്നു പ്രസ്തുത കുറിപ്പിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു് ആ കാലഘട്ടം കഴിഞ്ഞാൽ ധ്യാനമുണ്ടായിരിക്കുകയില്ലയോയെന്നു സംശയം ഇല്ലാതില്ല. അങ്ങനെ സംഭവിച്ചാൽ അതൊരു വലിയ നഷ്ടമായിരിക്കും. ശനിയാഴ്ച വൈകുന്നേരംമുതൽ തിങ്കളാഴ്ചക്കാലത്തുവരെ ഈ ധ്യാനം ആണ്ടുവട്ടത്തിൽ എല്ലാ ആഴ്ചകളിലും നടത്തുവാൻ സ്ഥലസൗകര്യം അനുവദിക്കുന്നില്ലെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. പ്രസ്തുതസമയങ്ങളിൽ നമ്മുടെ വിദ്യാലയങ്ങൾ പ്രായേണ ഒഴിവായി കിടക്കുകയായിരിക്കും. രാജ്യത്തിനുതന്നെയും ഏററവും ഗുണകരമായിരിക്കുന്ന ഈ ധ്യാനം നടത്തുവാൻ വിദ്യാലയങ്ങൾ സ്ഥലമനുവദിക്കുന്നതിൽ ഏതൊരു രാജ്യദ്രോഹിക്കാണ് വിരോധമുണ്ടാവുക? ധ്യാനത്തിൽ സംബന്ധിക്കുന്ന തൊഴിലാളികളുടെ ഭക്ഷണം നിവൃത്തിയുള്ളിടത്തോളം സൗജന്യമായി തന്നെ നടത്തിക്കൊടുക്കുകയാണു വേണ്ടതു്. അതിലേക്കു വേണ്ട പണം ഉദാരമതികളിൽനിന്നുതന്നെ ഉണ്ടാകേണ്ടതാണ്. കേവലം ആഡംബരങ്ങൾക്കായി, ദൈവത്തിൻേറയും ധർമ്മത്തിൻേറയും നാമത്തിൽ, എത്രയോ പണം ചില ഉദാരമതികൾ ചെലവുചെയ്യുന്നുണ്ട്! അവരെപ്പോലെയുള്ളവരെ ശരിയായി സമീപിച്ചു കാര്യങ്ങൾ ഗ്രഹിപ്പിച്ചാൽ ഏററവും ആവശ്യകവും ഗുണപ്രദവുമായ ഈ ധ്യാനപ്രസ്ഥാനത്തിനു വേണ്ടി ധനസഹായംചെയ്യുവാൻ അവർ സസന്തോഷംസന്നദ്ധരായിരിക്കുമെന്നു വേണം വിചാരിക്കാൻ. എറണാകുളത്തു് ആരംഭിച്ചിട്ടുള്ള ഈ ധ്യാനപ്രസ്ഥാനം മററു പല കത്തോലിക്കാകേന്ദ്രങ്ങളിലും, വിശിഷ്യ തൊഴിലാളിസംഘടനയുള്ള കേന്ദ്രങ്ങളിൽ നടത്തുന്നതു് കാലോചിതമായ എത്ര വലിയ പുണ്യകർമ്മമായിരിക്കും. തൊഴിലാളികളെ കമ്യൂണിസ്റ്റ് ദുർഭൂതത്തിൻെറ പിടിയിൽനിന്നു രക്ഷിക്കുവാൻ ഏററവും പര്യാപ്തമായ മൗലികമാർഗ്ഗം ഈ ധ്യാനപ്രസ്ഥാനംതന്നെയാണ്. ആകയാൽ ഇതിൻെറ കാര്യത്തിലേക്കു വൈദികരുടേയും മററു സമുദായപ്രമാണികളുടേയും സത്വരമായ ശ്രദ്ധയെ ഞങ്ങൾ സാദരം ക്ഷണിച്ചുകൊള്ളുന്നു.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## അടുത്തയാഴ്ചയിൽ

മേയ്

28 ഞാ: പന്തക്കുസ്താ ഞായർ
29 തി: സിറിൽ
30 ചൊ: യോവാൻ ഓഫ് ആർക്ക്
31 ബു: ആഞ്ചെല

ജൂൺ

1 വ്യാ: സിമയോൻ
2 വെ: എറാസ്മൂസ്
3 ശ: ക്ലൊത്തിൽദാ

## തിരിച്ചെഴുന്നള്ളി

വിശ്രമാർത്ഥം ദേവികുളത്തേക്കു് എഴുന്നള്ളിയിരുന്ന എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഇക്കഴിഞ്ഞ ഞായറാഴ്ച വൈകുന്നേരം സസുഖം തിരിച്ചെഴുന്നള്ളിയിരിക്കുന്നു. എറണാകുളത്തെത്തുന്നതിനുമുമ്പു് തിരുമനസ്സുകൊണ്ടു് വൈക്കത്തെഴുന്നള്ളി, വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം രോഗശയ്യയെ അവലംബിച്ചിരിക്കുന്ന തിരുമനസ്സിലെ ജ്യേഷ്ഠസഹോദരൻ ശ്രീ തോമസ് കണ്ടത്തിൽ അവർകളെ സന്ദർശിക്കുകയും അദ്ദേഹത്തിനു് അന്ത്യകൂദാശകൾ നല്കുകയും ചെയ്യുകയുണ്ടായി.




പുത്തൻപള്ളി ഇടവകയിലെ ഉള്ളനാട്ടുകരയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറയും കാത്തലിക് യൂത്തു് ലീഗിൻെറയും പ്രഥമവാർഷികം മേയ് 21-ാംനു ശ്രീ ജോസഫ് വിതയത്തിൽ ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. മിസിസ് മേരി ജേക്കബ് എം. എ. എൽ എൽ. ബി. ബി. ടി., ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നം എന്നിവർ പ്രസംഗിച്ചു. സമ്മേളനാനന്തരം റവ. ഫാ. കാനപ്പിള്ളിയുടെ നേതൃത്വത്തിൽ സിനിമാപ്രദർശനവും ഉണ്ടായിരുന്നു.

—അതിരമ്പുഴ ഫൊറോനാപള്ളി ഇടവകയിൽപ്പെട്ട കോട്ടയ്ക്കുപുറം വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ 5-ാമതു വാർഷികവും സൺഡേസ്കൂളിൻെറ 15-ാമതു വാർഷികവും മേയ് 14-ാംനു വെരി റവ. ഫാ. പോൾ ചിലമ്പത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ശ്രീ കെ. എം. ജോസഫ് ബി. എസ് സി. ബി. എൽ. "ആദിമക്രിസ്ത്യാനികളും സാധുസംരക്ഷണവും" എന്ന വിഷയത്തെക്കുറിച്ചും ശ്രീ ടി. ടി. ചെറിയാൻ എം. എ. "വിൻസെൻറ് ഡി പോൾ സഖ്യവും കമ്മ്യൂണിസവും" എന്ന വിഷയത്തെക്കുറിച്ചും ശ്രീ വി. കെ. കര്യൻ ബി. എ. "സൺഡേസ്കൂൾ പ്രവർത്തന"ത്തെക്കുറിച്ചും വിജ്ഞാനപ്രദമായ ഓരോ പ്രസംഗങ്ങൾ ചെയ്തു.

—കുമരകം, വള്ളാറ പുത്തൻപള്ളിയിലെ വി. യോഹന്നാൻ നെപ്പുംസിയാനോസിൻെറ തിരുനാൾ പ്രമാണിച്ചു് മേയ് 12 മുതൽ 15 വരെ തിയതികളിൽ നടത്തിയ പ്രസംഗപരമ്പരയിൽ

റവ. ഫാദേഴ്സ് ഫ്രാൻസീസ് കാളാശേരി, എൽ. ജെ. ചിറ്റൂർ, പ്ലാസീഡ് എന്നീ വൈദികപ്രമുഖരും ബ്രദർ പീറ്റർ റെഡ്ഡി, മി. പി. ടി. ചാക്കോ എം. എൽ. എ, വി. ജെ. വക്കി ബി. എ. ബി. എൽ. മുതലായവരും പങ്കെടുക്കുകയും ശ്രീ കൈമാപറമ്പൻ കഥാപ്രസംഗം നടത്തുകയുംചെയ്തു. തിരുനാൾ പ്രസംഗം കോട്ടയം സഹായമെത്രാൻ തിരുമേനി നിർവ്വഹിച്ചു.

—എൽത്തുരുത്ത് സെൻറ് അലോഷ്യസ് ഹൈസ്കൂളിലെ വിദ്യാർത്ഥിയായ മാസ്റ്റർ ജോസ് സാംസൺ തൃശ്ശൂർ രൂപതയിൽ ഹെബ്രു വരിയിൽ നടത്തിയ വേദോപദേശപരീക്ഷയിൽ ഒന്നാമനായി വിജയിയാവുകയാൽ ഷെഡലിക്കോട്ട് മെമ്മോറിയൽമെഡൽ കരസ്ഥമാക്കിയിരിക്കുന്നു. സമ്മാനദാനം തൃശ്ശൂർ സെൻറ് തോമസ് കോളേജിൽവച്ചു നടത്തപ്പെട്ട കത്തോലിക്കാപ്രവർത്തനസംഘത്തിൻെറ വാർഷികസമ്മേളനത്തിൽവച്ച് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചു.

—മേലൂർ സ്ഥാപിച്ചിരിക്കുന്ന വിൻസെൻറ് ഡി പോൾ സംഘത്തിൻെറയും മരിയസഖ്യത്തിൻെറയും സംയുക്ത വാർഷികം മേയ് 14-ാംനു റവ. ഫാ. എബ്രാഹം വടാശ്ശേരി എം. എസ്. ൻെറ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. വിപ്രോൻ പി. വി. ഉറുമീസ് പ്രസംഗിച്ചു. "കന്യകാരത്നം", "രക്തസാക്ഷിണി" എന്നീ പ്രഹസനങ്ങൾ അഭിനയിക്കപ്പെടുകയും ചെയ്തു.

—ഫാത്തിമാനാഥയുടെ നാമത്തിൽ കരുപ്പംതറ നടത്തിവരുന്ന വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ പ്രഥമവാർഷികം മേയ് 17-ാംനു ആർഭാടരഹിതമായി കൊണ്ടാടിയിരിക്കുന്നു. സഖ്യത്തിൻെറ സംരക്ഷണയിലുള്ള പാവങ്ങളെ അംഗങ്ങളുടെ കൂട്ടത്തിലിരുത്തി മൃഷ്ടാന്നഭോജനം നല്കിയ കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

—മൂക്കന്നൂർ മരിയസഖ്യത്തിൻെറ 10-ാമതു വാർഷികവും അൾത്താരബാലസംഘത്തിൻെറ 3-ാമതു വാർഷികവും മേയ് 14-ാംനു തേവരകോളേജ് പ്രിൻസിപ്പാൾ റവ. ഫാ. തിയോഡോഷ്യസ് എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് ആഘോഷിച്ചിരിക്കുന്നു. മി. എ. ഒ. ജോസഫ് നെടുങ്കുന്നം, മിസിസ് ജേക്കബ് കല്ലിയത്തു ബി. എ. ഓണേഴ്സ് എന്നിവർ പ്രസംഗിച്ചു. "ഇടിയും മിന്നലും" എന്ന ഫലിതനാടകം അംഗങ്ങളാൽ അഭിനയിക്കപ്പെട്ടു.

—അയ്മുറി (പെരുമ്പാവൂർ) പള്ളിയിലെ ജ്ഞാനധ്യാനം റവ. ഫാ. ബർക്കുമൻസ് സി. ഡി. അവർകളുടെ നേതൃത്വത്തിൽ കഴിഞ്ഞയാഴ്ചയിൽ നടത്തപ്പെട്ടിരിക്കുന്നു. തദനന്തരം അദ്ദേഹത്തിൻെറ അദ്ധ്യക്ഷതയിൽ കൂടിയ മരിയസഖ്യവാർഷികത്തിൽ റവ. ബ്രദർ ആൻറണി ബി. എ, മിസ് എ. ഡി. കത്രീന എന്നിവർ പ്രസംഗിച്ചു.

—പെരിഞ്ഞ മരിയസഖ്യത്തിൻെറ 21-ാമതു വാർഷികം മേയ് 18 ാംനു റവ. ഫാ. പപ്പിയാസ് സി. ഡി., ബി. എസ്. സി., ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീമതി പി. വി. അന്നക്കുട്ടി, ശ്രീ പി. എൽ. മത്തായി എന്നിവർ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു.

—കോട്ടപ്പടി യുവജനകത്തോലിക്കാ പ്രവർത്തന സംഘടനയുടെ 4-ാമതു വാർഷികം റവ. ഫാ. ജോസഫ് കണ്ടകുളത്തിൻെറ അദ്ധ്യക്ഷതയിൽ മേയ് 14-ാംനു കൊണ്ടാടിയിരിക്കുന്നു. ശ്രീ സി. വി. ജോസഫ് ബി. എ. പ്രസംഗിക്കുകയും ശ്രീ പി. ടി. ജോസഫ് കഥാപ്രസംഗം നടത്തുകയും ചെയ്തു.

—പാലാ സെൻറ് തോമസ് ഫൊറോനാപള്ളിയിലെ വാർഷികധ്യാനം റവ. ഫാ. ജോസഫ് വേഴമ്പത്തോട്ടം അവർകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരിക്കുന്നു.

—മഞ്ഞൂർ സെൻറ് ജോൺസ് ദേവാലയാങ്കണത്തിൽ റവ. ഫാ. പോൾ ചെമ്പകശ്ശേരി അവർകളുടെ അദ്ധ്യക്ഷതയിൽകൂടിയ മഹായോഗത്തിൽവച്ച് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ ഉൽഘാടനം ചെയ്തിരിക്കുന്നു. ശ്രീ മത്തു പോൾ, ശ്രീ കെ. സി. ചാക്കോ ബി. എ. എന്നിവർ പ്രസംഗിച്ചു.

—അന്ത്യാളത്ത് ഫാത്തിമാമാതാവിൻെറ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന കപ്പേളയിൽ മേയ് 13-ാംനു മാതാവിൻെറ തിരുനാൾ പ്രമാണിച്ച് കാലത്തുമുതൽ വൈകുന്നേരംവരെ നിരവധിജനങ്ങൾ കൂട്ടംകൂട്ടമായിവന്നു ജപമാല ചൊല്ലിയിരിക്കുന്നു.

[പ്രസിദ്ധീകരണാർത്ഥം വാർത്തകളയക്കുമ്പോൾ അവ അയക്കുന്നവരുടെ ശരിയായ പേരും മേൽവിലാസവും ഒപ്പും ഉണ്ടായിരിക്കണം. വാർത്തകളിലെ സംജ്ഞാനാമങ്ങൾ വളരെ വ്യക്തമായി എഴുതിയിരിക്കയും വേണം. പത്രാധിപർ]




അമേരിക്കയിലെ ഒരു വൈദികൻെറ അനുഭവമാണിതു്. അദ്ദേഹം ബസ്സിൽ യാത്രചെയ്യുകയായിരുന്നു. പത്രങ്ങൾ വിററിരുന്ന ഒരു ബാലൻ അതിലുണ്ടായിരുന്നു. ബസ്സ് ഒരിടത്തു നിർത്തിയപ്പോൾ പത്രവില്പനക്കാരനായ ഒരു വൃദ്ധനും ബസ്സിൽ കയറിപ്പററാൻ ശ്രമിച്ചു. അപ്പോൾ ആ ബാലൻ "തനിക്കിവിടെ എന്തു കാര്യം? ഞാനാണ് ഇതിൽ പതിവായി പത്രം വില്ക്കുന്നതു്" എന്നു പറഞ്ഞു വൃദ്ധനു ഒരു തള്ളുകൊടുത്തു. അയാളുടെ അടയാളങ്ങൾ മറിഞ്ഞുവീഴുകയും ചെയ്തു. പത്രങ്ങളെല്ലാം ചിതറിപ്പോയി. ഉടൻതന്നെ സമീപത്തുണ്ടായിരുന്ന ഒരു തടിയൻ വന്നു "കാരണോരോട് ഇങ്ങനെയാണോ ചെയ്യുന്നതു്?" എന്നു ചോദിച്ചു ബാലനെ ശാസിക്കയും വൃദ്ധൻെറ പത്രങ്ങളെല്ലാം പെറുക്കിയെടുത്തു അയാളെ ഏല്പിക്കയും ചെയ്തു. അനന്തരം ആ തടിയൻ വൃദ്ധനെ സഹായിക്കാനെന്ന ഭാവത്തിൽ തൻെറതൊപ്പി മലർത്തിക്കാണിച്ചുകൊണ്ടു് അതിൽഒരുപിരിവുനടത്തി. ആദ്യം അയാൾതന്നെ ഒരു ഡോളറിട്ടു. പിന്നീടു് വൈദികൻെറ പക്കൽവന്നു. അദ്ദേഹവുമിട്ടു ഒരു നാണയം. അങ്ങനെയെല്ലാവരും യഥാശക്തി സംഭാവനകൾ നൽകി. എല്ലാംകൂടി തടിയൻ ആ വൃദ്ധനെ ഏല്പിക്കയും ചെയ്തു. അന്നു വൈകുന്നേരം വൈദികൻ അതേ ബസ്സിൽ മടങ്ങിവരവേ, ഒരു സ്ഥലത്തുവച്ചു വൃദ്ധൻ പത്രക്കെട്ടുമായി വണ്ടിയിൽ കയറി. കുറച്ചുകഴിഞ്ഞു ബാലനും കയറിവരുകയും വൃദ്ധനെ തള്ളിമറിക്കയും ചെയ്തു. ഉടൻ തടിയൻ ഓടിയെത്തി. പഴയരംഗം വീണ്ടും അഭിനയിക്കപ്പെട്ടു. ഇപ്രാവശ്യം വൈദികൻെറ പക്കൽ തൊപ്പി കാണിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "നിവൃത്തിയില്ല. ഞാൻ ആദ്യത്തെ കളി കണ്ടതാണ്. (I was here for the matinee.)"

* * *

സ്കൂട്ടുകാരൻ: "ഇന്നലെ ഒരു കള്ളുകുടിയൻ വഴിക്കുവച്ചു ഒരു സ്ത്രീയെ തല്ലുന്നതു കണ്ടു."

സ്നേഹിതൻ: നീങ്ങൾ എന്നിട്ടതു കണ്ടുകൊണ്ടു പോരുകയാണോ ചെയ്തതു്? Chivalry വേണ്ടേ?"

സ്കൂട്ടുകാരൻ: "ഞാൻ വെറുതെപോന്നില്ല. ഞാൻ ചെന്നു പറഞ്ഞു: പെണ്ണുങ്ങളെ തല്ലാൻ നാണമാകയില്ലേ? ചുണയുണ്ടെങ്കിൽ ആണുങ്ങളെ തല്ല്."

സ്നേഹിതൻ: "എന്നിട്ടോ?"

സ്കൂട്ടുകാരൻ: "അതാണ ഞാൻ ഓക്കുന്നതു."

* * *

പാലു് അടുപ്പത്തുവച്ചശേഷം അതു നോക്കാൻ അമ്മ ജോണിയെ ഏല്പിച്ചുകൊണ്ടു പുറത്തേക്കുപോയി. കുറച്ചു നേരത്തേക്കു് ഒന്നുമുണ്ടായില്ല. അനന്തരം ജോണി വിളിച്ചുപറകയാണു്: "അമ്മേ ഓടിവാ! പാലു് കലത്തെക്കാൾ വലുതാകുന്നു."

* * *

പോലീസുകാരൻ (ഇൻസ്പെക്ടരോടു്): "ഏമാനെ, ഇയാൾ മാസ്കുമായി ഇടി കൂടിക്കൊണ്ടിരുന്നപ്പോഴാണു ഞാൻ ഇയാളെ അറസ്റ്റു ചെയ്തതു്."

കുററപ്പുള്ളി: "അറസ്റ്റു് ചെയ്തതു എന്നല്ല പറയേണ്ടതു് ഏമാനേ. രക്ഷപെടുത്തിയതു എന്നുവേണം പറവാൻ."

കുർബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്ക് സ്റ്റോഴ്സ് - എറണാകുളം

## തീർത്ഥയാത്രാവിശേഷങ്ങൾ

(ഫാ. പോൾ കുഴിക്കാട്ടു് ബി. എ.)

ലണ്ടൻ 10-5-50. ഞങ്ങൾ മേയ് 7-ാംനു പാരീസിൽനിന്നും ലണ്ടനിൽ എത്തി. പുരാതനവും ചരിത്രപ്രസിദ്ധവുമായ സ്ഥാപനങ്ങളും സ്ഥലങ്ങളും പൊതുവായി സന്ദർശിച്ചു. "ടെലിവിഷൻ" ആദ്യമായി ഞങ്ങൾ ഇവിടെവച്ചാണു് ദർശിച്ചതു്. ന്യൂനപക്ഷമെങ്കിലും കത്തോലിക്കർ രാഷ്ട്രീയ കാര്യങ്ങളിലും മററും ഗണ്യമായ സ്ഥാനങ്ങൾ വഹിക്കുന്നുണ്ടു്.

റവ. ഫാ. കാക്കശ്ശേരി പി എച്ച്. ഡി. ഡി. ഡി., ഫാ. ജോസഫ് പുതിയപറമ്പിൽ, ബി.എ., മി.കെ. വി. തോമസ് ബി. എ. ബി. എൽ. ഒരുമിച്ച് ഞാൻ സുപ്രസിദ്ധ വാഗ്മിയും സാഹിത്യകാരനുമായ റവ. ഫാ. സി. സി. മാർട്ടിൻഡയിലിനെ അദ്ദേഹത്തിൻെറ ഫ്ളീററു് സ്റ്റ്റീററിലെ (Fleet Street) വസതിയിൽ സന്ദർശിച്ചു. ദീർഘനേരം അദ്ദേഹം ഞങ്ങളോടു സംസാരിച്ചു. ഇൻഡ്യൻ ജനതതിയുടെ സ്വാതന്ത്ര്യത്തിൽ സന്തോഷിക്കുന്നുവെന്നും, വ്യക്തിപരമായ വിശുദ്ധീകരണംകൊണ്ടുമാത്രമേ ഭാരതത്തെ മാനസാന്തരപ്പെടുത്തുവാൻ സാധിക്കുകയുള്ളു എന്നും അദ്ദേഹം പറഞ്ഞു. ഞങ്ങൾ നാലുപേരുംകൂടി ഇന്നലെ ഇൻഡ്യാഹൗസിൽവച്ച് ഇൻഡ്യൻ ഹൈക്കമ്മീഷണർ മി. വി. കെ. കൃഷ്ണമേനവനെ സന്ദർശിച്ചു. തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിലെ രാഷ്ട്രീയ സ്ഥിതിഗതികളെപ്പററി മി. മേനവൻ പലതും ചോദിച്ചതിനു ഞങ്ങൾ സമുചിതമായി മറുപടിപറഞ്ഞു. അദ്ദേഹം ഒരുമിച്ചു ഞങ്ങൾ നാലുപേരും ചായകുടിച്ചതിനുശേഷം, മി. മേനവൻെറ പ്രത്യേകശുപാർശപ്രകാരം ഞങ്ങളെ പാർലിമെൻറ് ഹൗസിലേക്കു അദ്ദേഹത്തിൻെറ സെക്രട്ടറി നയിച്ചു. അപ്പോൾ ഹൗസ് ഓഫ് കോമൺസിൽ ബമ്മായ്ക്കു പണം കടം കൊടുക്കുന്ന വിഷയത്തെപ്പററി തീവ്രമായി വാഗ്പ്രതിവാദങ്ങൾ നടക്കുകയായിരുന്നു. മെ. ആററ്ലി, ചർച്ചിൽ, ആൻറണി ഈഡൻ മുതലായ മഹാരഥന്മാരെ അവിടെ ഞങ്ങൾ കണ്ടു. ഗാലറിയിൽ ഞങ്ങൾക്കു പ്രഥമസ്ഥാനം നൽകിയിരുന്നു. രണ്ടു മണിക്കൂർ നേരം ഞങ്ങൾ പാർലിമെൻറു് മന്ദിരത്തിൽ കഴിച്ചുകൂട്ടി.

ഇന്നു 10-ാം തീയതി ഞങ്ങൾ നാലുപേരുംകൂടി വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ കർദ്ദിനാൾ ഗ്രിഫിൻ തിരുമേനിയെ സന്ദർശിച്ചു. മുക്കാൽ മണിക്കൂർനേരം ഞങ്ങൾ തിരുമേനിയുമായി സംസാരിച്ചു. ഭാരതം പൊതുവിലും, കേരളം പ്രത്യേകിച്ചും ഞങ്ങളുടെ സംസാരവിഷയമായിരുന്നു. കേരളീയരുടെ വിശ്വാസതീക്ഷ്ണതയെപ്പററി തിരുമേനിക്കു അറിവുണ്ടെന്നുംമററും പറഞ്ഞു. തിരുമേനിയുടെ ഓരോ ഫോട്ടോ ഞങ്ങൾക്കു സ്മരണയ്ക്കായി നൽകിയെന്നുള്ളതു അഭിമാനകരമാണു്. ഇതിനുശേഷം ഞങ്ങൾ, Universe, Catholic Herald, The Times, Catholic Truth Society, Newman's association ഓഫീസ് ഇവയെല്ലാം സന്ദർശിച്ചു. ഇവിടെയെല്ലാം ഞങ്ങൾക്കു് ഹൃദ്യമായ സ്വീകരണമാണു് ലഭിച്ചതു്. ഇൻഡ്യയിൽനിന്നും ദീർഘമായ വിമാനയാത്രകഴിച്ചു് വിശുദ്ധവത്സരത്തിൽ ഇക്കാലത്തു തീർത്ഥാടനത്തിനു പുറപ്പെട്ട ഭാരതീയരുടെ വിശ്വാസചൈതന്യത്തിൽ ഫാദർ മാർട്ടിൻഡെയിലും കർദ്ദിനാൾ ഗ്രിഫിൻ തിരുമേനിയും വിസ്മയം പ്രകടിപ്പിക്കുകതന്നെചെയ്തു. "ഞാൻ നിങ്ങളെയും നിങ്ങളുടെ രാജ്യത്തെയും ആശീർവ്വദിക്കുന്നു" എന്നാണു് തിരുമേനി ഉപചാരപൂർവ്വം യാത്രപറഞ്ഞപ്പോൾ ആശംസിച്ചതു്. ഞങ്ങൾ 4 പേർക്കും ഫാദർ മാർട്ടിൻഡെയിൽ അദ്ദേഹത്തിൻെറ സ്വന്തം കൈപ്പടയിൽ ആശംസകൾ ലേഖനം ചെയ്തുകൊണ്ടു് അദ്ദേഹത്തിൻെറ സ്വന്തം കൃതികളായ ഗ്രന്ഥങ്ങൾ സമ്മാനമായി നൽകിയെന്നുള്ളതും സ്മരണീയമാണു്. രണ്ടു ദിവസമായി ഇംഗ്ലണ്ടിൽ വെയിലുണ്ടു്. ഇതിൽ എല്ലാവരും ഉത്സാഹഭരിതരായിക്കാണുന്നു. ഞങ്ങൾ സ്വിററ്സർലണ്ടിലേക്കു പറക്കുന്നതാണു്. അവിടെനിന്നും വീണ്ടും റോമാവഴി ബോംബെയിലേക്കും പറന്നു് 13-ാംനു ബോംബെയിൽ എത്തും. (തീർത്ഥകസംഘം മേയ് 15-ാംനു ബോംബെയിൽ മടങ്ങിയെത്തിയതായറിയുന്നു).

## പുതിയ പുസ്തകം

"ഡാനിയേലിൻെറ പഴങ്കഥകളും കോടതിവിധിയും"

ഗ്രന്ഥകർത്താ: ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി. വില 8 ണ.

മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്
എറണാകുളം

## തി-കൊ വാർത്തകൾ

സ്റ്റേററുകോൺഗ്രസ് പ്രക്ഷോഭണകാലത്തു് സമരത്തിലേർപ്പെട്ടു മുറിവേല്ക്കുകയോ മററു കഷ്ടനഷ്ടങ്ങൾ അനുഭവിക്കുകയോ ചെയ്തവരായവരുടെ മക്കൾക്കു് സൗജന്യവിദ്യാഭ്യാസം നല്കുന്നതിനു് ഗവമ്മെൻറ് തീരുമാനിച്ചിരിക്കുന്നു.

—തിരുവിതാംകൂർ ദേവസ്വംബോർഡിലേക്കു് രാജപ്രമുഖൻെറ പ്രതിനിധിയായി തിരുവല്ലാ മുനിസിപ്പൽ ചെയർമൻ മി. ഈശ്വരൻ നമ്പൂതിരിയെയും മന്ത്രിസഭയിലെ ഹിന്ദുമെമ്പർമാരുടെ പ്രതിനിധിയായി മി. പി. ജി. എൻ. ഉണ്ണിത്താനെയും നോമിനേററു ചെയ്തിരിക്കുന്നു.

—ഡോക്ടർ പി. ജെ. തോമസിൻെറ അദ്ധ്യക്ഷതയിൽ രൂപവൽക്കരിച്ചിരിക്കുന്ന കുടിൽവ്യവസായക്കമ്മിററി തിരുവനന്തപുരത്തുവച്ചുകൂടി, രാജ്യവ്യാപകമായ തോതിൽ കുടിൽവ്യവസായത്തെപ്പററി ഒരു സർവ്വേ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററു് നെഹ്റുവും പാർട്ടിയും മേയ് 31-ാംനു ഉച്ചതിരിഞ്ഞു 3-30നു് വിമാനമാർഗ്ഗം തിരുവനന്തപുരത്തെത്തിച്ചേരുന്നതും 4-30നു് കാർമാർഗ്ഗം കന്യാകുമാരിയിലേക്കു പുറപ്പെട്ടു് അന്നുരാത്രി അവിടെ വിശ്രമിച്ചശേഷം പിറേറദിവസം കാലത്തു് 8-30നു് തിരുവനന്തപുരത്തു തിരിച്ചെത്തി രാത്രി 8-30നു് യൂണിവേഴ്സിററി സ്റ്റേഡിയത്തിൽവച്ചു കൂടുന്ന പൊതുയോഗത്തിൽ പ്രസംഗിക്കുന്നതും ജൂൺ 2-ാംനു പ്രഭാതത്തിൽ വിമാനമാർഗ്ഗം കൊച്ചിയിലെത്തി ഉച്ചതിരിഞ്ഞു 4-30നു് എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽകൂടുന്ന പൊതുയോഗത്തിൽ സംബന്ധിക്കുന്നതും അതിനുശേഷം കപ്പൽമാർഗ്ഗം ഇൻഡൊനേഷ്യയിലേക്കു തിരിക്കുന്നതുമാണു്.

## ഇൻഡ്യാവാർത്തകൾ

ഇൻഡ്യൻ ധനകാര്യമന്ത്രി ഡോക്ടർ ജോൺ മത്തായി കേന്ദ്രപാർലിമെൻറ് അംഗത്വം രാജിവച്ചിരിക്കുന്നു. ജൂൺ 1-ാംനു അദ്ദേഹം ധനകാര്യമന്ത്രിപദം രാജിവയ്ക്കുന്നതാണെന്നറിയുന്നു.

—കേന്ദ്രമന്ത്രിസഭയിൽ, ശ്രീ ചക്രവർത്തി രാജഗോപാലാചാരിയെയും ആസാം ഗവർണ്ണറായ ശ്രീ പ്രകാശത്തെയും പുതുതായ നിയമിച്ചിരിക്കുന്നു.

—ശ്രീ പ്രകാശത്തിൻെറ ഒഴിവിൽ ആസാം ഗവർണ്ണരായി ഇൻഡ്യൻ ഭക്ഷ്യകാര്യമന്ത്രിയായിരുന്ന ശ്രീ ജയറാം ദാസ് ദൌളത്ത്റാമിനെ നിയമിച്ചിരിക്കുന്നു

## ഒരു വിശദീകരണം

(5-ാം പേജ് തുടർച്ച)

ത്തിൽ 131-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള രഹസ്യക്കത്തിൽ പറയുന്ന മതസ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള വകുപ്പു് വാദപ്രതിവാദത്തിനു വന്നപ്പോൾ നിരീശ്വരവാദികൾ അതിനെ എത്രയും ശക്തിയായി എതിർത്തെന്നു്. (Vide Mission to Moscow Pocket Edition, Pages 105 and 106)

മി. ഡേവിസിനെ സംബന്ധിച്ചു, അദ്ദേഹത്തിന്റെ ഈ ഗ്രന്ഥത്തെ സംബന്ധിച്ചും കമ്മ്യൂണിസ്റ്റുകൾക്കു വളരെ നല്ല അഭിപ്രായമാണുള്ളതെന്നു് നാം മനസ്സിലാക്കേണ്ടതാണു്.

ഈ കത്തിനു താഴെയായി തെരഞ്ഞെടുപ്പിൽ മതവിശ്വാസികളോടനുവർത്തിക്കേണ്ട നയം എന്തായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചു് ആയിടെ, നിരീശ്വരപ്രസ്ഥാനത്തിന്റെ പ്രസിഡന്റായ യാരോസ്ലാവിസ്കിയുടെ പേരുവച്ചു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ലേഖനഖണ്ഡവും ചേർത്തിട്ടുണ്ടു്. അതിൽ പറയുന്നു:

"If a certain priest took it into his head to place himself as a candidate to a local Soviet or even the Supreme Soviet we would have the right to carry on a struggle against such a candidate in depicting him as an example of the evil of religion and religious superstition."

(Ibid P. 106)

പ്രസ്തുത പുസ്തകത്തിന്റെ മറ്റൊരു ഭാഗത്തു പറയുന്നു, ഭരണഘടന പാസ്സാക്കിയശേഷവും "Every effort is made to substitute worship of man or men for the worship of God" എന്നു്.

(Ibid P. 352)

c) ശരിയായി പഠിക്കുകയാണെങ്കിൽ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും 1919-ൽ കോമിന്റേൺ ഭരണസമിതി അംഗീകരിച്ചിട്ടുള്ള താഴെ കാണുന്ന നയപരിപാടിയുടെ പശ്ചാത്തലത്തിലാണു് 124 ാം വകുപ്പു് രചിച്ചിട്ടുള്ളതെന്നു്.

"ആരാധനാസ്വാതന്ത്ര്യം നല്കുകയും മുമ്പു് ആധിപത്യം വഹിച്ചിരുന്ന മതത്തിന്റെ വിശേഷാധികാരങ്ങൾ എല്ലാം നിറുത്തലാക്കുകയും ചെയ്യുന്നതോടുകൂടിത്തന്നെ തൊഴിലാളിരാഷ്ട്രം അതിന്റെ സർവ്വശക്തികളും ഉപയോഗിച്ചു് നിർമ്മതപ്രചരണവേല നടത്തിക്കൊണ്ടിരിക്കുകയും ശാസ്ത്രീയമായ ഭൗതികതത്വത്തെ അടിസ്ഥാനപ്പെടുത്തി അതിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളെല്ലാം പരിഷ്കരിക്കുകയും വേണം."

ഇതിൽനിന്നു മനസ്സിലാക്കാം റഷ്യയിൽ അനുവദിച്ചിട്ടുള്ള ഈശ്വരാരാധനാസ്വാതന്ത്ര്യംപോലും പേരിനുമാത്രം (nominal) ഉള്ളതാണെന്നു്. ഈശ്വരാരാധനാസ്വാതന്ത്ര്യംമാത്രം അനുവദിച്ചിട്ടു് (പ്രചരണസ്വാതന്ത്ര്യത്തിനു വകുപ്പില്ലാതെ) മതവിരുദ്ധപ്രചരണസംരംഭങ്ങൾ അതിന്റെ സകല അടവുകളോടുംകൂടി ശക്തിപ്പെടുത്തുന്നതു് ഒരു കൈകൊണ്ടു നല്കുന്ന ദാനം മറ്റേ കൈകൊണ്ടു് തിരികെ വാങ്ങുന്നതിനു സമമല്ലയോ?

3. ഈയവസരത്തിൽ 124-ാം വകുപ്പിന്റെ പരിണാമത്തെസംബന്ധിച്ചു് അല്പം മനസ്സിലാക്കുന്നതു കൊള്ളാം. 1918-ൽ രൂപീകരിക്കപ്പെട്ട സോവ്യറ്റുഭരണഘടന മതത്തിനനുകൂലമായും പ്രതികൂലമായുമുള്ള പ്രചരണങ്ങളെ അംഗീകരിച്ചിരുന്നു. എന്നാൽ 1929-ൽ നടപ്പിൽവരുത്തിയ ഭേദഗതിയനുസരിച്ചു് മതപ്രചരണത്തിനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. 1929-ൽ നടപ്പിൽ വരുത്തിയ ഈ മതപ്രചരണസ്വാതന്ത്ര്യനിരോധനത്തെ നീക്കുവാൻ 1936ലെ ഭരണഘടനാനിർമ്മാതാക്കൾ ആഗ്രഹിച്ചിരുന്നുവെങ്കിൽ അവർ ആ വസ്തുത 124 ാം വകുപ്പിൽ വ്യക്തമാക്കിയേനേ. പക്ഷേ അവർ അതു് അങ്ങനെ വ്യക്തമാക്കിയിട്ടില്ല. ഈ വസ്തുതയിൽനിന്നും മനസ്സിലാക്കാം മതപ്രചരണനിരോധനം ഒരു മുൻനടവടി (tradition) എന്ന നിലയിൽ എങ്കിലും 124-ാം വകുപ്പിൽ അന്തർലീനമായിട്ടുണ്ടെന്നു്.

4. 124-ാം വകുപ്പു് മതപ്രചരണസ്വാതന്ത്ര്യം അംഗീകരിച്ചിരുന്നുവെങ്കിൽ ആ അംഗീകാരം മതവിരുദ്ധപ്രചരണാംഗീകാരത്തോടുകൂടിത്തന്നെ ചേർക്കുമായിരുന്നു. ഈ മതപ്രചരണസ്വാതന്ത്ര്യം മൗലികാവകാശങ്ങളെക്കുറിച്ചു് പ്രതിപാദിക്കുന്നിടത്തുതന്നെ ചേർക്കുകയാണു് സാധാരണ പതിവു്. ഉദാ. നമ്മുടെ ഇന്ത്യൻ ഭരണഘടനതന്നെയെടുക്കുക. അതിൽ മൗലികാവകാശങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന 3-ാം ഭാഗത്തു് 25-ാം വകുപ്പായി മതപ്രചരണസ്വാതന്ത്ര്യം അസന്നിഗ്ദ്ധമായ ഭാഷയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സോവ്യറ്റുഭരണഘടനയെ സംബന്ധിച്ചുള്ള മറ്റൊരു രസകരമായ വസ്തുത ആരാധനാസ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള ഒരു സൂചനപോലും മറ്റുയാതൊരു വകുപ്പിലും കാണുന്നില്ലായെന്നുള്ളതത്രെ. 1936 ലെ ഭരണഘടനയിലെ നമ്മുടെ വിവാദവിഷയമായ 124-ാം വകുപ്പിനെ സംബന്ധിച്ചു് മോസ്കോ വിദേശഭാഷാ പ്രസിദ്ധീകരണശാലയിൽനിന്നും പ്രസിദ്ധീകരിച്ചിരിക്കുന്ന History of the Communist Party of the Soviet Union (C. P. S. W (B)) 1948 എന്ന ഗ്രന്ഥത്തിൽ പറയുന്നതു് Freedom of conscience and freedom of antireligious propaganda is recognized for all citizens എന്നാണു്. Freedom of religious worship എന്നുള്ളതു് അവർ സൗകര്യകരമാംവിധം പുറംതള്ളിയിരിക്കുന്നു.

ഇതിൽനിന്നെല്ലാം ഈശ്വരാരാധനയേയും മതപ്രചരണസ്വാതന്ത്ര്യത്തേയും സംബന്ധിച്ചുള്ള ഭരണഘടനയുടെ നില ഏതാണ്ടു് വ്യക്തമായല്ലോ.

മേൽപ്രസ്താവിച്ച വസ്തുതകളുടെയെല്ലാം വെളിച്ചത്തിൽ വേണം 124-ാം വകുപ്പിനെ സംബന്ധിച്ചുള്ള എന്റെ കുറിപ്പു് വീക്ഷിക്കുവാൻ. ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ മി. അഗസ്റ്റിനുമായി വാദപ്രതിവാദത്തിൽ ഏർപ്പെട്ട മാന്യൻ എന്റെ കുറിപ്പു് അർദ്ധസത്യമാണെന്നു പറയുമായിരുന്നില്ല.

Truth is propaganda എന്നുള്ള മതക്കാരാകുവാൻ നാം ആഗ്രഹിക്കുകയില്ലല്ലോ.

ഈയവസരത്തിൽ ഐസി-ഡാനിയേൽകേസു് ഉദാഹരണമായി കൊണ്ടുവന്നിരിക്കുന്നതെന്തിനാണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

124-ാം വകുപ്പിനെക്കുറിച്ചു് തല്ക്കാലം ഇത്രമാത്രം.

5. മി. അഗസ്റ്റിന്റെ കുറിപ്പിൽ "Freedom of assembly and meetings, freedom of street processions and demonstrations എന്നിവ 125-ാം വകുപ്പിൻപ്രകാരവും ഓരോ പൗരനും നല്കപ്പെടുന്ന സ്ഥിതിക്കു് മതപ്രചാരസ്വാതന്ത്ര്യം ഭരണഘടനപ്രകാരം എല്ലാവർക്കും സിദ്ധിക്കുകയാണു ചെയ്യുന്നതു്" എന്നു നമ്മുടെ കമ്മ്യൂണിസ്റ്റ് സ്നേഹിതൻ പറഞ്ഞതായി കാണുന്നു. 125-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ഈ സ്വാതന്ത്ര്യങ്ങളെക്കുറിച്ചും ഒരു പഠനം നടത്തുന്നതു് സംഗതമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ആദ്യമായിത്തന്നെ 125-ാം വകുപ്പിന്റെ പൂർണ്ണരൂപം എന്റെ കമ്മ്യൂണിസ്റ്റ് സ്നേഹിതൻ അറിഞ്ഞിരിക്കേണ്ടതാണു്. എന്റെ കൈവശമുള്ള സോവ്യറ്റുഭരണഘടനയുടെ ഔദ്യോഗിക പുസ്തകത്തിൽനിന്നും 125-ാം വകുപ്പിന്റെ പൂർണ്ണരൂപം ഞാൻ ഉദ്ധരിച്ചുകൊള്ളുന്നു.

"Article 125. In conformity with the interests of the working people and in order to strengthen the socialistic system, the citizens of the U. S. S. R. are guaranteed by law:

(a) freedom of speech;
(b) freedom of the press;
(c) freedom of assembly, including the holding of mass-meetings;
(d) freedom of street processions and demonstrations.

These civil rights are ensured by placing at the disposal of the working people and their organizations printing presses, stocks of paper, public buildings, the streets, communications, facilities and other material requisites for the exercise of these rights." (കീഴ്‌വര എന്റേതു്)

നമ്മുടെ സ്നേഹിതൻ പറയുന്ന സമ്മേളനസ്വാതന്ത്ര്യവും ഘോഷയാത്രാസ്വാതന്ത്ര്യവും പ്രകടനസ്വാതന്ത്ര്യവും ഈ വകുപ്പിൽ ഉണ്ടു്. പക്ഷേ ഈ സ്വാതന്ത്ര്യങ്ങൾ ചില വ്യവസ്ഥകളിൻകീഴ്, ചില പരിധികളിൽമാത്രം ഉപയോഗിക്കുവാനുള്ളവയാണെന്നുള്ള വസ്തുത അദ്ദേഹം മറന്നുപോയിരിക്കുന്നു. ഈ വ്യവസ്ഥകൾ എന്തൊക്കെയാണു്?

(a) In conformity with the interest of the working people: ഒരു പ്രകടനമോ ഒരു യോഗമോ തൊഴിലാളികളുടെ താല്പര്യത്തിനു അനുയോജ്യമായതാണോ അല്ലയോ എന്നു തീരുമാനിക്കേണ്ടതാരാണു്? പുരോഹിതന്മാർ തൊഴിലാളിക്ഷേമത്തിനു് യഥാർത്ഥത്തിൽ അനുയോജ്യമെന്നു വിചാരിക്കുന്നതു് കമ്മ്യൂണിസ്റ്റുകൾ അതിനു വിരുദ്ധമെന്നു് പറയുകയാണു് പതിവു്.

(b) ഇതിലും പ്രധാനമായി മറ്റൊരു വ്യവസ്ഥയുള്ളതു്, യോഗങ്ങൾ ചേരുന്നതും ഘോഷയാത്രയും മറ്റും നടത്തുന്നതും മറ്റും സോഷ്യലിസ്റ്റു് വ്യവസ്ഥിതി ശക്തിപ്പെടുത്തുന്നതിനുവേണ്ടിയായിരിക്കണമെന്നുള്ളതത്രേ. യഥാർത്ഥ സോഷ്യലിസം മതത്തിനെതിരാണു. അപ്പോൾ മതപ്രചരണപരമായ യോഗങ്ങൾ ചേരുന്നതും പ്രകടനങ്ങൾ നടത്തുന്നതും മറ്റും 125-ാം വകുപ്പിനു് എതിരല്ലേ എന്നു് മാന്യസ്നേഹിതൻ ഒന്നാലോചിക്കേണ്ടതാണു്.

(c) തൊഴിലാളികളുടെയും അവരുടെ സംഘടനകളുടെയും ഉപയോഗത്തിനായി അച്ചുകൂടങ്ങൾ, കടലാസു്, പൊതുമന്ദിരങ്ങൾ മുതലായവ വിട്ടുകൊടുത്തുകൊണ്ടത്രേ മേൽപ്പറഞ്ഞ സ്വാതന്ത്ര്യങ്ങൾക്കു് ഉറപ്പു നൽകിയിരിക്കുന്നതു്. Working people and their organizations എന്നുള്ളതിന്റെ പരിധിയിൽ മതസംഘടനകൾ ഉൾപ്പെടുമോയെന്നുള്ളതു് സംശയാസ്പദമാണു്.

(d) മാന്യസ്നേഹിതൻ പ്രശംസിച്ചു പറയുന്ന ഈ freedom of assembly and meeting, freedom of street processions and demonstration മുതലായവ പൊള്ളയാണെന്നു് ഭരണഘടനാവിമർശനങ്ങൾക്കു് മറുപടി പറഞ്ഞുകൊണ്ടു് സ്റ്റാലിൻ ചെയ്തിട്ടുള്ള താഴെകാണുന്ന പ്രസംഗഭാഗത്തിൽനിന്നും മനസ്സിലാക്കാവുന്നതാണു്.

അദ്ദേഹം പറയുന്നു: "In the U. S. S. R. there is ground for only one party, the Communist Party. In the U. S. S. R. only one party can exist, the Communist Party which courageously defends the interests of the workers and peasants (കീഴ്‌വര എന്റേതു്) (Vide J. Stalin on the Draft Constitution of the U. S. S. R. Foreign Languages Publishing House, Moscow 1945)

ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ 125-ാം വകുപ്പിൽ പറയുന്ന Freedom of Assembly മുതലായവ പൊള്ളയാണെന്നു് പരോക്ഷമായിട്ടു് തെളിയുന്നുണ്ടല്ലോ. കമ്മ്യൂണിസ്റ്റുപാർട്ടിയല്ലാതെ മറ്റു് യാതൊരു പാർട്ടിക്കും സ്ഥാനമില്ലാത്ത റഷ്യയിലാണു്—കമ്മ്യൂണിസത്തിനെതിരായി സംസാരിക്കുവാനോ യോഗം ചേരുവാനോ പ്രകടനം നടത്തുവാനോ സ്വാതന്ത്ര്യം ഇല്ലാത്ത റഷ്യയിലാണു്—പ്രസംഗസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരിക്കുന്നതു്! അവിടെയാണുപോലും മനസ്സാക്ഷിസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരിക്കുന്നതു്! അവിടെയാണുപോലും കമ്മ്യൂണിസത്തിനെതിരായ മതത്തിനു്—കമ്മ്യൂണിസ്റ്റുകൾ മനുഷ്യനെ മയക്കുന്ന കറുപ്പെന്നു് വിചാരിക്കുന്ന മതത്തിനു്—പ്രചരണസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരിക്കുന്നതു്!

### പുസ്തകാഭിപ്രായം

## ദിവ്യഭോജനം

[രചയിതാവു് ഫാ. ജോൺ നരയംപറമ്പിൽ വില 0 9-0. എസ്. എച്ച്. ലീഗ്, ആലുവാ.]

ക്രിസ്തീയജീവിതത്തിന്റെ ജീവനാഡിയാണു് വി. കുർബാന. വിശ്വാസികൾ അതിൽ വെറും പ്രേക്ഷകരല്ല, പ്രത്യുത അവർ പുരോഹിതനോടുകൂടി ദിവ്യബലി അർപ്പിക്കുകയാണു ചെയ്യുന്നതു്. ഇപ്രകാരം ബലിസമർപ്പണത്തിനു ഫലപ്രദമാംവിധം ഉപയോഗപ്പെടുത്താവുന്ന ഒരു ആത്മസഖിയാണു് "ദിവ്യഭോജനം" എന്ന പ്രാർത്ഥനാപുസ്തകം. ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു സഹായകമായിരിക്കുന്നതിനു പുറമേ കുമ്പസാരം, കുരിശിന്റെവഴി എന്നിവയ്ക്കുപകരിക്കുന്ന പ്രാർത്ഥനകളും ഉൾക്കൊള്ളുന്നുണ്ടു് ഈ പ്രാർത്ഥനാപുസ്തകം. ഇതിന്റെ രണ്ടാം ഭാഗത്തിൽ ദിവ്യകാരുണ്യസ്വീകരണത്തിനു മുമ്പും പിമ്പുമായി ഉപയോഗിക്കാവുന്ന വിശിഷ്ടങ്ങളായ പ്രാർത്ഥനകൾ ആഴ്ചയിൽ ഓരോ ദിവസത്തേക്കും പ്രത്യേകം പ്രത്യേകമായി ചേർത്തിരിക്കുന്നു എന്നതു് ഇതിന്റെ ഒരു വിശേഷതയാണു്.

ലളിതമായ ഭാഷയിൽ വിരചിതമായ ഇതു് ആബാലവൃദ്ധം ജനങ്ങൾക്കും ഉപകാരപ്രദമായിരിക്കും.

## ജീവനുള്ള സക്രാരി

എസ്. എച്ച്. ലീഗ്, ആലുവാ.

ഇംഗ്ലീഷ് ഭാഷയിൽ "His other self" എന്ന നാമത്തിൽ വിരചിതമായ ഒരു ചെറുപുസ്തകത്തിന്റെ സ്വതന്ത്രാനുകരണമാണു് ഈ പുസ്തകം. "ഒരു യഥാർത്ഥകത്തോലിക്കൻ മിശിഹായുടെ സജീവസക്രാരിയാണെന്ന മഹാസത്യത്തിൽ കേന്ദ്രീകൃതമായ ഏതാനും ചിന്തകളുടെ സമാഹാര"മായിട്ടാണു് ഇതു വിരചിതമായിട്ടുള്ളതു്. ഓരോരുത്തരും യഥാർത്ഥ ക്രിസ്തുവാഹകരായി പരിണമിക്കുന്നതിനുള്ള പ്രചോദനം നൽകാതിരിക്കയില്ല ഇതിൽ അടങ്ങിയിരിക്കുന്ന ആശയതല്ലജങ്ങൾ.

തന്റെ പൗരോഹിത്യപരിശീലനത്തിന്റെ കൗമാരപ്രായത്തിൽതന്നെ ദിവംഗമിച്ച ഒരു സഹോദരന്റെ ശാശ്വതസ്മാരകമായി, മറ്റൊരു സഹോദരനാൽ സമർപ്പിതമായ ഈ വിശിഷ്ടോപഹാരം ഏവർക്കും സ്വീകാര്യമായിരിക്കും.

## ആ ദിവ്യസന്ദേശം

[രചയിതാവു്: ഫാദർ ജോസഫ് വേഴമ്പത്തോട്ടം.]

"സ്നേഹരാജനായ ഈശോ" എന്ന വിശിഷ്ടകൃതിമൂലം കേരളീയർക്കു സുപരിചിതനാണു് ഫാ. ജോസഫ് വേഴമ്പത്തോട്ടം. അദ്ദേഹം ഫാത്തിമാമാതാവിന്റെ കേരളസന്ദർശനാവസരത്തിൽ ചില ഇടവകകൾ ചേർന്നു നല്കിയ ഭക്തിനിർഭരമായ സ്വീകരണസ്മാരകമായി കൈരളിക്കു നല്കുന്ന ഒരു ചെറുപുസ്തകമാണു് "ആ ദിവ്യസന്ദേശം." പോർട്ടുഗൽ രാജ്യത്തു ഫാത്തിമാഗ്രാമത്തിൽ മാറ്റൊലിക്കൊണ്ട ആ ദിവ്യസന്ദേശം കേരളക്കരയിലും മുഖരിതമാകുന്നതിനു സഹായകമായിരിക്കും ഈ ലഘുവിവരണം.

## മാതൃവിലാപം

[ഗ്രന്ഥകർത്താ: റവ. ഫാദർ സൈമൺ സി. ഡി, പ്രിയോർ കുര്യാക്കോസ് മെമ്മോറിയൽ പബ്ലിഷിംഗ് ഹൗസ്, കൈനകരി. പേജ് 30. വില 8 ണ]

പുളിങ്കുന്നു ആശ്രമദേവാലയത്തിൽ വച്ചു് 1949 ഏപ്രിൽ 15-ാംനു ദിവംഗതനായ ക. നി. മൂ. സ. ഗൊൺസാൾവാസച്ചന്റെ അകാലനിര്യാണത്തെ അനുസ്മരിച്ചു്, ഒരു നല്ല വാസനാകവിയായ റവ. ഫാദർ സൈമൺ സി. ഡി. "അമ്മകന്നി"രീതിയിൽ രചിച്ചിട്ടുള്ള ഒരു കാവ്യമാണു മാതൃവിലാപം. പരേതന്റെ ശവസംസ്കാരവേളയിൽ റവ. ഫാദർ ഉറുമീസ് ടി. ഒ. സി. ഡി. ചെയ്ത പ്രസംഗം ഗ്രന്ഥത്തിനു അനുബന്ധമായി ചേർത്തിട്ടുമുണ്ടു്. കൈനകരി നിവാസികൾ മാത്രമല്ല, സഹൃദയലോകംമുഴുവൻ ഈ ഗ്രന്ഥതല്ലജത്തിനു സ്വാഗതമരുളുമെന്നു വിശ്വസിക്കുന്നു.

# പ്രസാദവരജീവൻ

(ജി. സി. ഡി.)

## 1 മനുഷ്യനു ലഭിച്ച ത്രിവിധദാനങ്ങൾ

മനുഷ്യവംശത്തിന്റെ ആദിമാതാപിതാക്കന്മാരായ ആദത്തിന്റെയും ഹവ്വായുടെയും സൃഷ്ടികർമ്മത്തോടെതന്നെ അവർക്കു ത്രിവിധാനുഗ്രഹങ്ങളാണു് ദൈവം പ്രദാനം ചെയ്തതു്: അതായതു സ്വാഭാവികം —Natural— (ആത്മാവും ശരീരവും); —അഭൗമികം അഥവാ ദൈവികം—Supernatural- (ദൈവികജീവനിലെ ഭാഗഭാഗിത്വം, പ്രകൃത്യതീതം— Praeternatural—(യാതനകളിൽനിന്നും മരണത്തിൽനിന്നും, ഉത്തമാംശത്തോടുള്ള അധമാംശത്തിന്റെ പോരാട്ടത്തിൽനിന്നുമുള്ള വിമുക്തി. ഈ പ്രകൃത്യതീതദാനം മനുഷ്യസ്വഭാവത്തിനു മേലെപ്പട്ടതാണെങ്കിലും സർവ്വസൃഷ്ടസ്വഭാവത്തിനും മേലെപ്പട്ടതല്ല. സ്വാഭാവികത്തിന്റെയും അഭൗമികത്തിന്റെയും മധ്യസ്ഥാനത്തു നില്ക്കുന്ന ഇതു നമ്മുടെ സ്വാഭാവികജീവനെ സ്വഭാവാതീതജീവനു (Supernatural life) എളുപ്പത്തിൽ വഴക്കുന്നതിനായിട്ടാണു് നമുക്കു നല്കപ്പെട്ടിരുന്നതു്. എന്നാൽ, ആദം തനിക്കു ലഭിച്ച അഭൗമികവും പ്രകൃത്യതീതവുമായ അനുഗ്രഹങ്ങളെല്ലാം സ്വന്ത പാപം മൂലം തനിക്കും തന്റെ സന്താനപരമ്പരയ്ക്കും എന്നേക്കുമായി നഷ്ടപ്പെടുത്തി. ഈ നാശഗർത്തത്തിൽനിന്നും മനുഷ്യവർഗ്ഗത്തെ പുനരുദ്ധരിച്ച രണ്ടാമത്തെ ആദമായ മിശിഹായാകട്ടെ, തന്റെ രക്ഷാകർമ്മംമൂലം അഭൗമികദാനങ്ങൾ മാത്രം നമുക്കു വീണ്ടും പ്രാപിച്ചുതന്നു. പ്രകൃത്യതീതദാനങ്ങളോയെന്നാൽ വീണ്ടു പ്രാപിച്ചുതരികയുണ്ടായിട്ടില്ല. അവിടുന്നുതന്നെയും യാതനകൾക്കും മരണത്തിനും അധീനനാകുവാൻ ചിത്തമായതിൽനിന്നും ഇതു സ്പഷ്ടമാണല്ലോ.

## 2 മനുഷ്യാത്മാവും അതിന്റെ പ്രവർത്തനങ്ങളും

പ്രഥമവീക്ഷണത്തിൽ ഒരു മൃതശരീരം ഒരു സജീവശരീരംപോലെതന്നെയുള്ള ഒന്നാണു്. എങ്കിലും മൃതശരീരം പ്രവർത്തനരഹിതമാണു്. കാരണം, അതിനു് ആത്മാവില്ല. ശരീരത്തിന്റെ പ്രവർത്തനങ്ങളെല്ലാം ആത്മാവുമൂലമത്രെ ഉണ്ടാകുന്നതു്. അദൃശ്യവും അഗോചരവുമായ ഈ വസ്തു—ആത്മാവു്—ആണു് ഒരു മൃതശരീരവും സജീവശരീരവും തമ്മിലുള്ള വ്യത്യാസങ്ങളുടെയെല്ലാം നിദാനം. മനുഷ്യനിൽ ദൃശ്യമായുള്ളവമാത്രം നോക്കുന്നപക്ഷം, സജീവമോ നിർജ്ജീവമോ ആയ യാതൊരു ഇതരവസ്തുവിൽനിന്നും അവൻ വ്യത്യസ്തനല്ല. പഞ്ചേന്ദ്രിയങ്ങളുടെയും ആത്മീയവശങ്ങളുടെയും സഹായത്തോടെയാണു് മനുഷ്യാത്മാവു പ്രവർത്തിക്കുന്നതു്. മനുഷ്യന്റെ അധമാംശവും (അഥവാ പഞ്ചേന്ദ്രിയങ്ങളും), ഉത്തമാംശവും (അഥവാ ആത്മീയവശങ്ങളും) തമ്മിൽ നിരന്തരമായ ഒരു സ്വാഭാവികമത്സരം നടക്കുന്നുണ്ടു്. അധമാംശം ജഡികസന്തോഷങ്ങളിലേക്കും, ഉത്തമാംശം സുബുദ്ധിയുടെ നിയന്ത്രണത്തിൽ ആദ്ധ്യാത്മികവും സന്മാർഗ്ഗികവുമായ സംഗതികളിലേക്കും നമ്മെ ആകർഷിക്കുന്നു.

ഇന്ദ്രിയങ്ങളാൽമാത്രം ആനയിക്കപ്പെടുന്ന ജീവിതം ധനസമ്പത്തുകളെയും, ജഡികസന്തോഷങ്ങളെയും, സ്തുതിബഹുമാനങ്ങളെയും അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഐന്ദ്രികമാത്രജീവിതമായിരിക്കും. താദൃശമായ ജീവിതത്തിനു അധീനപ്പെട്ടിരിക്കുന്ന ഒരുവൻ വിശ്വാസംകൊണ്ടു ജീവിക്കുന്ന ഒരു ക്രൈസ്തവനോ, യുക്തികൊണ്ടുമാത്രം നയിക്കപ്പെടുന്ന ഒരു തത്വജ്ഞൻപോലുമോ ആയിരിക്കയില്ല. മാത്രമല്ല, അങ്ങനെയുള്ള ഒരുവൻ തന്റെ ജന്മോദ്ദേശ്യത്തെ—ദൈവം അവനുവേണ്ടി നിർദ്ദേശിച്ചിരിക്കുന്ന സ്വർഗ്ഗഭാഗ്യത്തെ—വിഫലമാക്കുകയും തന്റെ സ്രഷ്ടാവായ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു സേവിക്കുന്നതിനായി നല്കപ്പെട്ടിട്ടുള്ള ആ ഉത്തമാംശത്തെ ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു.

## 3 മനുഷ്യപ്രവൃത്തികളുടെ പുണ്യയോഗ്യത

സുബുദ്ധിയാൽ നയിക്കപ്പെടുന്ന ഒരു ജീവിതം സ്വതേ മനോമോഹനമായ ഒന്നാണു്. എങ്കിലും, വിശ്വാസത്താൽ പ്രേരിതമാകാത്തപക്ഷം അതു സാക്ഷാത്തായ പുണ്യജീവിതമാകയില്ല. പ്രസാദവരത്തിന്റെ സഹായത്താലാണു് ദൈവം "അനന്തമായ മഹാമഹിമസ്സിനെ നമുക്കു എന്നും എന്നേക്കുമായി തയാറാക്കിക്കൊണ്ടു്" (2 കൊറി. IV. 17) നമ്മെ പരമാന്ത്യത്തിലേക്കു നയിക്കുന്നതു്. ജ്ഞാനസ്നാനപ്പെട്ട ഒരു ശിശുവിന്റെയോ, മാനസാന്തരപ്പെട്ട ഒരു പാപിയുടെയോ സ്ഥിതി ദൈവദൃഷ്ടിയിൽ അമൂല്യമാണു്. അജ്ഞാനികൾ (Pagans) സ്വന്തജഡികാശകളെ "ദേവതീകരിക്കുന്നു" (Deify) എന്നു പറയാം. അതായതു സ്വന്തദുരാശകളെ നീതീകരിക്കുന്നതിനും മഹത്വീകരിക്കുന്നതിനുംവേണ്ടി മനുഷ്യദുരാശകളോടുകൂടിയ ദേവന്മാരെ അവർ സൃഷ്ടിക്കുന്നു. എന്നാൽ, നമ്മുടെ നല്ല ദൈവം നേരെമറിച്ചു മനുഷ്യരായ നമ്മെ "ദൈവികരാക്കി"ത്തീർക്കുകയാണു ചെയ്യുന്നതു്. അതേ, തന്റെ ദൈവികജീവിതത്തിൽ നമ്മെ ഭാഗഭാക്കുകളാക്കുന്നതിനായി ദൈവം സ്വയം താഴ്ത്തി മനുഷ്യനായി അവതരിക്കുന്നു.

സ്വാഭാവിക ക്രമത്തിൽ യുക്തി മനുഷ്യനെ സഹായിക്കുന്നു. സ്വഭാവാതീത ക്രമത്തിലാകട്ടെ യുക്തിയുടെ സഹകരണത്തോടെ ദൈവവെളിപാടു് അവനെ സഹായിക്കുന്നു. സ്വാഭാവികജീവിതത്തെക്കാൾ അളവററവിധം ശ്രേഷ്ഠമാണു് സ്വഭാവാതീതജീവിതം. കാരണം, ഒന്നു വെറും മാനുഷികവും, മററതു ദൈവികവും ആണെന്നുള്ളതാണു്. ബാങ്കിൽ ഒരു പൈപോലും നിക്ഷേപിച്ചിട്ടില്ലാത്ത ഒരു നിർദ്ധനൻ ഒരു ചെക്കുബുക്കിൽ ഒപ്പുവയ്ക്കുന്നു. അതേ സമയംതന്നെ, വൻതുകകൾ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ഒരു കോടീശ്വരനും തൽസ്ഥാനത്തു ഒപ്പുവയ്ക്കുന്നു എന്നു വിചാരിക്കുക. ഈ ഒപ്പുകളുടെ വില എത്ര വ്യത്യസ്തമായിരിക്കും? അതല്ലെങ്കിൽ, വിദ്യുച്ഛക്തി പ്രവഹിക്കുന്ന ഒരു കമ്പിയുടെയും, വിദ്യുച്ഛക്തിപ്രവാഹം ലേശംപോലുമില്ലാത്ത ഒരു കമ്പിയുടെയും സ്ഥിതിയെപ്പററി ചിന്തിക്കുക. ഇവ തമ്മിലുള്ള അന്തരം ഏതൊരു അല്പകാംബുദ്ധിക്കും നിഷ്പ്രയാസം മനസ്സിലാകുന്ന ഒന്നാണല്ലോ. "ഒരുമനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴികയില്ല" (വി. യോഹ. III. 5). മനുഷ്യനു രണ്ടുവിധ ജനനമാണുള്ളതു്. ഒന്നു മനുഷ്യപുത്രനായും, മററതു ദൈവപുത്രനായും. ഹാ! ക്രിസ്തീയാത്മാവേ, ദൈവികവും അവർണ്ണനീയവുമായ നിന്റെ സ്ഥാനമഹിമയെപ്പററി നീ ചിന്തിച്ചാലും!

## 4 മനുഷ്യനിലുള്ള ദ്വിവിധജീവൻ

സ്വാഭാവികക്രമം മാത്രം നോക്കുന്നതായാൽ നാം ദൈവത്തിന്റെ സൃഷ്ടികളോ ദാസന്മാരോ ആകുന്നുവെന്നല്ലാതെ പുത്രന്മാരല്ല. എന്തുകൊണ്ടെന്നാൽ പിതാവിന്റേതിനു സദൃശമായ ജീവനുള്ള ഒരുവനുമാത്രമേ പുത്രൻ എന്ന നാമത്തിനു അർഹതയുള്ളു. നാം സ്വാഭാവികക്രമത്തിൽമാത്രം സ്ഥിതിചെയ്തിരുന്നെങ്കിലും സ്രഷ്ടാവായ ദൈവത്തിനു ആരാധനയും, സ്തോത്രവും, പരിഹാരവും സമർപ്പിക്കാനും തന്നോടു സഹായം അഭ്യർത്ഥിക്കാനുമുള്ള കടമ സ്വാഭാവികമായി നമുക്കുണ്ടാകുമായിരുന്നു. അങ്ങനെതന്നെ, നല്ലതോ ചീത്തയോ ആയ ജീവിതത്തിനു അനുസരണമായി മരണശേഷം നിത്യമായ സ്വാഭാവികഭാഗ്യമോ നിർഭാഗ്യമോ ലഭിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ താദൃശമായ ഒരു ജീവിതസ്ഥിതി ഉണ്ടായിട്ടില്ല. എന്തെന്നാൽ, ആദ്യമനുഷ്യനായ ആദത്തെ സൃഷ്ടിച്ചപ്പോൾത്തന്നെ കരുണാനിധിയായ ദൈവം മനുഷ്യനെ സ്വഭാവാതീത ജീവിതത്തിലേക്കു ഉയർത്തുകയാണു ഉണ്ടായിട്ടുള്ളതു് അതിനാൽ, മനുഷ്യനു സ്വാഭാവികം, സ്വഭാവാതീതം എന്നിങ്ങനെ രണ്ടു ജീവനുണ്ടു്. സ്വാഭാവികജീവന്റെ ഉത്തമാംശം ആത്മാവായിരിക്കുന്നതുപോലെ സ്വഭാവാതീതജീവന്റേതു പ്രസാദവരമത്രെ (Sanctifying grace).

ആത്മാവില്ലാത്ത ശരീരം നിർജ്ജീവമാണല്ലോ. അങ്ങനെതന്നെ പ്രസാദവരമില്ലാത്ത ആത്മാവും നിർജ്ജീവമാണു്. "നീ ജീവിച്ചിരിക്കുന്നുവെന്നു പേരുണ്ടെങ്കിലും നീ മരിച്ചിരിക്കുന്നു" (വെളിപാടു I, I. 1). ആത്മാവു് അദൃശ്യവും അഗോചരവുമാണു്. എങ്കിലും അതിന്റെ പ്രവർത്തനങ്ങളിൽനിന്നും അതിന്റെ അസ്തിത്വം നമുക്കു ഗ്രഹിക്കാം. എന്നാൽ, അദൃശ്യവും അഗോചരവുമായ പ്രസാദവരത്തിന്റെ അസ്തിത്വം അതിന്റെ പ്രവർത്തനങ്ങളിൽനിന്നും ഗ്രഹിക്കാൻ നമുക്കു സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, സ്വഭാവാതീതപ്രവർത്തനങ്ങൾ സ്വാഭാവികങ്ങളിൽനിന്നും മനുഷ്യദൃഷ്ടിക്കു വ്യത്യസ്തങ്ങളല്ല. ഉദാഹരണമായി, സ്വന്തസ്തുതി മാത്രം നോക്കിക്കൊണ്ടുള്ള ഒരു പാപിയുടെ ധർമ്മദാനവും, ദൈവസ്തുതിമാത്രം നോക്കിക്കൊണ്ടുള്ള ഒരു വിശുദ്ധന്റെ ധർമ്മദാനവും ദൈവദൃഷ്ടിയിൽ വ്യത്യസ്തങ്ങളാണെങ്കിലും മനുഷ്യദൃഷ്ടിയിൽ വ്യത്യസ്തങ്ങളല്ലല്ലോ.

(ശേഷം അടുത്തതിൽ)

---


"തിരുമുഖഭക്തി" എന്ന ലഘുലേഖയും തിരുമുഖകാശുരൂപവും വില്പാനുണ്ടു്.

Fr. Boniface O. S. B.,
St. John de Britto's,
Fort Cochin.


---

# ആ ഉരുക്കുമറയ്ക്കുള്ളിൽ

(4-ാംപേജു് തുടർച്ച)

കാറുണ്ടായിരുന്നു. ഇടയ്ക്കും തലക്കുമായി ഞാൻ ആ പുസ്തകം മുഴുവൻ, വേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലെങ്കിലും, വായിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ് ലഹരിയിൽ മത്തുപിടിച്ച ആ യൗവനത്തിൽ ആ സുന്ദരാശകളൊന്നും എന്നെ അത്ര ആകർഷിച്ചില്ലെന്നുമാത്രം."

"ബിജോവു്", നിങ്ങളുടെ കഴിഞ്ഞുപോയ ജീവിതത്തെയും അതിൽ ചെയ്തുപോയിട്ടുള്ള പാപങ്ങളേയും അതിന്റെ വലുപ്പത്തെയും അവ നിങ്ങൾക്കു വരുത്തിയ ആത്മീയനാശത്തെയും ഓർത്തു മനസ്താപപ്പെടുക. ഇതിനെല്ലാം ഉപരിയായി അവ നമ്മുടെ സ്രഷ്ടാവും രക്ഷിതാവുമായ ആ നല്ല ഇടയനെ എത്രമാത്രം വ്യാകുലപ്പെടുത്തിയിരിക്കുമെന്നു് ചിന്തിച്ചു് പാപത്തെ വെറുക്കുകയും എന്നെന്നേക്കുമായി ഉപേക്ഷിക്കുമെന്നു പ്രതിജ്ഞചെയ്യുകയും ചെയ്യുക. ഞാൻ നിങ്ങളെ ആശീർവ്വദിക്കാം."

ബിജോവിനു് തന്റെ ഹൃദയത്തിൽനിന്നു് ഒരു വല്ലാത്ത ഭാരം ഒഴിഞ്ഞതുപോലെ തോന്നി. അയാളുടെ ആത്മാവു് വരപ്രസാദത്തിന്റെ ദിവ്യകതിരോററു് പ്രകാശമാനമായിത്തീർന്നു. അയാൾ പള്ളിക്കല്ലറയിൽനിന്നു് പുറത്തേക്കു കടന്നു് അപ്രത്യക്ഷനായി.

രണ്ടു്, മൂന്നു്, നാലു്—ആ ജയിലിലെ മണി ഓരോ മണിക്കൂർ ഇടവിട്ടു് സമയം അറിയിച്ചു. അച്ചൻ മരിക്കുന്നതിനുവേണ്ട എല്ലാ ഒരുക്കങ്ങളും മുൻകൂട്ടി ചെയ്തു. ഓരോ നിമിഷവും അദ്ദേഹത്തെ ക്രിസ്തുവിലേക്കു് അടുപ്പിക്കുകയാണെന്നുള്ള പരമാർത്ഥം അദ്ദേഹത്തിനു് ഏററം സന്തോഷപ്രദമായിരുന്നു. ആ യുവത്വം തുളുമ്പുന്ന മുഖചന്ദ്രൻ ഓരോ നിമിഷംചെല്ലുംതോറും പൂർവ്വാധികം ഉജ്ജ്വലമായിക്കൊണ്ടിരുന്നു.

വീണ്ടും ആ ഇരുമ്പുകവാടം ഒന്നു മെല്ലെ തുറന്നു. ഒരു ചെങ്കുപ്പായക്കാരൻ മുന്നോട്ടുവന്നു് അയാളെ കൊലക്കളത്തിലേക്കു നയിച്ചു. അവിടെ ഗവർണ്ണറും ബിജോവും വേറെ ഏതാനും ചില പടയാളികളും അച്ചനെപ്പോലെതന്നെ കയ്യാമംധരിച്ച മൂന്നുനാലു ജയിൽപ്പുള്ളികളും നില്ക്കുന്നുണ്ടായിരുന്നു.

"മാർഷൽ സ്റ്റാലിനെതിരായി കുപ്രചരണം നടത്തിയ ആ മുപ്പത്തിനാലിന്റെ കഥകഴിയട്ടെ!" ഗവർണ്ണർ യാതൊരു ഭാവവ്യത്യാസവും കൂടാതെ പറഞ്ഞു. മുപ്പത്തിനാലാംനമ്പർ ഉടുപ്പുകാരന്റെ കണ്ണിൽനിന്നു് 2 തുള്ളി കണ്ണുനീർ അടർന്നു താഴെവീണു. ആ വലിയ തോക്കിന്റെ ചക്രമൊന്നു തിരിഞ്ഞു—മുപ്പത്തിനാലാംനമ്പർ പിന്നോക്കം മറിഞ്ഞുവീണു..........

"റഷ്യൻ നിയമത്തെ അനുസരിക്കാൻ വിസമ്മതം കാണിച്ച ആ 103 ന്റെ ഹൃദയം എങ്ങനെയിരിക്കുന്നുവെന്നു് പരിക്ഷിക്കുക." ഗവർണ്ണർ പുച്ഛസ്വരത്തിൽ കല്പിച്ചു. ആ പീരങ്കി 103 ന്റെ നേരെ തിരിഞ്ഞു. അയാൾ നിന്നിടത്തുനിന്നു് നെഞ്ചു് വിരിച്ചുകാണിച്ചു. ഒരു നിമിഷത്തിനകം ഒരു പീരങ്കിയുണ്ട അയാളുടെ ഹൃദയത്തെ കവന്റേടുത്തുകൊണ്ടു് എങ്ങോട്ടോ പറന്നുപോയി.

"ഒരാളെ കഴുത്തറിഞ്ഞുകൊന്ന കുററത്തിനു് മരണശിക്ഷയ്ക്കു വിധിച്ചിരിക്കുന്ന ആ കൊലപ്പുള്ളിയെ വേഗം അവസാനിപ്പിക്കുക." ആ പീരങ്കിയുടെ ചക്രം ഒന്നു തിരിഞ്ഞു. ആ കൊലപ്പുള്ളി ഒന്നു അട്ടഹസിച്ചു ചിരിച്ചു.........ആ പീരങ്കി ഒന്നലറി.........മൂന്നാമത്തെ മൃതദേഹം താഴെവീണു പിടച്ചു.

"ഇതാണു് ഇവിടത്തെ ചടങ്ങു്! ഇനി നിങ്ങളുടെ മതമൊന്നു പ്രസംഗിക്കൂ. ഞങ്ങളെല്ലാം ഒന്നു് മാനസാന്തരപ്പെടട്ടെ!!" ഗവർണ്ണർ സ്വന്തം കൈത്തോക്കുമായി അച്ചന്റെ സമീപത്തേക്കു നീങ്ങി. അദ്ദേഹം അചഞ്ചലനായി ഒന്നു് നിശ്വസിച്ചു.

"എന്തു പറയുന്നു റവ. ഫാദർ? ക്രിസ്തുമതം പ്രസംഗിക്കുവാൻ വന്ന നിങ്ങളുടെ നാവിറങ്ങിപ്പോയോ?" അയാൾ അദ്ദേഹത്തിന്റെ കഴുത്തു പിടിച്ചു കുലുക്കിക്കൊണ്ടു് ചോദിച്ചു.

"മൗനം മാണിക്യമാണെന്നാണോ വിചാരം? നിങ്ങൾ മാർഷൽ സ്റ്റാലിനെ ദൈവമായി ആരാധിക്കുവാൻ ഒരുക്കമുണ്ടോ?"

"ഇല്ല. ക്രിസ്തുവാണു് എന്റെ ദൈവം. ഞാൻ അദ്ദേഹത്തെമാത്രമേ വണങ്ങുകയുള്ളൂ, ആരാധിക്കുകയുള്ളൂ." അച്ചന്റെ സ്വരത്തിനു് നല്ലസ്പഷ്ടതയും ദൃഢതയും ഉണ്ടായിരുന്നു. ഗവർണ്ണർ പിന്നോക്കം മാറി.

ആ പീരങ്കിയുടെ ചക്രമൊന്നു തിരിഞ്ഞു. ബിജോവിനു് അയാളുടെ മനസ്സിൽ ഒരു വലിയ കൊടുങ്കാററു വീശുന്നതുപോലെ തോന്നി.

"വേണ്ട, വേണ്ട.............അദ്ദേഹത്തെക്കാൾ ഞാനാണു് മരണത്തിനർഹൻ!" ബിജോവു് അച്ചന്റെ അടുക്കലേക്കു പാഞ്ഞു. ആ വെടിയുണ്ട ഒന്നു ചീറി.

രണ്ടു മൃതദേഹങ്ങൾ ഒന്നിനു മുകളിൽ ഒന്നായി മറിഞ്ഞു താഴെവീണു......

---


## സൗജന്യവിതരണ ഫണ്ടു്

എസ്. എച്ചു്. സെന്റു മേരീസ് സ്കൂൾ കുട്ടികൾ, കുറുകുററി ക. 8-8-1


---

# രോഗവിമുക്തി

തളർവാതരോഗം പിടിപെട്ടു കിടന്നിരുന്ന ഒരു പാഴ്സി യുവതി ഫാത്തിമാമാതാവിന്റെ തിരുസ്വരൂപം ദർശിച്ചമാത്രയിൽ സുഖം പ്രാപിച്ചു് എഴുന്നേററു് നടന്നിരിക്കുന്നു. മിസ് ഇൾദാരാ വക്കീൽ എന്നു പേരുള്ള പ്രസ്തുത പാഴ്സിസ്ത്രീക്കു് 27 വയസ്സു് പ്രായമുണ്ടു്. അവർ സെക്കന്തറാബാദു് കിങ്ങു് എഡ്വേർഡു് മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയിലിരിക്കയായിരുന്നു. രണ്ടുകാലും തളർവാതംപിടിപെട്ടു് അവർ മൂന്നു മാസമായി രോഗശയ്യയെ അഭയംപ്രാപിച്ചു കിടന്നിരുന്നു. മാതാവിന്റെ തിരുസ്വരൂപം ആശുപത്രിയിലെ നേഴ്സസ് ക്വാർട്ടേഴ്സിൽ സജ്ജമാക്കപ്പെട്ടിരുന്ന അൾത്താരയിലേക്കു് എഴുന്നെള്ളിക്കുന്നതു് അവർ കണ്ടു. പെട്ടെന്നു അവർ കിടക്കയിൽനിന്നു ചാടിയെഴുന്നേററു. തളർവാതരോഗം നിശ്ശേഷം മാറിപ്പോയതായി അവർക്കു അനുഭവപ്പെട്ടു. ദൈവമാതാവിന്റെ അത്ഭുതപ്രവർത്തനമാണു് തന്റെ സുഖപ്രാപ്തിക്കു കാരണമെന്നു് ആ പാഴ്സിയുവതി പ്രസ്താവിച്ചു. അവർ പ്രതിമയുടെ സന്നിധിയിലേക്കു് നടന്നുചെന്നു് ആ തിരുസ്വരൂപത്തെ നമസ്കരിച്ചു. ജനങ്ങൾ അത്ഭുതസ്തബ്ധരായി ആ കാഴ്ച കണ്ടുകൊണ്ടിരുന്നു.

## യാക്കോബായസഭാംഗങ്ങളും
# കത്തോലിക്കാ പുനരൈക്യവം

(ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി)

III

യാക്കോബായ സഭയിലെ ഇരുകക്ഷികളിലുംപെട്ട നിസ്സ്വാർത്ഥരും സമാധാനകാംക്ഷികളുമായ യുവാക്കന്മാരാൽ സംഘടിതമായ "പീസ്ലീഗ്" യാക്കോബായസഭയിൽ സമാധാനം സംസ്ഥാപിക്കുന്നതിനുവേണ്ടി ഏതാനും മാസങ്ങളായി നിസ്തന്ദ്രം പ്രവർത്തിച്ചുകൊണ്ടിരിക്കയായിരുന്നുവല്ലോ. പ്രസ്തുത സംഘടനയുടെ ആഭിമുഖ്യത്തിലും, ഗ്രീസ്സിലെ പീററർ രാജകുമാരന്റെ അദ്ധ്യക്ഷതയിലും കോട്ടയത്തുവച്ചു കൂടിയ സമാധാനസമ്മേളനത്തിൽ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയമനുസരിച്ചായിരുന്നു ഇരുകക്ഷികളിലേയും മെത്രാന്മാർ ചിങ്ങവനത്തു വട്ടമേശ സമ്മേളനം കൂടിയതും സമാധാനസംസ്ഥാപനാർത്ഥം മൂന്നു വ്യവസ്ഥകൾ രൂപവൽകരിച്ചതും. അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിന്റെ മേലധികാരം സമ്മതിച്ചും, മലങ്കരയിലെ കാതോലിക്കാസിംഹാസനം അംഗീകരിക്കണമെന്ന് അപേക്ഷിച്ചും, കൂടുതൽ കാര്യങ്ങൾ പാത്രിയർക്കീസും കാതോലിക്കാ ബാവായുംകൂടെ തീരുമാനിച്ചുകൊള്ളുന്നതിനു അനുവദിച്ചുകൊണ്ടുള്ളതായിരുന്നു ആ മൂന്നു വ്യവസ്ഥകൾ. പ്രസ്തുത വ്യവസ്ഥകൾമൂലം യാക്കോബായസഭയിൽ സമാധാനം ആസന്നഭാവിയിൽ കൈവരിക സാദ്ധ്യമല്ലെന്നുള്ള ബോദ്ധ്യം നിമിത്തം പീസ്ലീഗുകാർ ബ: മന്ത്രി ശ്രീ ജോൺ ഫിലിപ്പോസ് ആദിയായ പതിമൂന്നു അത്മേനിപ്രമുഖന്മാരെ വിശദാംശങ്ങളടങ്ങിയ വ്യവസ്ഥകൾ നിർമ്മിക്കുന്നതിനായി നിയോഗിക്കുകയും, അവർ ഒൻപതു വ്യവസ്ഥകൾ രൂപവൽകരിക്കുകയും, "പീസ്ലീഗ്" അവയെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുതവ്യവസ്ഥകൾ ചുവടെ ചേർത്തുകൊള്ളുന്നു.

"1. വി. പത്രോസിന്റെ സിംഹാസനത്തിന്മേൽ വാഴുന്ന പ. അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു ആകമാനസുറിയാനിസഭയുടെ ആത്മീയതലവനാകുന്നു.

2. ഇപ്പോൾ രണ്ടായി ഭിന്നിച്ചിരിക്കുന്ന മലങ്കരസഭയുടെ യോജിപ്പിനുവേണ്ടി മലങ്കരസഭയെ പ. പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു ഒരു കാതോലിക്കേററു (മഫ്രിയാനേററു) ആയി പ്രഖ്യാപനം ചെയ്യുന്നു.

3. അതാതു കാലങ്ങളിൽ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസു തെരഞ്ഞെടുക്കുന്ന ആളിനെ പ. പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു കാതോലിക്കാ (മഫ്രിയാനാ) ആയി വാഴിക്കേണ്ടതും കാതോലിക്കാ (മഫ്രിയാനാ) പ. പാത്രിയർക്കീസിനു ഇതിലെ വ്യവസ്ഥകൾക്കു വിരുദ്ധമാകാത്ത "ശൽമൂസാ" കൊടുക്കേണ്ടതുമാകുന്നു.

4. മലങ്കരയിൽ അപ്പഴപ്പോൾ എപ്പിസ്കോപ്പന്മാരെ വാഴിക്കുന്നതിനു കാതോലിക്കായ്ക്കു (മഫ്രിയാനായ്ക്കു) അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. മലങ്കരയുടെ ഭരണത്തിനു കാതോലിക്കായുടെ (മഫ്രിയാനായുടെ) അദ്ധ്യക്ഷതയിൽ ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ് ഉണ്ടായിരിക്കുന്നതാണ്.

6. കാതോലിക്കാ (മഫ്രിയാനാ)യുടെ പേരിൽ എന്തെങ്കിലും പരാതി ഉണ്ടായാൽ ആയതു പ. പാത്രിയർക്കീസിന്റെ മുമ്പിൽമാത്രം സമർപ്പിക്കപ്പെടേണ്ടതാകുന്നു. പ. പാത്രിയർക്കീസ് അതിനെപ്പററി ആരായുവാൻ തീരുമാനിക്കുന്നപക്ഷം ആയതു എപ്പിസ്കോപ്പൽ സുന്നഹദോസുവഴി നടത്തേണ്ടതാകുന്നു. ടി സുന്നഹദോസ് പരാതിയിലടങ്ങിയിരിക്കുന്ന സംഗതിയുടെയോ സംഗതികളുടെയോ വാസ്തവാവാസ്തവങ്ങളെപ്പററി തീരുമാനങ്ങളിൽ എത്തേണ്ടതും പ. പാത്രിയർക്കീസ് ടി തീരുമാനങ്ങളെ അടിസ്ഥാനപ്പെടുത്തി വിധികല്പിക്കേണ്ടതുമാണ്. പ. പാത്രിയർക്കീസിന്റെ വിധി അവസാനവിധി ആയിരിക്കുന്നതുമാണ്.

7. പ. പാത്രിയർക്കീസിനാൽ കൂദാശ ചെയ്യപ്പെടുന്ന മൂറോൻമാത്രം മലങ്കരയിൽ ഉപയോഗിക്കേണ്ടതാകുന്നു.

8. ആണ്ടുതോറും റശ്ശീസാ മലങ്കരയിൽനിന്നും പാത്രിയർക്കീസിനു കൊടുക്കേണ്ടതാകുന്നു.

9. കാതോലിക്കായെ (മഫ്രിയാനായെ) വാഴിക്കുന്നതിൽ കാലദൈർഘ്യം വരുന്നതായാൽ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് അതിന്റെ പ്രസിഡണ്ടുമുഖാന്തിരം എപ്പിസ്കോപ്പന്മാരെ വാഴിക്കുന്നതൊഴിച്ചുള്ള കാതോലിക്കാ (മഫ്രിയാനാ)യുടെ പ്രവൃത്തികൾ നടത്താവുന്നതാകുന്നു.

കാതോലിക്കാ (മഫ്രിയാനാ) സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുന്ന ആളെ വാഴിച്ചുകിട്ടുന്നതിനു അപ്രതിക്ഷിതമായി കാലതാമസം നേരിടുകയും, അതിനുള്ളിൽ ഏതെങ്കിലും മെത്രാസന ഇടവകയ്ക്കു വൈധവ്യം സംഭവിക്കുകയും ചെയ്യുന്നതായാൽ മലങ്കര സുന്നഹദോസിനു ആ ഇടവകയ്ക്കു ഒരു എപ്പിസ്കോപ്പായെ വാഴിക്കാവുന്നതാകുന്നു. അങ്ങനെ വാഴിക്കപ്പെടുന്ന എപ്പിസ്കോപ്പാ "ശൽമൂസാ" വാഴ്ചയ്ക്കുമുമ്പു പാത്രിയർക്കീസിനു കൊടുക്കേണ്ടതാകുന്നു."

പീസ്ലീഗുകാർ അംഗീകരിച്ച ഈ ഒൻപതു വ്യവസ്ഥകളും, അതേവിധം തന്നെ സമ്മതിച്ച് ഒപ്പിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു വട്ടമേശസമ്മേളനത്തിൽകൂടിയിരുന്ന മെത്രാന്മാർക്കു സമർപ്പിക്കുകയും മെത്രാന്മാർ ഓരോ വ്യവസ്ഥയെക്കുറിച്ചും ഗാഢമായി പര്യാലോചിക്കുകയും ചെയ്തു. പക്ഷേ, പ്രസ്തുത വ്യവസ്ഥകൾ സമ്മതിക്കുന്നതിനോ അവയ്ക്ക് ഒപ്പിട്ടുകൊടുക്കുന്നതിനോ നിവൃത്തിയില്ലാതെ അവസാനം അവയെ തിരസ്കരിക്കുകയത്രേ മെത്രാന്മാർ ചെയ്തതു. ഇതിങ്കൽ ക്ഷോഭിച്ച പീസ്ലീഗുകാർ തൽക്ഷണം സത്യഗ്രഹം, നിരാഹാരവ്രതം ആദിയായ പരിപാടികൾ സ്വീകരിക്കുകയും തന്മൂലം ഇതികർത്തവ്യതാമൂഢരായിത്തീർന്ന തിരുമേനിമാർ അവസാനം ഏതാണ്ടു സമ്മതപത്രത്തിൽ ഒപ്പിടുകയുമത്രേ ചെയ്കയുണ്ടായതു. ഉടൻതന്നെ പ്രസ്തുത വ്യവസ്ഥകൾ അംഗീകരണത്തിനായി പാത്രിയർക്കീസു ബാവാ തിരുമേനിക്കു അയക്കുകയും ചെയ്തു. ഒൻപതു വ്യവസ്ഥകളും പാത്രിയർക്കീസു ബാവാ അതേവിധം അംഗീകരിക്കുമെന്നും അങ്ങനെ യാക്കോബായസഭയിൽ സമാധാനം കൈവരുമെന്നും പ്രതീക്ഷിച്ച് ഏവരും കാത്തിരുന്നു. പക്ഷേ, പ്രസ്തുത വ്യവസ്ഥകളിൽ ചിലതു പാടേ തിരസ്കരിച്ചും, ചിലതിനോടു കൂട്ടിച്ചേർത്തും, പുതിയ വ്യവസ്ഥകൾ എഴുതിച്ചേർത്തും, അങ്ങനെ പതിനഞ്ചു വ്യവസ്ഥകൾ അന്ത്യോഖ്യാ പാത്രിയർക്കീസ് അയച്ചുകൊടുക്കുകയാണുണ്ടായതു. പീസ്ലീഗിനോ ഓർത്തഡോക്സ് സഭാംഗങ്ങൾക്കോ വ്യവസ്ഥകൾ സ്വീകാര്യമാകാഞ്ഞതിനാൽ സമാധാനം സാദ്ധ്യമല്ലെന്നുള്ള പതനത്തിൽ വന്നുചേർന്നു. ഇത്തരുണത്തിൽ പീസ്ലീഗുകാർ ഒരു അന്ത്യശ്രമത്തിനുകൂടെ സന്നദ്ധരായി. കോട്ടയം പുത്തനങ്ങാടിയിൽവച്ച് ഇക്കഴിഞ്ഞ ഏപ്രിൽ 16-ാം തീയതി പീസ്ലീഗ് പ്രസിഡണ്ടു മി. ററി. എം. ചാക്കോയുടെ അദ്ധ്യക്ഷതയിൽകൂടിയ പ്രതിനിധി സമ്മേളനത്തിൽ അവസാനമായി ഒരു ശ്രമംകൂടെ നടത്തണമെന്നു നിശ്ചയിച്ചു. പ്രസ്തുത സമ്മേളനത്തിൽ ബ. മന്ത്രി ശ്രീ ജോൺ ഫിലിപ്പോസു ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ചുവടെ ചേർത്തുകൊള്ളുന്നു.

"കഴിഞ്ഞ നാല്പതു സംവത്സരമായി നമ്മുടെ സഭയിൽ കേസ്സും അന്തഃഛിദ്രവും നടന്നുകൊണ്ടിരിക്കുന്നു. ഈ അസമാധാനത്തെ ഇല്ലായ്മചെയ്യുവാൻ വേണ്ടിയാണ് പീസ്ലീഗ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു. കഴിഞ്ഞ വട്ടമേശ സമ്മേളനം ചരിത്രം സൃഷ്ടിച്ച ഒരു സംഭവമായിരുന്നു. സഭയിലെ ഇരുകക്ഷികളിലെയും മേലദ്ധ്യക്ഷന്മാർ എന്തെങ്കിലും വ്യവസ്ഥ ഒരുപോലെ സമ്മതിക്കുക എന്നുള്ളതു മലങ്കരസഭയുടെ ചരിത്രത്തിൽ ഇതുവരെയും ഉണ്ടായിട്ടില്ല. എന്നാൽ ഈ വ്യവസ്ഥകൾ ഇപ്പോൾ യാതൊരു ആശയ്ക്കും വകയില്ലാത്ത നിലയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഈ വ്യവസ്ഥകൾ പ. പാത്രിയർക്കീസു ബാവാ സ്വീകരിക്കയായിരുന്നുവെങ്കിൽ നിശ്ചയമായും ഇവിടെ സമാധാനം ഉണ്ടാകുമായിരുന്നു. പല പ്രാവശ്യം പല വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്. അതെല്ലാം നിരാശയിൽ ആയിത്തീരുകയായിരുന്നു ഫലം. ചിങ്ങവനം വ്യവസ്ഥകൾ ഇരുഭാഗക്കാരും പലപ്പോഴായി സമ്മതിച്ചിട്ടുള്ള വ്യവസ്ഥകളിൽനിന്നും എടുത്തിട്ടുള്ളതാണ്. അതു ഒരു പുതിയ വ്യവസ്ഥയല്ല. പക്ഷേ, പാത്രിയർക്കീസുബാവാതിരുമേനി അതു സ്വീകരിച്ചില്ല. സകല വാതിലുകളും അടച്ചാണു കല്പന വന്നിരിക്കുന്നതു. പീസ്ലീഗിന്റെ ചില പ്രതിനിധികൾ മാർ യൂലിയോസു തിരുമേനിയെ സന്ദർശിച്ചപ്പോൾ പാത്രിയർക്കീസു ബാവാ കല്പിച്ചിരിക്കുന്നതിൽനിന്നും അണുമാത്രംപോലും വ്യതിചലിക്കുവാൻ നിവൃത്തിയില്ലെന്നു തിരുമനസ്സുകൊണ്ടു ധൈര്യപൂർവ്വം പ്രസ്താവിക്കയുണ്ടായി. മാർ യൂലിയോസു തിരുമേനിയുടെ ധൈര്യത്തെ ഞാൻ അഭിനന്ദിക്കുന്നു. എന്തെല്ലാം പ്രവർത്തിച്ചാലും യാതൊരു ആശയ്ക്കും വഴിയില്ലാത്ത ഒരു ഘട്ടത്തിലാണു നാം ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നതു. വ്യവഹാരംമൂലം നാം അധഃപതിച്ചിരിക്കുന്നു. അന്യരുടെ മുമ്പിൽ നാം നിന്ദാപാത്രമായും പരിഹാസപാത്രമായും തീർന്നിരിക്കുന്നു.

"സമാധാനവും ഐക്യവുമാണോ നമുക്കു വേണ്ടതു", അതോ, വ്യവഹാരവും അന്തഃഛിദ്രവുമാണോ നമുക്കു വേണ്ടതു" എന്നു നാം ഗാഢമായി ചിന്തിക്കണം.

"നമുക്കു" അഭിമാനം കൈവരണമെങ്കിൽ സമാധാനം കൈവരുത്തണം. ഞങ്ങൾ അതിനുവേണ്ട സർവ്വവിധസ്വാധീനവും ശക്തിയും ഉപയോഗിക്കാം. ചിങ്ങവനം വ്യവസ്ഥകൾ പാത്രിയർക്കീസിനെക്കൊണ്ടു സ്വീകരിക്കുവാൻ ഞങ്ങൾ ഒരു അന്ത്യശ്രമംകൂടെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതും വിഫലമാകുകയാണെങ്കിൽ നമുക്കു സമാധാനത്തോടുകൂടെ സഹോദരന്മാരെപ്പോലെ ഭാഗം ചെയ്തു പിരിയാം."

("പൌരധ്വനി" ഏപ്രിൽ 17-ാംനു-)

ബ. മന്ത്രി ജോൺ ഫിലിപ്പോസിന്റെ നിർദ്ദേശമനുസരിച്ചുള്ള അന്ത്യശ്രമവും ഇതിനകം പീസ്ലീഗുകാർ നടത്തിക്കഴിഞ്ഞിരിക്കുന്നു. ഇരുകക്ഷികളിലേയും അത്മേനിപ്രമുഖരടങ്ങിയ ഒരു ഡപ്യൂട്ടേഷനെ അന്ത്യോഖ്യക്ക് അയച്ചു പാത്രിയർക്കീസിനെ നേരിട്ടുകണ്ടു ഇവിടത്തെ സ്ഥിതിഗതികൾ മനസ്സിലാക്കി ചിങ്ങവനം വ്യവസ്ഥകൾ അംഗീകരിപ്പിക്കുക എന്നുള്ളതായിരുന്നു ആ അന്ത്യശ്രമം. അത്മേനിഡപ്യൂട്ടേഷനെ താൻ സ്വീകരിക്കുന്നതല്ലെന്നും ആരെങ്കിലും അവിടെ ചെല്ലുന്നപക്ഷം അവർക്കു സന്ദർശനാനുവാദംപോലും നല്കുകയില്ലെന്നുമുള്ള പാത്രിയർക്കീസു ബാവായുടെ കത്തു ലഭിച്ചതോടുകൂടെ ആ ശ്രമവും പ്രാരംഭത്തിലേ പരാജയമടഞ്ഞു. യാക്കോബായസഭയുടെ പ്രതിനിധി എന്ന നിലയിൽ അന്ത്യോഖ്യക്കുപോയി സമാധാനപരിശ്രമം നടത്തുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ച മി. കെ. പി. എബ്രഹാമിന്റെ ആഗ്രഹവും വിഫലമായിത്തീർന്നു.

ഏവംവിധം യാക്കോബായസഭയിൽ സമാധാനം സംസ്ഥാപിക്കുന്നതിനായി അവസാനമായി പരിശ്രമിച്ച "പീസ്ലീഗ്"കാരുടെ സകല പരിശ്രമങ്ങളും പരാജയം കൈവരിക്കുകയും, സമാധാനകാംക്ഷികൾ നിരാശരായിത്തീരുകയും ചെയ്തിരിക്കുന്ന ഈ സന്ദർഭത്തിൽ യഥാർത്ഥസമാധാനവും അഭിവൃദ്ധിയും ആഗ്രഹിക്കുന്ന "പീസ്ലീഗ്"കാരോടും ഇതരയാക്കോബായസഭാംഗങ്ങളോടും സമാധാനത്തിനുള്ള വേറൊരുമാർഗ്ഗം നിർദ്ദേശിച്ചുകൊള്ളട്ടെ! അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിന്റെ കീഴിൽ യോജിച്ചു സമാധാനം കൈവരുത്തുന്നതിനു അദ്ദേഹം തന്നെ സന്മനസ്സു പ്രകടിപ്പിക്കാത്ത സ്ഥിതിക്കു അദ്ദേഹത്തെക്കാൾ ഏതു നിലയിലും ഉൽകൃഷ്ടമായ സ്ഥാനത്തു സ്ഥിതിചെയ്യുന്ന റോമാപാത്രിയർക്കീസിനോടും അദ്ദേഹത്തിന്റെ കീഴിലുള്ള കത്തോലിക്കാസഭയോടും യോജിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഇവിടത്തെ യാക്കോബായസഹോദരങ്ങൾ നടത്തട്ടെ! നിസ്വാർത്ഥരും സമാധാനകാംക്ഷികളുമായ "പീസ്ലീഗ്"കാർ അതിന്റെ നേതൃത്വം വഹിക്കുന്നതിനായി മുമ്പോട്ടു ഇറങ്ങട്ടെ! ഇവിടത്തെ കത്തോലിക്കാമേലദ്ധ്യക്ഷന്മാരുടേയും യാക്കോബായ മേലദ്ധ്യക്ഷന്മാരുടേയും ഒരു "വട്ടമേശസമ്മേളനം" കോട്ടയത്തോ, എറണാകുളത്തോ, തിരുവനന്തപുരത്തോവച്ചു നടത്തി വേണ്ട വ്യവസ്ഥകൾ നിർമ്മിക്കുകയും, അവ റോമിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യട്ടെ! വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരല്ലാത്ത ഏതു വ്യവസ്ഥയും അംഗീകരിക്കുന്നതിനോ അത്മേനി ഡപ്യൂട്ടേഷനെ സ്വീകരിക്കുന്നതിനോ ക്രൈസ്തവസഭകളുടെ യോജിപ്പിനെ—അതെ, ക്രൈസ്തവപുനരൈക്യത്തെ—ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രതിദിനം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വിശാലഹൃദയനും, ആത്മാക്കളുടെ രക്ഷയേയും യഥാർത്ഥസമാധാനത്തേയും സകലത്തിലും ഉപരിയായി പരിഗണിക്കുന്നവനുമായ റോമിലെ റിശുപാത്രിയർക്കീസ് യാതൊരു വൈമനസ്യവും പ്രകടിപ്പിക്കുകയില്ല; നിശ്ചയം. മലങ്കരയിൽ കാതോലിക്കാ സിംഹാസനമോ അഥവാ പാത്രിയർക്കീസു സിംഹാസനം തന്നെയോ അനുവദിക്കുന്നതിനുപോലും പരിശുദ്ധ പിതാവു തിരുമനസ്സാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇവിടത്തെ ക്രൈസ്തവസഭയുടെ പുരോഗതിക്കു ബാഹ്യമായോ ആഭ്യന്തരമായോ വേണ്ട സകല സഹായങ്ങളും ചെയ്തുതരുന്നതിനുള്ള സന്നദ്ധതയും പരിശുദ്ധ പിതാവു പ്രദർശിപ്പിക്കും. ഇക്കാര്യത്തിൽ പീസ്ലീഗുകാർ മുന്നിട്ടുനിന്നു പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിക്കുമെന്നും അങ്ങനെ യാക്കോബായ സഭാംഗങ്ങളായ സഹോദരങ്ങൾക്കു റോമാപാത്രിയർക്കീസിന്റെ കീഴിൽ യഥാർത്ഥസമാധാനവും അഭിവൃദ്ധിയും കൈവരുമെന്നും വിശ്വസിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.


---

# ആദത്തിന്റെ പാപവും
## ദൈവത്തിന്റെ മുന്നറിവും

(2-ാംപേജ് തുടർച്ച)

ച്ച സ്വഭാവത്തിനു ബാധകമല്ല. അറിവ് വസ്തുവിന്റെ മാനസികമായ പ്രതിച്ഛായയാണെന്നുള്ളതു കാലവ്യത്യാസംകൂടാതെ സാധുവായിരിക്കുന്നു. കൊള്ളക്കാരുടെ കൈയിലകപ്പെട്ട മനുഷ്യനു നേരിട്ട നാശങ്ങൾ ആ സംഭവം നടക്കുന്ന സ്ഥലത്തും സമയത്തും സന്നിഹിതനായിരിക്കുന്ന നിങ്ങൾ അറിയുന്നു. നിങ്ങളുടെ അറിവ് ആ സംഭവത്തിനു യാതൊരു വിധത്തിലും കാരണമാകുന്നില്ലെന്നു സ്പഷ്ടമാണല്ലോ. എന്നാൽ കൊള്ളക്കാരുടെ കൂട്ടത്തിലേക്കു ആ മനുഷ്യൻ പോകുന്നതുകാണുന്ന ഞാൻ അയാൾക്കു നേരിടുന്ന നാശങ്ങളെ മുൻകൂട്ടി ഊഹിച്ചറിയുന്നു. എന്റെ അറിവ് നിങ്ങളുടെ അറിവിനെ അപേക്ഷിച്ച് മുന്നറിവാണല്ലോ. സംഭവം നടക്കുന്നതിനു കുറെയെങ്കിലും മുമ്പുള്ളതാണ് എന്റെ അറിവ്. എന്നുവച്ച് എന്റെ അറിവ് ആ സംഭവത്തിനു യാതൊരു വിധത്തിലും കാരണമാകുന്നില്ലല്ലോ. സംഭവം നടന്നപ്പോൾ അതിന്റെ പ്രതിച്ഛായ നിങ്ങളുടെ മനസ്സിൽ പതിഞ്ഞു. സംഭവം നടക്കുന്നതിനുമുമ്പ് അതിന്റെ പ്രതിച്ഛായ എന്റെ മനസ്സിൽ പതിഞ്ഞു. ഇത്രമാത്രമേ നിങ്ങളുടെ അറിവും എന്റെ അറിവും തമ്മിൽ വ്യത്യാസമുള്ളു. ഈ വ്യത്യാസം സംഭവത്തിന്റെ അസ്തിത്വത്തെ ഒട്ടും സ്പർശിക്കുന്നില്ല. ആകയാൽ ആദത്തിന്റെ പാപം ദൈവം മുൻകൂട്ടി, അനാദിമുതൽ തന്നെ, അറിഞ്ഞുവെന്ന വസ്തുത ആ പാപത്തിന്റെ അസ്തിത്വത്തിനു കാരണമാകുന്നില്ല. അതിനുകാരണം ആദത്തിന്റെ സ്വാതന്ത്ര്യമനസ്സു തന്നെയാണ്. അതിനുത്തരവാദി ആദംതന്നെയാണ്.

(തുടരും)



## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിൻെറ വിമലഹൃദയത്തിൻെറ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാട്ടുള്ള സഹായം ചെയ്യുക.

## പ്രാർത്ഥന

പ്രിയ കുഞ്ഞുങ്ങളേ,

നമ്മുടെ സമിതിയുടെ മുദ്രാവാക്യത്തിൽ ആദ്യത്തേതായ പ്രാർത്ഥനയെക്കുറിച്ചു ചിലതെല്ലാം ഇത്തവണ പറയാം. ഫാത്തിമായിൽവച്ചു് മാതാവു് മൂന്നു കുട്ടികളോടു്, ഏററവും കൂടുതലായി ആവർത്തിച്ചാവർത്തിച്ചു പറഞ്ഞതു് പ്രാർത്ഥനയെക്കുറിച്ചാണല്ലോ. പ്രാർത്ഥനയെക്കുറിച്ചു് മാതാവുമാത്രമല്ല പറഞ്ഞിട്ടുള്ളതു്. നമ്മുടെ കർത്താവു് പ്രാർത്ഥനയുടെ ആവശ്യകതയേയും, ഉപകാരത്തേയും കുറിച്ചു് വളരെയധികംപ്രാവശ്യം ഉൽബോധിപ്പിച്ചിട്ടുണ്ടു്. ഏതെല്ലാം കാര്യങ്ങൾക്കായി പ്രാർത്ഥിക്കണം, എങ്ങനെ പ്രാർത്ഥിക്കണം, എപ്പോഴെല്ലാം പ്രാർത്ഥിക്കണം, പ്രാർത്ഥിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന ദൂഷ്യങ്ങൾ എന്തെല്ലാമാണു് എന്നെല്ലാം അവിടുന്നു് വ്യക്തമായി പറഞ്ഞുതന്നിട്ടുണ്ടു്. ഉപമകൾകൊണ്ടു് ഇവ അവിടുന്നു് കൂടുതൽ വിശദമാക്കിയിട്ടുണ്ടു്. മാത്രമല്ല അവിടുത്തെ ജീവിതം ഇവയ്ക്കെല്ലാം ഉത്തമ തെളിവുകൾ നല്കിയിട്ടുമുണ്ടു്. ഇതരന്മാർ അങ്ങയോടു അപേക്ഷിക്കുന്നതും, അപേക്ഷിക്കുന്ന കാര്യങ്ങൾ അവിടുന്നു് യഥേഷ്ടം സാധിച്ചുകൊടുക്കുന്നതുമായ രംഗങ്ങൾ അങ്ങയുടെ ജീവിതത്തിൽ ധാരാളമാണു്. സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള നിരന്തരവും തീക്ഷ്ണത നിറഞ്ഞതുമായ അങ്ങയുടെ പ്രാർത്ഥന, തൻെറ ഉപദേശാനുസരണം പ്രവർത്തിക്കുന്നതിനു് വലിയ പ്രേരണ നമുക്കു് നല്കുന്നുണ്ടു്. ഇത്ര വിശിഷ്ടവും ഫലപ്രദവുമായ പ്രാർത്ഥനയുടെ ആവശ്യം ഇന്നു മനുഷ്യവർഗ്ഗത്തിനു് വളരെയധികമാണെന്നും, ഈ പ്രാർത്ഥനയിൽ നാം അഭയം പ്രാപിച്ചില്ലെങ്കിൽ ലോകത്തെ ഇന്നു ബാധിച്ചിരിക്കുന്ന ഭയങ്കരതിന്മകൾക്കു് യാതൊരു കുറവുമുണ്ടാകുകയില്ല എന്നുമാണു് നമ്മുടെ സ്വർഗ്ഗീയമാതാവു് നമുക്കു നൽകിയിട്ടുള്ള മുന്നറിയിപ്പു്. അതുകൊണ്ടു് പ്രാർത്ഥനയെക്കുറിച്ചു് കൂടുതൽ ജ്ഞാനം കുഞ്ഞുമക്കൾക്കു് ഉണ്ടാകേണ്ടതു് ആവശ്യമാണു്.

പ്രാർത്ഥന എന്നാൽ എന്താണു്? വേദോപദേശക്ലാസിൽവച്ചു് നിങ്ങൾ എല്ലാവരും പഠിച്ചിട്ടുണ്ടാകും പ്രാർത്ഥന എന്നതു് "ദൈവത്തിൻപക്കലേക്കുള്ള നമ്മുടെ ആത്മാവിൻെറ ഉയർച്ചയാകുന്നു" എന്നു്. ഇതിൻെറ അർത്ഥം നിങ്ങൾക്കു മനസ്സിലായിട്ടുണ്ടോ? നിങ്ങളെ ഓരോരുത്തരേയും വളരെ അധികമായിട്ടു സ്നേഹിക്കുകയും, നിങ്ങൾക്കു് ആവശ്യമുള്ളവയെല്ലാം ഉണ്ടാക്കിത്തരികയും, നിങ്ങൾ കുററം ചെയ്യുമ്പോൾ നിങ്ങളെ നന്നാക്കുന്നതിനുവേണ്ടി, ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന നിങ്ങളോടുള്ള സ്നേഹം പ്രത്യക്ഷമാക്കാതെ, ഗൗരവം നടിച്ചു് നിങ്ങളെ കർശനമായി ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന ഒരു വത്സലപിതാവു് നിങ്ങൾക്കു് ഓരോരുത്തർക്കും ഉണ്ടല്ലോ. അദ്ദേഹത്തോടു നിങ്ങൾ എങ്ങനെയാണു വർത്തിക്കുന്നതു് എന്നു് ഓർത്തുനോക്കുക. ആദ്യമായി നിങ്ങൾ അദ്ദേഹത്തെ "അപ്പാ," അല്ലെങ്കിൽ "പപ്പാ" അല്ലെങ്കിൽ "അപ്പച്ചാ," അല്ലെങ്കിൽ "ഇച്ചാച്ചാ" എന്നു വിളിക്കുന്നു. പ്രസ്തുതവാക്കിൻെറ അർത്ഥം ഓർത്തിട്ടല്ല അതു നിങ്ങൾ ഉപയോഗിക്കുന്നതെങ്കിലും നിങ്ങളെ വളരെയധികം സ്പർശിക്കുന്ന ഏതോ കാര്യങ്ങൾ അതിൽ ഉണ്ടെന്ന നിലയിലാണു് അതു നിങ്ങൾ ഉപയോഗിക്കുന്നതു്. എന്തുകൊണ്ടെന്നാൽ "അപ്പാ" എന്ന വാക്കു നിങ്ങളുടെ അധരങ്ങളിൽനിന്നും പുറപ്പെടുന്ന അവസരങ്ങളിലെല്ലാം അദ്ദേഹത്തോടുള്ള സ്നേഹംകൊണ്ടു് നിങ്ങളുടെ ഹൃദയം നിറയുന്നു. ബഹുമാനംനിമിത്തം വളരെ വിനയപൂർവ്വമാണു് ആ നാമം നിങ്ങൾ ഉച്ചരിക്കുന്നതു്. "അദ്ദേഹത്തിൻെറ ആജ്ഞകളെല്ലാം ഞാൻ നിർവ്വഹിക്കേണ്ടതാണു്" എന്ന വിചാരം, നിങ്ങളുടെ ഓരോരുത്തരുടേയും ബോധത്തിൽ വരുന്നു. സ്നേഹത്തോടുകൂടിയ ഒരു ഭയം നിങ്ങളിൽ ഉളവാകുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ കല്പനകളെല്ലാം ശരിയായി അനുസരിക്കുന്നതിനു് നിങ്ങൾ ഒരുക്കവുമാണു്. ഇതിൻെറയെല്ലാം കാരണമെന്താണെന്നു് നിങ്ങൾക്കറിയാമോ? നിങ്ങളുടെ ചെറുപ്പംമുതൽ അദ്ദേഹത്തെ നിങ്ങൾ കണ്ടിട്ടുണ്ടു്. നിങ്ങൾക്കുള്ളതെല്ലാം ലഭിച്ചതു് അദ്ദേഹത്തിൽനിന്നാണെന്നു് നിങ്ങൾക്കറിയാം. ഇനിയും ആവശ്യമുള്ളവയെല്ലാം യഥാസമയം കിട്ടുന്നതും അദ്ദേഹത്തിൽ നിന്നാണെന്നു് നിങ്ങൾക്കു ബോദ്ധ്യവുമാണു്. ഇതിൻെറയെല്ലാം ഫലമായി നിങ്ങളുടെ അസ്തിത്വത്തിനും ഇപ്പോഴത്തെ നിങ്ങളുടെ സുസ്ഥിതിക്കും കാരണഭൂതനായ വ്യക്തിയാണു് നിങ്ങളുടെ പിതാവു് എന്ന ബോധം നിങ്ങളറിയാതെതന്നെ നിങ്ങളിൽ അങ്കുരിക്കുന്നു. ഇതുകൊണ്ടാണു് "അപ്പാ" എന്ന നാമം നിങ്ങളുടെ വായിൽനിന്നും പുറപ്പെടുന്ന ഓരോ അവസരങ്ങളിലും പ്രസ്തുതവികാരങ്ങൾ നിങ്ങളിൽ ഉണ്ടാകുന്നതു്.

മാത്രമല്ല "അപ്പാ" എന്നു് നിങ്ങളുടെ പിതാവിനെ വിളിക്കുമ്പോൾ നിങ്ങൾക്കൊരു തൃപ്തിയുണ്ടു്. അതുപോലെതന്നെ നിങ്ങളിൽനിന്നും ആ നാമം കേൾക്കുമ്പോൾ അപ്പനും ഒരു സന്തോഷവും സംതൃപ്തിയുമുണ്ടാകുന്നു. അപ്പനോടുള്ള നിങ്ങളുടെ ആശ്രയത്വം ഏററനുസരിച്ചുകൊണ്ടു് നിങ്ങളുടെ കടമ നിർവ്വഹിക്കുന്നു എന്ന വിചാരംകൊണ്ടു് നിങ്ങൾ തൃപ്തരാകുന്നു. അപ്പനു് നിങ്ങളുടെമേലുള്ള കർത്തൃത്വം നിങ്ങൾ ഏററനുസരിക്കുന്നു എന്നു് അദ്ദേഹം അറിയുന്നതുകൊണ്ടാണു് അദ്ദേഹത്തിനു സന്തോഷവും സംതൃപ്തിയുമുണ്ടാകുന്നതു്.

നിങ്ങളും നിങ്ങളുടെ അപ്പനും തമ്മിലുള്ള ബന്ധം നിങ്ങൾക്കു ബോദ്ധ്യമുള്ളതുകൊണ്ടു്, "അപ്പാ" എന്നു വിളിച്ചു് അദ്ദേഹത്തോടുള്ള സ്നേഹബഹുമാനങ്ങൾ പ്രദർശിപ്പിക്കുന്നതിനു പുറമെ, മററു ചില കാര്യങ്ങളുംകൂടി നിങ്ങൾ ചെയ്യുന്നുണ്ടു്. നിങ്ങൾ ഏതെങ്കിലും പ്രകാരത്തിൽ അദ്ദേഹത്തിനു് ഇഷ്ടക്കേടു വരുത്തുകയാണെങ്കിൽ ഉടൻതന്നെ അതിനു് നിങ്ങൾ മാപ്പപേക്ഷിക്കുന്നു. നിങ്ങളുടെ തെററായ പ്രവൃത്തികൾമാത്രമല്ല നിങ്ങളുടെ സഹോദരങ്ങൾ അപ്പനു് അനിഷ്ടം ഉളവാക്കുകയും അതിനു് അവർ പരിഹാരംചെയ്യുന്നില്ല എന്നു കാണുകയും ചെയ്യുമ്പോൾ അവർ ചെയ്യുന്ന തെററുകൾക്കും പരിഹാരം ചെയ്തുകൊണ്ടു് അപ്പനെ സമാശ്വസിപ്പിക്കുന്നതിനു് നിങ്ങൾ ശ്രമിക്കുന്നു. മാത്രമല്ല നിങ്ങൾക്കാവശ്യമുള്ള എല്ലാകാര്യങ്ങളും സ്നേഹത്തോടും, തീർച്ചയായും അവ ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുംകൂടി അദ്ദേഹത്തോടു നിങ്ങൾ ചോദിക്കുന്നു.

ഇവയെല്ലാം വാസ്തവമല്ലേ? ഇങ്ങനെയല്ലയോ നല്ല മക്കൾ അവരുടെ പിതാവിനോടു ചെയ്യുന്നതു്. ഈ വിധത്തിൽതന്നെ ദൈവത്തിൻെറ മക്കളായ മനുഷ്യർ സ്വർഗ്ഗത്തിലുള്ള തങ്ങളുടെ പിതാവിനോടു വർത്തിക്കുന്നതിനാണു് പ്രാർത്ഥന എന്നു പറയുന്നതു്. അതു് ഏതുപ്രകാരമാണെന്നു് അടുത്ത ലക്കത്തിൽ വല്യച്ചൻ വിശദമാക്കാം.

## കത്തിനു മറുപടി

ചെറുവള്ളി

"ഏ. ബ: വല്യച്ചാ, സത്യദീപം 123-ൽ 36-മേതു ലക്കംമുതൽ ഇന്നുവരെയും ഞങ്ങളുടെ വീട്ടിൽ തുടർച്ചയായി വരുത്തിക്കൊണ്ടിരിക്കുകയാണു്. സത്യദീപത്തിൽ ബാലരംഗം, പ്രഭാഷണം ഇവയാണു് ഞങ്ങൾ ആദ്യമായും മുഴുവനായും വായിക്കുന്നതു്. അതിൽ ഞങ്ങൾ സന്തോഷിക്കുകയും ചിലപ്പോൾ സങ്കടപ്പെടുകയും ചെയ്തിട്ടുണ്ടു്. ബാലരംഗത്തിൽ ഞങ്ങൾക്കും ചേരാൻ സാധിച്ചില്ലല്ലോ എന്നുള്ളതായിരുന്നു സങ്കടകാരണം. എന്നാൽ ഫാത്തിമാബാലസമിതിയിൽ കുട്ടികളെ ചേർക്കുന്നു എന്നു് അറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. ഈ കത്തു കിട്ടിയാൽ ഞങ്ങളെ നാലുപേരെയും ഫാത്തിമാബാലസമിതിയിൽ ചേർപ്പാൻ അപേക്ഷിച്ചുകൊള്ളുന്നു......

ഒരു കാര്യംകൂടി അറിയിച്ചുകൊള്ളുന്നു. ഞങ്ങളുടെ പള്ളി അമലോത്ഭവമാതാവിൻെറ നാമത്തിൽ പണികഴിച്ചിട്ടുള്ളതാണു്. അതിനുപുറമെ ഫാത്തിമാമാതാവിൻെറ പ്രതിമ ഞങ്ങളുടെ പള്ളിയുടെ മുൻവശത്തുള്ള കുരിശിനടുത്തു് സ്ഥാപിച്ചിട്ടുണ്ടു്. ഞങ്ങളുടെ ഇടവകയിൽനിന്നും ആരുംതന്നെ ഫാത്തിമാ ബാലസമിതിയിൽ ചേർന്നിട്ടില്ല എന്നാണു തോന്നുന്നതു."

പ്രിയ കുഞ്ഞുമക്കളേ, നിങ്ങളെ നാലുപേരേയും സമിതിയിൽ ചേർത്തിട്ടുണ്ടു്. പി. ഏ. മത്തായിയുടെ നമ്പർ 1197; ജോണിൻെറതു് 1198; മറിയക്കുട്ടിയുടേതു് 952; റോസക്കുട്ടിയുടേതു് 953. എല്ലാവരും നിങ്ങളുടെ ഇടവകയുടെ പ്രത്യേകമദ്ധ്യസ്ഥയും സംരക്ഷകയുമായ മാതാവിൻെറ അഭിഷ്ടമനുസരിച്ചു ജീവിക്കുക. പ്രത്യേകിച്ചു ദിവസംതോറും ഭക്തിപൂർവ്വം ജപമാല ചൊല്ലുക. എല്ലാവർക്കും വല്യച്ചൻെറ ആശീർവ്വാദം.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

താഴെ പറയുന്ന വാക്കുകളുടെ അർത്ഥം വിശദമാക്കുക:-

1) കൊൺക്ലേവു് 2) കൊൺകോർഡാറ്റു് 3) കൺസിസ്റ്ററി.

ഉത്തരങ്ങൾ

1 പുതിയ മാർപ്പാപ്പായെ തിരഞ്ഞെടുക്കുന്ന അവസരങ്ങളിൽ കർദ്ദിനാളന്മാർ ബാഹ്യസമ്പർക്കമില്ലാതെ രഹസ്യമായിരുന്നു വോട്ടുചെയ്യുന്നതിനെ ഉദ്ദേശിച്ചാണു് "കൊൺക്ലേവു്" എന്നു പറയുന്നതു്.

2. പരിശുദ്ധ സിംഹാസനവും രാഷ്ട്രീയഗവൺമെൻറുകളുംതമ്മിൽ നടത്തുന്ന ഉടമ്പടിയെ കൊൺകോർഡാറ്റു് എന്നു വിളിക്കുന്നു.

3. മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിലുള്ള കർദ്ദിനാളന്മാരുടെ യോഗം.

## ഏജൻറുമാരുടെ ശ്രദ്ധയ്ക്കു്

ഞങ്ങളുടെ ചില ഏജൻറുമാർ പത്രവില സമയത്തു അടച്ചു പത്രം വാങ്ങിക്കാത്തതുകൊണ്ടും ചിലർ പിന്നീടു സംഖ്യ അടയ്ക്കുമെങ്കിലും മുടങ്ങിയ പത്രം വേണ്ടായെന്നു പറയുന്നതുകൊണ്ടും ഞങ്ങൾക്കു വലിയ നഷ്ടത്തിനിടയായിത്തീരുന്നു. അതിനാൽ പത്രം പ്രസിദ്ധപ്പെടുത്തുന്നതിനു ഒരാഴ്ച മുമ്പായിട്ടെങ്കിലും പത്രവില മുൻകൂർ അടയ്ക്കാത്ത ഏജൻറുമാർക്കുള്ള പത്രം മേലാൽ അടിക്കുന്നതല്ലെന്നു എല്ലാ ഏജൻറുമാരുടെയും അറിവിനായി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

മാനേജർ

## വി. അസീസിയുടെ മരണശാസനം

(12-ാംപേജു് തുടർച്ച)

ക്രിസ്തീയ ജീവിതപരിപാടിയിലെ വിവേകവും ചിന്താപ്രാഭവവും ഇതിലുണ്ടു്. കഷ്ടതകളനുഭവിക്കുന്നവരുടെ ദൈഹിക പ്രവർത്തനത്തിൻെറ മാഹാത്മ്യം നമ്മുടെ വിശുദ്ധൻ നമ്മെ പഠിപ്പിച്ചിട്ടുണ്ടു്. രോഗികളെ ശുശ്രൂഷിക്കുകയും അവരോടുകൂടി വസിക്കുകയും ചെയ്യുക എന്നുള്ളതു് പുണ്യവാനു വലിയ ഇഷ്ടമായിരുന്നു. കലഹപ്രിയരായവരോടും വിശുദ്ധൻ തൻെറ സമാധാനസന്ദേശം പ്രസംഗിച്ചു. ദ്രവ്യാർജ്ജനത്തിനുവേണ്ടി വെമ്പൽകൊള്ളുന്നവരെയും വിശുദ്ധൻ അതിൻെറ നഗ്നരൂപം കാണിച്ചു പഠിപ്പിച്ചു. സംഗീതത്തോടും മനുഷ്യർക്കുള്ള സ്നേഹംപോലും ദൈവികമായ ഒരു വഴിക്കു് വിശുദ്ധൻ തിരിച്ചുവിട്ടു. വിശുദ്ധൻെറ "സൂര്യഗീതം" യൂറോപ്യൻസാഹിത്യചരിത്രത്തിലെ ഒരു പരിവർത്തനനാന്ദിയായ കലാസൃഷ്ടിയാണു്. അസീസിയുടെ ജീവിതത്തിനും സ്മരണക്കും ചുററുമായി ഒരു പ്രത്യേകചിത്രകല തന്നെ വളർന്നുവന്നു. കാലാന്തരത്തിൽ ഈ കലാസമ്പ്രദായം "റിനൈസൻസായി"ത്തീരുകയും ചെയ്തു. ഇതാണു് ലോകചരിത്രത്തിൽ മൂന്നാംസഭയുടെ ദൗത്യം; മനുഷ്യരെ കൂടുതൽ സന്തുഷ്ടരും കൂടുതൽ പുണ്യപൂർണ്ണരുമാക്കുക.

നമ്മുടെ പരമാന്ത്യം ഇതാണു്. നാം വിശുദ്ധൻെറ നാമം സ്വീകരിച്ചിരിക്കുന്നു. നാം അവിടുത്തെ സന്താനങ്ങളായിത്തീർന്നിരിക്കുന്നു. നമ്മുടെ ഈ നൂററാണ്ടിനു് ഫ്രാൻസിസിൻെറ സന്ദേശവും ചൈതന്യവും ഏററവും കൂടുതൽ ആവശ്യമുണ്ടു്. ഇല്ലാത്തവർ ഉള്ളവർക്കെതിരായി വീണ്ടും സമരം പ്രഖ്യാപിച്ചിരിക്കുന്നു. ധനത്തിനും അധികാരത്തിനുംവേണ്ടിയുള്ള വിരണ്ടോട്ടം വീണ്ടും ഇതാ വ്യക്തിയെ വ്യക്തിക്കെതിരായും വർഗ്ഗത്തെ വർഗ്ഗത്തിനെതിരായും രാഷ്ട്രത്തെ രാഷ്ട്രത്തിനെതിരായും അണിനിരത്തിക്കഴിഞ്ഞു. ക്രിസ്തുവിൻെറ സന്ദേശത്തിനു കടകവിരുദ്ധമാണു് കമ്മ്യൂണിസം. നമ്മുടെ ഇന്നത്തെ കുഴപ്പത്തിനും അസമാധാനത്തിനും ഏകപ്രതിവിധി ഫ്രാൻസിസ്സൻ ചൈതന്യം ഒന്നുമാത്രമാണു്. ഈ ചൈതന്യത്തിനുമാത്രമേ അണുബോംബും ഹൈഡ്രജൻബോംബും നിർമ്മിക്കുന്ന ഇന്നത്തെ ലോകത്തെ സമാധാനത്തിൻെറ വഴികളിലേക്കു് തിരിച്ചുവിടാൻ സാധിക്കുകയുള്ളു.

സുധീരമായ ഒരു വാഗ്ദാനമാണു് നാം മൂന്നാംസഭയിൽ പ്രവേശിക്കുമ്പോൾ നമുക്കു ലഭിക്കുന്നതു്. നാം ഇതിൻെറ നിയമങ്ങൾ അനുസരിക്കുന്നപക്ഷം നിത്യപറുദീസായാണു് നമുക്കു് പറഞ്ഞൊത്തിരിക്കുന്നതു്. ഇതു കേവലം ഔപചാരികമായ ഒരു വാഗ്ദാനമല്ല. പുണ്യാഭ്യാസത്തിൻെറ ഈ കലാലയത്തിൽനിന്നു് നാം വിജയം വരിച്ചാൽ നാം പുണ്യവാന്മാരുടെ നഗരവും ദൈവഭവനവുമായ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹരാകുമെന്നുള്ളതിനു സംശയമില്ല. മാത്രമല്ല നമുക്കു ജീവിക്കുന്നതിനു് ഈ ലോകം കുറെക്കൂടെ ചൈതന്യനിർഭരമായി ഭവിക്കയും ചെയ്യും.

# Sathya Deepam

Vol. 23 Ernakulam May 24 1956 No 37


## വി. അസീസിയുടെ മരണശാസനം

(1-ാം പേജ് തുടർച്ച)

ഈ വിശുദ്ധനെ സംബന്ധിച്ചിടത്തോളം അലംഘനീയകല്പനകളായിമാറുന്നു. അത്ര തീക്ഷ്ണമായ ഒരു ദർശനവും സ്നേഹവുമാണ് അവക്കുള്ളത്. വിശുദ്ധ ഫ്രാൻസീസിൽ ഈ ദർശനവും ദൈവസ്നേഹവും വിസ്മയാവഹമായിരുന്നു.

വിനയത്തെപ്പററിയും ശാന്തശീലതെപ്പററിയും ക്ഷമയെപ്പററിയും സർവ്വോപരി ദാരിദ്ര്യത്തെപ്പററിയുമുള്ള നമ്മുടെ ദിവ്യരക്ഷകന്റെ വാക്കുകളെ അവയുടെ അക്ഷരാർത്ഥത്തിൽ അനുസരിക്കാൻ വി. ഫ്രാൻസീസ് തയ്യാറായി. ദൈവം ചെവികൊടുക്കുകയില്ലാത്തവർക്കുപോലും ഈ വിശുദ്ധൻ ചെവികൊടുത്തുവന്നിരുന്നുവെന്ന് അതിശയോക്തിപരമായിട്ടാണെങ്കിലും മനുഷ്യർ പറഞ്ഞുപോന്നു. "നിന്റെ മേലങ്കി മോഷ്ടിച്ചവനു നിന്റെ കോട്ടുകൂടി ദാനംകൊടുക്കുക" എന്നുള്ള ക്രിസ്തുവിന്റെ ഉപദേശത്തെ അനുസ്മരിപ്പിക്കുന്നതാണ് കള്ളന്മാരുടെ പുറകെയുള്ള ഫ്രാൻസീസിന്റെ പോക്ക്. അസീസിയുടെ ഹൃദയം അതിവിശാലമായിരുന്നു. പക്ഷികളും പുഷ്പങ്ങളും ആട്ടുകളും ചെന്നായ്ക്കളും സൂര്യനും അഗ്നിയും എല്ലാം ആ വിശാലസുന്ദരമായ ഹൃദയത്തിൽ സ്ഥാനം കണ്ടെത്തി. വി. ഫ്രാൻസീസിന്റെ ജീവിതത്തിന്റെ മൂലകല്ല് സന്യാസം അഥവാ വൈരാഗ്യമായിരുന്നു; സർവ്വോപരി, സ്നേഹമായിരുന്നു. ഈ ലോകത്തെ വി. ഫ്രാൻസീസ് വളരെ സ്നേഹിച്ചു. പക്ഷെ അദ്ദേഹം ക്രിസ്തുവിനെ അതിലേറെ സ്നേഹിച്ചു. അതേ! ക്രിസ്തുവിലും ക്രിസ്തുവഴിയായും ഫ്രാൻസീസ് ലോകത്തെ സ്നേഹിച്ചു; ദൈവത്തിനു മനുഷ്യന്റെ നേരെയുള്ള അതിരററ സ്നേഹത്തിന്റെ ഒരു പ്രതിഫലനമെന്നപോലെ.

ഏതൊരാളെ വിശുദ്ധനും എല്ലാകാലത്തേക്കുമുള്ള ആൾതന്നെ. എന്നാൽ താൻ ജീവിച്ചിരിക്കുന്ന കാലത്തിന്റെ ഒരു യഥാർത്ഥ തനയനുമായിരിക്കും അദ്ദേഹം. വി. ഇഗ്നേഷ്യസിന്റെ ചിന്തയിലും മനസ്സിലും വിരചിതങ്ങൾ സ്ഥാനംപിടിച്ചിരുന്നെങ്കിൽ വി. അസീസിയുടെ മനസ്സിൽ അക്കാലത്തെ ധനപശ്ചാത്തലങ്ങളുടേയും ധനമേധിതാക്കളുടേയും ചിന്ത മാറാതെ നിന്നു. ദൈവത്തിന്റെ ഗായകൻ എന്നു ഫ്രാൻസീസ് സ്വയം വിളിച്ചിട്ടുണ്ട്. വി. ഇഗ്നേഷ്യസ് ഈശോസഭ സ്ഥാപിച്ചു. വിരചിതമായ കൃത്യങ്ങൾ ചെയ്യണമെന്നുള്ളതായിരുന്നു ലക്ഷ്യം. നേരെമറിച്ച് ഇന്നസ്സൻറ് തൃതീയന്റെ ഭരണം സകല പ്രതാപത്തോടുംകൂടി പുരോഗമിച്ചുകൊണ്ടിരുന്ന ആ കാലത്ത് വി. ഫ്രാൻസീസ് സ്ഥാപിച്ചത് എളിയ സഹോദരങ്ങളുടെ ഒരു സംഘമായിരുന്നു. പരിശുദ്ധമായ ആരാൾപ്രേമത്തെപ്പററി (പ്ലാറേറാണിക്കർ)യുള്ള സംസാരം നാം കേൾക്കാറുണ്ടല്ലോ. എന്നാൽ തിരുസഭയാണ് മനുഷ്യന്റെ വിഷയാസക്തിയെ പവിത്രീകരിച്ച് ക്രിസ്തീയദമ്പതികളുടെ സ്നേഹബഹുമാനസമ്മിളിതമായ പാവനപ്രേമമായി മാററിയത്. ഒരുതരത്തിൽ ആലോചിച്ചാൽ പരിഹാസ്യമായ ലേഡിലവിന്റെ സ്ഥാനത്ത് ദാരിദ്ര്യകന്യക (ലേഡിപോവർട്ടി)യെ പ്രതിഷ്ഠിച്ചത് ഫ്രാൻസീസ് ആയിരുന്നു. അസീസിയുടെ ഈ ദാരിദ്ര്യപ്രേമം മാംസത്തിന്റെയും അശ്രുവിന്റെയും മദ്ധ്യേ ചക്രവാളത്തിൽ ഉദിച്ചുയർന്ന ഒരു മഴവില്ലുപോലെയത്രെ ലോകം കണ്ടത്. അത് എത്ര പാവനമാണോ അത്രയും യഥാർത്ഥവും ആയിരുന്നു. അങ്ങനെ ഈ ദരിദ്രനായികയിൽക്കൂടി തന്റെ മക്കളിൽ ഏററവും പ്രശസ്തനായ മഹാകവി ഡാൻറിക്ക് വി. ബിയാട്രസ്സിന്റെ ഒരു മാതൃക വി. ഫ്രാൻസീസ് നൽകിയെന്നു പറയാം. ദാരിദ്ര്യനായികയോടുള്ള അസീസിയുടെ ഈ പ്രേമം ലോകത്തിനു നമ്മുടെ പിതാവിന്റെ ഏററവും മികച്ച സംഭാവനയാണ്. ലോകം ഈ വസ്തുത ഇന്നും വിസ്മരിച്ചിട്ടില്ല. നമ്മുടെ കാലത്തെന്നപോലെ വി. ഫ്രാൻസീസിന്റെ കാലത്തും ഒരു വർഗ്ഗസമരം മൂർദ്ധന്യാവസ്ഥയിൽ എത്തിയിരുന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിൽ, പ്രഭുക്കളും പാവങ്ങളും തമ്മിൽ, നടന്നിരുന്ന ഈ വർഗ്ഗസമരത്തിന്റെ മാറെറാലികൾ ഇററാലിയൻ അന്തരീക്ഷത്തെ മുഖരിതമാക്കിയിരുന്നെങ്കിലും ഇററാലിയൻ നഗരങ്ങൾ തമ്മിലും പരസ്പരം കലഹിച്ചുവന്ന കാലമായിരുന്നു അത്. വി. ഫ്രാൻസീസ് മുതലാളിവർഗ്ഗത്തിന് ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ബൂർഷ്വാവർഗ്ഗത്തിൽപ്പെട്ട ആളായിരുന്നല്ലോ. നഗരങ്ങൾ തമ്മിലുള്ള ഈ ആഭ്യന്തരസമരത്തിൽ വി. ഫ്രാൻസീസും ആദ്യകാലത്ത് സജീവമായി പങ്കെടുത്തു. തൽഫലമായി അദ്ദേഹം തടവുകാരനായി പിടിക്കപ്പെട്ടു. ദാരിദ്ര്യവനിതയുമായുള്ള തന്റെ വിവാഹനിശ്ചയമായിരുന്നു അന്നത്തെ വർഗ്ഗസമരത്തിനുള്ള ഫ്രാൻസീസിന്റെ മറുപടി. "സമാധാനം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ" എന്നുള്ള ഫ്രാൻസീസിന്റെ അഭിവാദനരീതി അവസാനമില്ലാത്തതും അന്തസ്സാരശൂന്യവുമായ അന്നത്തെ വർഗ്ഗീയവഴക്കുകൾക്കുള്ള തിരിച്ചടിയുമായിരുന്നു. അന്നത്തെ വർഗ്ഗസമരം നമ്മുടെ ഈ നൂററാണ്ടുകളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ അതിന്റെ വ്യാപ്തി കേവലം നിസ്സാരമായിരുന്നു. എങ്കിലും അത് അതിരൂക്ഷമായിരുന്നുവെന്നുള്ളതിനു സംശയമില്ല. അന്നത്തെ ഈ സമരത്തിന്റെ മാറെറാലികൾ മഹാകവി ഡാൻറിയുടെ ഭുവനപ്രസിദ്ധമായ "ഡിവൈൻ കോമഡി" വഴി ഇന്നും ലോകം ശ്രവിക്കുന്നുണ്ട്.

വി. ഡോമിനിക് വേദപാരംഗതനായ വി. തോമസ് അക്വിനാസിനെ ലോകത്തിനു നൽകിയെങ്കിൽ സെറാഫിക് മാലാഖയ്ക്കൊത്ത വി. ബനവന്തൂറായേയും, മൂന്നാംസഭയേയും സർവ്വോപരി ഫ്രാൻസീസ്സൻ ചൈതന്യവുമാണ് അസീസി പുണ്യവാൻ ലോകത്തിനു നൽകിയ സംഭാവനകൾ. പരിപൂർണ്ണത പ്രാപിക്കുന്നതിനുള്ള ക്രിസ്തീയാത്മാവിന്റെ വ്യഗ്രതയിൽ അതിനെ ഉത്തേജിപ്പിക്കുകയും വഴികാണിക്കുകയും ചെയ്യുന്ന മഹാദീപസ്തംഭമായി—നൂററാണ്ട് കഴിഞ്ഞാൽ—അസീസി എക്കാലത്തും വിരാജിക്കുമെന്നുള്ളതിനു സംശയമില്ല. കുരിശിൽ കിടന്നുകൊണ്ട് ദിവ്യരക്ഷകൻ നമ്മുടെ പിതാവായ ഫ്രാൻസീസിനെ ചുംബിച്ചതിനുശേഷം ക്രൈസ്തവസഭ പഴയ ക്രൈസ്തവസഭയല്ലെന്നു പറയപ്പെടുന്നു. ഞങ്ങളുടെ പിതാവേ എന്നു വിളിക്കാൻ നമുക്കു ഭാഗ്യം സിദ്ധിച്ചിരിക്കുന്ന ആ സെറാഫിക് പിതാവ് അപ്രകാരമുള്ള അസാധാരണവ്യക്തിയാണ്. അതുകൊണ്ട് നമ്മുടെ പിതാവായ ഫ്രാൻസീസിന്റെ ശരീരവും ജീവിതവും നമ്മുടെ ശരീരവും ജീവനുമായിത്തീരേണ്ടിയിരിക്കുന്നു. ഫ്രാൻസീസ്സൻ മൂന്നാംസഭ നമ്മുടെ പിതാവ് നമുക്കു നൽകിയിട്ടുള്ള അന്ത്യശാസനവും പൈതൃകസ്വത്തുമാണ്. ഈ മാർഗ്ഗത്തിലൂടെ മുന്നോട്ടുപോയാൽ ക്രിസ്തീയ പരിപൂർണ്ണതയിൽ നമുക്ക് എത്തിച്ചേരാം. ഈ മൂന്നാംസഭയിൽ അതിന്റെ സ്ഥാപകനായ മഹാപുരുഷന്റെ മുദ്രയും ഗുണലക്ഷണങ്ങളും കാണാം. ഫ്രാൻസീസിന്റെ വിശാലഹൃദയത്വവും നാഗരികതയും സഹജീവികളോടുള്ള ആഴമേറിയ സഹാനുഭൂതിയും ഈ സഭയിൽ മിന്നിപ്രകാശിക്കുന്നുണ്ട്. ഈ ലോകത്തിൽ ജീവിക്കുകയും എന്നാൽ ഈ ലോകത്തിന്റേതു അല്ലാതായിരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്കുവേണ്ടിയാണു മൂന്നാംസഭ. വിവാഹിതരായ സ്ത്രീപുരുഷന്മാർക്ക് ഒരു സന്യാസസഭയുടെ വസ്ത്രവും നിയമങ്ങളും നൽകി ഒരു സംഘടന സൃഷ്ടിക്കുക എന്നുള്ളതു തികച്ചും ഒരു പുതിയ ആശയമായിരുന്നു. മൈനർ ഫ്രയേഴ്സ് എന്ന ഫ്രാൻസീസ്സൻ വൈദികസ്ഥാനം പോലെതന്നെ ധീരോചിതമായ ഒരു വ്യതിയാനമാണ് ഈ സഭാസ്ഥാപനത്തിലും ഫ്രാൻസീസ് സ്വീകരിച്ചത്. കർത്തൂസ്യൻ സന്യാസവൈദികരെപ്പോലെ സന്യാസമന്ദിരത്തിനുള്ളിൽ ആയുരന്തം കഴിച്ചുകൂട്ടുകയല്ല ഫ്രാൻസീസ്സൻ വൈദികർ. അവരുടെ സേവനം എവിടെയെല്ലാം ആവശ്യമുണ്ടോ അവിടെയെല്ലാം കാററുപോലെ സ്വാതന്ത്ര്യമായി അവർ ഓടിനടന്നു തിരഞ്ഞു രക്ഷനൽകുന്നു.

മൂന്നാംസഭയിലാകട്ടെ വി. ഫ്രാൻസീസിന്റെ ചൈതന്യം ഒന്നുകൂടി വ്യക്തമായി പതിഞ്ഞിട്ടുണ്ട്. മൂന്നാംസഭവഴി ഫ്രാൻസീസ്സൻ ചൈതന്യം ക്രിസ്തീയ ഭവനങ്ങളിലേക്കാണ് കടന്നുചെന്നത്. കൊച്ചുകുട്ടികളെപ്പോലും മൂന്നാംസഭയുടെ ചരട് കൊടുത്തു സ്വീകരിക്കുന്നു. പ്രായപൂർത്തിയായവർ ഒരു യഥാർത്ഥസന്യാസസഭയിലെ അംഗങ്ങളായി ആയിരിക്കുകയും ചെയ്യുന്നു. ഈ വസ്തുത നമ്മുടെ ജീവിതാന്തസ്സിന്റെ മാഹാത്മ്യം എത്രവലുതെന്നു നമ്മെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ ലോകത്തിൽ, എന്നാൽ ഈ ലോകത്തിനുവേണ്ടിയല്ലാതെ ജീവിക്കുക—വിവാഹം കഴിക്കുകയും വിവാഹജീവിതം നയിക്കുകയും ചെയ്യുമ്പോൾത്തന്നെ നമ്മുടെ ജീവിതാന്തസ്സിന്റെയും ചുമതലകളുടേയും സ്ഥിതിക്കനുസരിച്ച് പ്രായശ്ചിത്തത്തിന്റേയും അനുതാപത്തിന്റേയും ജീവിതം കഴിക്കുക. ഇതൊരു നിസ്സാരകാര്യമല്ല. നമുക്കൊരു സഭാവസ്ത്രമുണ്ട്—നാം നിത്യം ജപിക്കേണ്ട ഒരു ദിവ്യഒപ്പീസും ഉണ്ട്. മിക്കപ്പോഴും നാം ഒരുമിച്ചു കൂടുകയും കൂട്ടായ്മയുടെ ബോധം നിലനിൽക്കുകയും വേണം. മൂന്നാംസഭക്കാർക്ക് ഒരു കാനോനികതലവനുണ്ട്. ആ തലവനു സന്ദർശനാധികാരമുള്ളതുപോലെ അദ്ദേഹത്തിനു പൂർണ്ണമായി കീഴ്വഴങ്ങാനുള്ള കടമ അംഗങ്ങൾക്കുണ്ട്.

മൂന്നാംസഭ ലോകചരിത്രത്തിൽ ഒരു വലിയ ഭാഗം അഭിനയിച്ചിട്ടുണ്ട്. മൂന്നാംസഭവഴി അന്നു സമുദായമദ്ധ്യേ നിലവിലിരുന്ന ദുഷ്യങ്ങളേയും കലാപകാരണങ്ങളേയും വി. ഫ്രാൻസീസ് ദൂരീകരിച്ചു. അന്നത്തെ ഫ്യൂഡൽ സമ്പ്രദായം അനുസരിച്ച് [illegible] ചെയ്യേണ്ടിയിരുന്ന അവരുടെ സ്ഥാനത്തിനടുത്ത ചില ചുമതലകളിൽനിന്നും അവരെ നിവർത്തിപ്പിടിച്ചുകൊണ്ടാണ് ആ വിശുദ്ധൻ ഇതു സാധിച്ചത്.

ഈ മൂന്നാംസഭക്കാരുടെ നല്ല മാതൃക അവരുടെ ചുററുമുള്ള ജനസമുദായങ്ങളെ ഒരു വലിയ പരിവർത്തനത്തിനു വിധേയമാക്കി. യുദ്ധോപകരണങ്ങളും ആയുധങ്ങളും ഉപയോഗിക്കാൻ മൂന്നാംസഭക്കാർ വിസമ്മതിച്ചു. തങ്ങളുടെ ഫ്യൂഡൽ മേലധികാരികളുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്ന പതിവും മൂന്നാംസഭ ഉപേക്ഷിച്ചു. അങ്ങനെ മദ്ധ്യശതകങ്ങളിലെ കലാപങ്ങളുടെ മൂലകാരണമായിരുന്ന ഫ്യൂഡൽ സമ്പ്രദായത്തിന്റെ നാശത്തിനു മൂന്നാംസഭ ഏററവുമധികം സഹായിച്ചിട്ട് അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും വസ്ത്രം ധരിച്ചുകൊണ്ടുള്ള അനേകായിരം സാധാരണക്കാരായ സ്ത്രീപുരുഷന്മാരുടെ ജീവിതം സഭയേയും രാഷ്ട്രത്തെയും ഭരിച്ചിരുന്ന അധികാരികൾക്കു നല്ല ഒരു മാതൃക കാണിച്ചുകൊടുത്തു. വിശുദ്ധന്റെ ഒന്നും രണ്ടും സഭകളിൽ ആയിരക്കണക്കിനു ആളുകൾ ചേർന്നപ്പോൾ പതിനായിരക്കണക്കിനാണ് മൂന്നാംസഭയിൽ ചേരുന്നതിനു എല്ലാത്തരക്കാരും കാടിയടുത്തത്. ആദിമകാലമൂന്നാംസഭകളിലെ അംഗങ്ങളുടെ പേരുകൾ നമ്മിൽ അത്ഭുതം ഉളവാക്കാതിരിക്കുകയില്ല. യൂറോപ്യൻ മഹാകവിസാർവ്വഭൗമനായ ഡാൻറിയുടെ പേരും ഫ്രഞ്ചുരാജാവായ ലൂയിയുടെയും ഹംഗറിയിലെ എലിസബത്തു രാജ്ഞിയുടെയും പേരുകളും അക്കൂട്ടത്തിൽ കാണുന്നു. വിശുദ്ധന്റേയും അനന്തരഗാമികളുടേയും പ്രവൃത്തികൾ ക്രിസ്തീയലോകം മുഴുവനും അത്ഭുതാതിശയങ്ങളോടെ നോക്കിനിന്നു. ഗൈൽസ്, ഷിയോബെർണ്ണാർഡ് എന്നീ സഹോദരന്മാരുടെ എളിമയും ആർജ്ജവത്വവും അന്നത്തെ പരിഷ്കൃതലോകത്തെ ഹഠാദാകർഷിച്ചു. വി. ഇഗ്നേഷ്യസ് ലയോള ഒരു മൂന്നാംസഭാംഗമായിരുന്നു. വി. വിൻസെൻറു ഡി പോൾ, ഫ്രെഡറിക് ഓസ്സാനാം മുതലായവർ മൂന്നാംസഭയുടേയും അംഗങ്ങളായിരുന്നു. ഇന്നു മൂന്നാംസഭ കത്തോലിക്കാസഭപോലെ സാർവ്വത്രികമായിട്ടുണ്ട്. ഇതിന്റെ ഈ വമ്പിച്ച പ്രചരണത്തിനു കാരണം അതിന്റെ പ്രചോദനം ജീവിതത്തിന്റെ എല്ലാവശങ്ങളേയും സ്പർശിക്കുന്നുവെന്നുള്ളതാണ്. ക്രിസ്തീയജീവിതം മുഴുവനും അതിന്റെ വ്യാപ്തിയിൽപ്പെടും. അത് പുണ്യപൂർണ്ണതയുള്ള ഒരു സ്കൂളാണ്. ഒരു യഥാർത്ഥ വിദ്യാലയമായതുകൊണ്ട് അത് എല്ലാവർക്കും പ്രയോജനപ്പെടുന്നു. തൊഴിലാളിക്കും മുതലാളിക്കും, പാപിക്കും പുണ്യവാനും ഇതു ഗുണപ്രദമാണ്. ഒരു ക്രിസ്തീയ ആത്മാവിന്റെ ഏററവും തീക്ഷ്ണമായ ആഗ്രഹങ്ങളും പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള ആശയും ഫലപ്രദമാക്കാൻ ഇതിനു സാധിക്കും. ഒരു ക്രിസ്ത്യാനിയെ സന്യാസാശ്രമത്തിന്റെ ചുവരുകൾക്കുള്ളിലേക്ക് ആനയിക്കുന്നതിനുപകരം ക്രിസ്തീയചൈതന്യത്തിലേക്കും മൂന്നാംസഭവഴി ക്രിസ്തീയ ഭവനത്തിലേക്കും ബഹിർലോകത്തിലേക്കും കൊണ്ടുവരുന്നു. ക്രിസ്തീയാത്മാവിന്റെ ത്രിവിധലക്ഷ്യങ്ങളേയും ഇതു സാക്ഷാത്കരിക്കും. ദൈവത്തെ സ്തുതിക്കുക, മനുഷ്യരെ സേവിക്കുക, വ്യക്തിപരമായ പരിപൂർണ്ണത പ്രാപിക്കുക ഇവയാകുന്നു ഇതിന്റെ തത്വം. ഇന്നു ലോകമാസകലം ഇതിൽ 40 ലക്ഷം അംഗങ്ങളുണ്ട്. മദ്ധ്യശതകത്തിലെ പഴഞ്ചൻസഭയല്ല ഇത്. ആധുനികകാലത്തെ ഏററവും വിശ്രുതനായ ഒരു മാർപ്പാപ്പാ ലിയോ പതിമൂന്നാമൻ ഇതിന്റെ നിയമങ്ങൾ നവീകരിക്കുകയും ലോകമാസകലമുള്ള മെത്രാന്മാരേയും വൈദികരേയും ഇതു പ്രചരിപ്പിക്കുന്നതിനു പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കത്തോലിക്കാ പ്രവർത്തനത്തിന്റെ ജനയിതാവ് എന്നറിയപ്പെടുന്ന പിയൂസ് II-ാമൻ തിരുമേനി, കത്തോലിക്കാപ്രവർത്തനത്തിനുള്ള ഉത്തമപരിശീലനക്കളരിയാണിത് എന്നു പ്രസ്താവിച്ചിട്ടുണ്ട്. വി. ഫ്രാൻസീസിനെയാണ് കത്തോലിക്കാപ്രവർത്തനത്തിന്റെ മദ്ധ്യസ്ഥനായി 11 ാം പിയൂസ് തിരഞ്ഞെടുത്തിരിക്കുന്നത്. കത്തോലിക്കാപ്രവർത്തനം എന്നാൽ വൈദികലോകത്തിന്റെ ശ്ലൈഹികപ്രവർത്തനത്തിൽ അൽമായരുടെ സഹകരണമാണല്ലോ. കത്തോലിക്കാപ്രവർത്തനത്തിന്റെ ഉന്നം ലോകത്തുള്ള എല്ലാം സ്ഥാപനങ്ങളിലും ക്രിസ്തീയചൈതന്യത്തിനു പ്രവേശനമരുളുക എന്നുള്ളതാണ്. ഈ പരിപാടി നടപ്പിൽ വരുത്തുന്നതിനു ഉതകുന്നതാണ് മൂന്നാംസഭ. വ്യക്തിപരമായ പുണ്യപൂർണ്ണതയും മൂന്നാംസഭയുടെ ലക്ഷ്യങ്ങളിൽ ചേരുന്നുണ്ട്. സാമൂഹികമായ കത്തോലിക്കാപ്രവർത്തനവും മൂന്നാംസഭക്കുള്ളതുതന്നെ. വിശുദ്ധനിൽ ക്രിസ്തുവിന്റെ പ്രതിരൂപം നാം കാണുന്നതുപോലെതന്നെ ഇതിൽ ആകമാനം ക്രിസ്തീയപരിപാടിയുടെ പ്രതിഫലനവും നാം കാണുന്നു.

(ശേഷം 11-ാം പേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam